# വരവും ചിലവും

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

1

# വരവും ചിലവും

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS PVT. LTD. EDAPPALLY
KOCHI - 682 024

●

*copy right reserved*

●

# അവതാരിക

ഞാൻ ഏറെ സ്നേഹിക്കുകയും അതിലേറെ ബഹുമാനിക്കുകയും ചെയ്യുന്ന എം.വൈ. യോഹന്നാൻ സാറിന്റെ പതിനാറാമത്തെ ഗ്രന്ഥമാണ് 'വരവും ചെലവും'. സാറിന്റെ എല്ലാ പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. സാറിന്റെ പ്രസംഗങ്ങൾ വളരെ ലളിതവും ഹൃദയസ്പർശിയുമാണ്. അതുകൊണ്ടാണ് കഴിഞ്ഞ ആറേഴു വർഷങ്ങളായി അങ്കമാലി ഭദ്രാസനാസ്ഥാനമായ തൃക്കുന്നത്തു സെമിനാരിയിലെ വാർഷിക ധ്യാനയോഗത്തിൽ സാറ് പ്രസംഗിക്കാനിടയായത്.

ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം എന്ന് 1 കൊരിന്ത്യർ 9:16ൽ പറഞ്ഞിരിക്കുന്ന അപ്പോസ്തലനായ പൗലോസിനെപ്പോലെ ആത്മബലിയും അനന്യതയും കണ്ടെത്തിയ ഒരു വ്യക്തിയാണ് യോഹന്നാൻ സാർ എന്ന് സാക്ഷിപ്പാൻ എനിക്കതിയായ സന്തോഷമുണ്ട്.

ജീവിതമാതൃകയിലൂടെ സ്വന്തം വാക്കുകൾക്ക് സാക്ഷാൽക്കാരം നൽകുന്ന സാറിന്റെ പ്രസംഗങ്ങൾ ദൈവം നേരിട്ട് നൽകുന്ന അനുഭവം ശ്രോതാക്കൾക്ക് ലഭിക്കുന്നു.

സ്വർഗ്ഗീയ സന്നിധാനത്തിൽനിന്ന് നേരിട്ട് പ്രാപിക്കുന്ന ആദ്ധ്യാത്മിക ചിന്തകൾ നമ്മിൽ ഉദ്ദീപിക്കുന്ന സന്ദേശങ്ങളാണ് ഓരോ പ്രസംഗവും.

മനോജ്ഞവും വിലയേറിയതുമായ മുത്തുകളാൽ അനുവാചകഹൃദയങ്ങളെ പ്രകാശിപ്പിക്കുവാൻ മതിയായതാണ് ഹ്രസ്വമെങ്കിലും ഹൃദ്യമായ ഈ ഗ്രന്ഥം. ഹൃദയതന്ത്രികളെ തൊട്ടുണർത്തുന്ന ചടുലപ്രയോഗങ്ങളും സൂക്തങ്ങളും വചനത്തിലൂടെ ഇതിൽ സാക്ഷാൽക്കരിക്കുന്നു. ഉദാത്തവും അനുഭൂതിദായകവുമായ ആശയങ്ങളുടെ കലവറയാണ് ഈ ഗ്രന്ഥം.

"Every human being is walking civil war" എന്ന് പണ്ഡിതന്മാരും ചിന്തകൻമാരുമായ ആളുകൾ പറഞ്ഞിട്ടുള്ളത് എത്രയോ വാസ്തവമാണ്. ഓരോ മനുഷ്യനും ഇരുകാലിൽ നടക്കുന്ന ഒരു ആഭ്യന്തരയുദ്ധമാണ്. ആന്തരിക സംഘർഷങ്ങളും ഉള്ളിൽ തിങ്ങുന്ന വേദനകളുംകൊണ്ട് എരിപൊരിക്കൊള്ളുന്നതല്ലേ മനുഷ്യജീവിതം? നീറിപ്പുകയുന്ന മനുഷ്യഹൃദയങ്ങൾക്ക് ആശ്വാസം നൽകുന്നതാണ് ഏറ്റവും വലിയ സേവനം, ഏറ്റവും മികവുറ്റ ശുശ്രൂഷ.

ഈ കാഴ്ചപ്പാടിൽ നോക്കുമ്പോഴാണ് ഈ പുസ്തകത്തിലെ ഓരോ പ്രസംഗവും വിലപ്പെട്ടതാകുന്നത്. ഉരുകുന്ന മനസ്സുകൾക്ക് കുളുർമയും ശാന്തിയും പകരുന്നവയാണ് ഈ ഗ്രന്ഥത്തിലെ എല്ലാ പ്രസംഗങ്ങളും. ഒറ്റ ഇരിപ്പിൽ വായിച്ചുപോകും ഇതിലെ പത്തു പ്രസംഗങ്ങളും.

എന്തിനുവേണ്ടിയാണ് ജീവിതം ചെലവഴിക്കേണ്ടത് എന്നാണ് ഓരോ പ്രസംഗത്തിലും വിവരിക്കുന്നത്. എന്തിനെല്ലാംവേണ്ടി ചെലവഴിക്കരുത് എന്ന് ഉദാഹഹരണസഹിതം, ബൈബിൾസൂക്തങ്ങളുടെ പിൻബലത്തോടെ വിവരിച്ചിരിക്കയാണ്.

“അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തി വരുത്താത്തതിന് നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്” എന്ന് രണ്ടായിരത്തി എഴുന്നൂറ്റി അൻപത് വർഷം മുമ്പ് യെശയ്യാപ്രവാചകൻ പറഞ്ഞ വചനം ഉദ്ധരിച്ചുകൊണ്ട് ഗ്രന്ഥകാരൻ വിവരിക്കുന്നത്, നിങ്ങളുടെ സമയവും പണവും ആരോഗ്യവും സ്വാധീനശക്തിയും ശേഷിയും ശേമുഷിയും പാപത്തിനുവേണ്ടി ചെലവഴിക്കരുത് എന്നാണ്. ‘റാഗിംഗ്’ എന്ന കിരാതസമ്പ്രദായത്തിനു നേരെ കനത്ത അമർഷത്തോടെ ഗ്രന്ഥകാരൻ വിരൽചൂണ്ടുന്നുണ്ട്. അദ്ദേഹത്തിന്റെതന്നെ വാക്കുകൾ ഞാനിവിടെ ഉദ്ധരിക്കട്ടെ.

“പ്രാണനെ ഭയന്ന്, റാഗിംഗിന് ഇരയാകുന്ന എത്രയെത്ര കുരുന്നു ജീവിതങ്ങളാണ് ക്രൂരമായ വിനോദത്തിനിരയായി ഞെട്ടലിലും ഭീതിയിലുംനിന്ന് കരേറാനാകാതെ ഉലഞ്ഞുവലയുന്നത്! നല്ല ശോഭനമായ ഭാവി നേടിയെടുക്കേണ്ട എത്രയെത്ര യുവാക്കളാണ് യൗവനത്തിന്റെ മദ്ധ്യത്തിൽത്തന്നെ അകാലവാർദ്ധക്യം പ്രാപിച്ച്, ജീവിതം ഇരുളടഞ്ഞ്, തീരാരോഗികളായി, നൈരാശ്യത്തിൽ വാടിത്തളർന്ന്, ദിനരാത്രങ്ങൾ തള്ളിനീക്കുന്നത്!”

ലോകസുഖഭോഗങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിന്റെ അപകടസാദ്ധ്യതകളെക്കുറിച്ചാണ് അടുത്ത പ്രസംഗത്തിൽ പറയുന്നത്. ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവഴിക്കുന്നത് ജീവിതശാന്തി നഷ്ടപ്പെടുത്തുന്നതാണ് എന്ന് യെശയ്യാപ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് പറയുന്നഭാഗം വളരെ ഹൃദയസ്പർശിയാണ്.

“നിത്യസ്വർഗ്ഗം, നിത്യജീവൻ, നിത്യസൗഭാഗ്യം എന്നതുമാത്രം ലാക്കാക്കി ജീവിക്കുക എന്നതാണ് ഒരു സാക്ഷാൽ ദൈവപൈതലിന്റെ ലക്ഷണം” എന്ന് ഗ്രന്ഥകാരൻ പറയുമ്പോൾ ഒരു പുതിയ കാഴ്ചപ്പാട് നമുക്ക് ലഭിക്കുകയാണ്.

[redacted]

3

നിത്യത ഒരു യാഥാർത്ഥ്യമാണെന്നും അത് ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം ആണെന്നും സ്വർഗ്ഗസൗഭാഗ്യമോ നരകയാതനയോ ഏതാണ് വേണ്ടതെന്ന് തീരുമാനിക്കേണ്ടത് ഈ ലോകജീവിതത്തിലെ ആയുഷ്ക്കാലത്തിൽ വെച്ചാണെന്നും പൂർവ്വികപിതാക്കന്മാരുടെ വിശ്വാസം അരക്കിട്ടുറപ്പിക്കുകയാണ് ഗ്രന്ഥകാരൻ ഈ പ്രസംഗത്തിൽ ചെയ്തിരിക്കുന്നത്.

ധൂർത്തപുത്രൻ എല്ലാം ചെലവഴിച്ചശേഷം കഠിനക്ഷാമത്തെ അഭിമുഖീകരിച്ച കാര്യം പറയുമ്പോൾ ഗ്രന്ഥകാരൻ പറയുന്ന ഒരു വാക്യം പ്രത്യേകം ശ്രദ്ധേയമാണ്:

"ക്ഷാമം വന്നത് നന്നായി. ക്ഷാമം അപ്പൻ വരുത്തിയതല്ല; അത് നീ തന്നെ വരുത്തിയതാണ്. പക്ഷേ ക്ഷാമം ക്ഷേമത്തിലേക്കു വരാൻ കാരണമായി; മുഖാന്തരമായി."

ജീവിതത്തിൽ വരുന്ന ദുരിതങ്ങളും പ്രതിസന്ധികളും പ്രശ്നങ്ങളും ഓരോ നിമിത്തങ്ങളായിട്ടെടുത്ത് ദൈവത്തിങ്കലേക്ക് മനുഷ്യൻ തിരിയുവാൻ ആഹ്വാനം ചെയ്യുന്ന പ്രസ്തുത പ്രസംഗത്തിൽ "എല്ലാം നന്മയ്ക്ക്" എന്ന ആശയം വളരെ വ്യക്തമായി നാം കാണുകയാണ്.

മഹാത്മാഗാന്ധി ആധുനിക രാഷ്ട്രീയ സമുഹത്തെക്കുറിച്ചും അതിന്റെ അപകടസ്വഭാവത്തെക്കുറിച്ചും എഴുതി:

1. Politics without principles
2. Wealth without toil
3. Luxuries without consciousness
4. Education without character
5. Business without honesty
6. Science without humanity
7. Worship without scrifice

ഈ ഏഴു ദോഷവശങ്ങളെക്കുറിച്ച് ഗാന്ധിജി എഴുതിയതിൽ

[redacted]

എല്ലാം ഗൗരവമുള്ളവ തന്നെ. എന്നാൽ സ്വഭാവമഹിമ നേടാതെയുള്ള വിദ്യാഭ്യാസവും സ്വയത്യാഗത്തിനു തയ്യാറല്ലാത്ത ആത്മീയ ശുശ്രൂഷകളും വളരെ അപകടകരം തന്നെയാണ്. ഒരു ഗ്രന്ഥത്തിന്റെ മേന്മ നിർണ്ണയിക്കുന്നത് അത് കുറേക്കൂടി മെച്ചമായ സ്വഭാവത്തിലേക്കും സാംസ്കാരിക നിലവാരത്തിലേക്കും ഭക്തിജീവിത്തിലേക്കും പ്രയോജനകരമായ ശുശ്രൂഷയിലേക്കും നയിക്കുന്നുവോ എന്ന വസ്തുതയെ ആധാരമാക്കിയാണ്. ആ മാനദണ്ഡം വെച്ചുനോക്കുമ്പോൾ ഈ ഗ്രന്ഥത്തിലെ എല്ലാ പ്രസംഗങ്ങളും വളരെയേറെ പ്രയോജനപ്രദമാണ് എന്ന് ഉറപ്പായി പറയാവുന്നതാണ്.

വിശ്വവിശ്രുത സുവിശേഷകനായി ഡോ. ബില്ലി ഗ്രഹാം പറഞ്ഞിട്ടുണ്ട്:

“Loneliness is one of the greatest problems people face today. Many people experience loneliness in society or there is loneliness of sorrow, guilt and judgement. Without God man is lonely.”

(ഇന്ന് മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ ഒരു പ്രശ്നം ഏകാന്തതയാണ്. സമൂഹത്തിൽ – ആൾക്കൂട്ടത്തിനിടയിൽ – മനുഷ്യൻ ഏകാന്തത അനുഭവിക്കുന്നു. ദുഃഖത്തിന്റെ ഏകാന്തത, കുറ്റബോധം മൂലമുള്ള ഏകാന്തത, ശിക്ഷാവിധിയെക്കുറിച്ചുള്ള ഭീതിമുലമുണ്ടാകുന്ന ഏകാന്തത – എന്നിങ്ങനെ വിവിധ രീതിയിൽ. ദൈവം ഹൃദയത്തിൽ ഇല്ലാത്തതാണ് ഏകാന്തതയുടെ കാരണം.)

ഏകാന്തത അനുഭവപ്പെടുന്ന മനുഷ്യർക്ക് ക്രിസ്തുവിനെ കണ്ടുമുട്ടാനും സമാധാനവും ശാന്തിയും നിറഞ്ഞ ഒരു നല്ല ജീവിതം നേടാനും ഈ ഗ്രന്ഥം ഉപകരിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

പ്രതീക്ഷ നഷ്ടപ്പെട്ട്, അന്ധകാരത്തിന്റെ പടുകുഴിയിൽ നിപ

[redacted]

തിച്ചുപോയവർക്ക് പ്രത്യാശയുടെ നറുംവെളിച്ചം പകർന്ന്, വേദനിക്കുന്നവർക്ക് ശാന്തിയും സാന്ത്വനവും നൽകി, ജീവിതം കൂടുതൽ സമ്പുഷ്ടമാക്കാനുതകുന്ന സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം അനേകർക്ക് ആശ്വാസം പകരട്ടെ എന്നാശംസിച്ചുകൊണ്ട് ആദരണീയരായ മലയാളികളുടെ സഹൃദയത്വത്തിന്റെ മുന്നിൽ ഞാൻ ഈ ക്രൈസ്തവസാഹിത്യഗ്രന്ഥം അവതരിപ്പിച്ചുകൊള്ളുന്നു.

**വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ**
കോർ എപ്പിസ്ക്കോപ്പ

ആലുവ
10–4–2002.

# മുഖമൊഴി

മുൻപ് പ്രസിദ്ധീകരിച്ച പതിനഞ്ചു പുസ്തകങ്ങൾക്കും വളരെ ആവേശോജ്ജ്വലമായ പ്രതികരണമാണ് അനുവാചകരിൽനിന്നെനിക്ക് ലഭിച്ചത്. അനേകമനേകം ആളുകൾക്ക്, സഭാ, സമുദായ, മതഭേദമെന്യേ, ആശ്വാസദായകമായി എന്ന അറിവാണ് വീണ്ടും എന്റെ പ്രസംഗങ്ങൾ പുസ്തകരൂപത്തിലാക്കാൻ എന്നെ പ്രേരിപ്പിച്ചത്.

ഏറ്റവും നല്ലതിനുവേണ്ടി ചെലവിട്ടാൽ വരവു കൂടും എന്ന ആശയമാണ് 'വരവും ചെലവും' തിട്ടപ്പെടുത്തുന്ന ക്രിസ്തീയ മാനദണ്ഡത്തിന്റെ പൊരുൾ. ഉറവുള്ള ജലാശയത്തിൽനിന്ന് വെള്ളം ഒഴുകിപ്പോകുന്തോറും ആ ജലാശയത്തിൽ വെള്ളം കുറയുന്നില്ല എന്ന വസ്തുത മനസ്സിലാക്കുമ്പോഴാണ് ഏറ്റവും പ്രയോജനപ്രദമായി ജീവിതം ചെലവഴിക്കണം എന്ന അഭിവാഞ്ഛയുണ്ടാകുന്നത്. അതുകൊണ്ടാണ് പൗലോസ് അപ്പോസ്തലൻ പറഞ്ഞത്

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും."

## 6

മാർട്ടിൻ ലൂതർ ഒരിക്കൽ പറഞ്ഞു:

"I have held many things in my hand
I have lost them all but whatever
I have placed in my God's hand
That still possess."

"ഞാൻ എന്റെ കൈയിൽ അനേകം വസ്തുക്കൾ പിടിച്ചുകൊണ്ടിരുന്നു. അവയെല്ലാം എനിക്കു നഷ്ടമായി. എന്നാൽ ഞാൻ എന്തെല്ലാം സാധനങ്ങൾ കർത്താവിന്റെ കൈകളിലേൽപ്പിച്ചുവോ, അവ ഇന്നും എനിക്ക് അവകാശമായിട്ടുണ്ട്."

ദൈവത്തിനുവേണ്ടി ചെലവു ചെയ്യുന്നത് വ്യർത്ഥമല്ല. ദൈവത്തിന് സമ്പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ട ജീവിതം നഷ്ടമല്ല: യുഗങ്ങളും തലമുറകളും കൊഴിഞ്ഞുപോയാലും മാറാത്ത ശാശ്വത സമ്പത്തായി ആ ജീവിതം നിലനിൽക്കും. നമ്മുടെ സമയം, സ്വാധീനം, സമ്പത്ത്, സൗകര്യം, സാഹചര്യം മുതലായവയെല്ലാം ദൈവത്തിനുവേണ്ടി ചെലവഴിച്ചാൽ അവയൊന്നും നഷ്ടമാവുകയില്ലെന്ന് മാത്രമല്ല, നമുക്കും നമ്മുടെ ഭാവിതലമുറകൾക്കും മുതൽക്കൂട്ടായി അവ മാറും.

Robert Frost എന്ന പ്രസിദ്ധനായ ആംഗ്ലേയ സാഹിത്യകാരന്റെ ഒരു കവിതയുടെ ഭാഗം ഇതാ:

"The woods are lovely dark and deep;
But I have promises to keep,
And miles to go before I sleep;
Miles to go before I sleep."

അന്ധകാരനിബിഢവും ദുർഗ്ഗമവുമായ കാനനങ്ങൾ. എനിക്കോ പാലിക്കപ്പെടേണ്ട വാഗ്ദാനങ്ങൾ ഇനിയുമുണ്ട്. ഉറങ്ങുന്നതിനുമുമ്പ് മൈലുകൾ താണ്ടേണ്ടിയിരിക്കുന്നു. മൈലുകൾ, ദീർഘദൂരങ്ങൾ മുന്നിൽ.

പണ്ഡിറ്റ് ജവഹർലാൽ നെഹ്രു മരിക്കുന്നതിനുമുമ്പ് ഏറ്റവും ഒടുവിലായി തന്റെ ഡയറിയിൽ എഴുതിയത് ഈ കാവ്യശീലാണ്.

നമുക്കെല്ലാം അങ്ങനെയല്ലേ? ഓടിത്തീർക്കാൻ ഇനിയും എത്രയോ ദൂരം! നടന്നെത്താനും നേടിയെടുക്കാനും എത്രയെത്ര വാഗ്ദാനങ്ങൾ!

അതുകൊണ്ടാണ് പൗലോസ് അപ്പോസ്തലൻ തന്റെ ഒടുവിലത്തെ ലേഖനത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ തന്റെ പ്രിയ ശിഷ്യനായ തിമൊഥെയോസിനോട് പറഞ്ഞത്:

"എന്റെ നിര്യാണകാലം അടുത്തു. ഞാൻ ഇപ്പോൾത്തന്നെ പാനീയയാഗമായി ഒഴിക്കപ്പെടാൻ പോകുന്നു. നീയോ, നിർമ്മദനായിരിക്ക, നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക." ("Nothing be left undone" എന്നാണ് Living Bible.)

"ചെയ്തുതീർക്കാതെ ഒന്നും ബാക്കി വെയ്ക്കല്ലേ."

ഈ ക്ഷണികജീവിതത്തിൽവെച്ച് നിത്യതയ്ക്കുവേണ്ടി ഒരുങ്ങണമെന്നും നിത്യസ്വർഗ്ഗീയസൗഭാഗ്യം നാം നേടിയില്ലെങ്കിൽ തീർത്താൽ തീരാത്ത നഷ്ടമാണെന്നും നിത്യസ്വർഗ്ഗം നമുക്ക് തരാനാണ് ദൈവപുത്രനായ ക്രിസ്തു ക്രൂശിൽ മരിച്ചതെന്നും ക്രിസ്തുവിനെ വിശ്വസിക്കുന്ന ആർക്കും നിത്യസൗഭാഗ്യം സമ്പാദിക്കാമെന്നും ഉറപ്പിച്ചു പറയുക എന്നതാണ് ഓരോ പ്രസംഗം കൊണ്ടും ഞാൻ ആഗ്രഹിച്ചത്. ആ നല്ല അനുഭവം വായനക്കാർക്ക് ലഭിക്കട്ടെ എന്ന് ഞാൻ വളരെ വിനയപൂർവ്വം കർത്താവിനോട് അപേക്ഷിക്കുകയാണ്.

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെയവായിപ്പോകയും ചെയ്യും" എന്ന പൗലോസ് അപ്പോസ്തലന്റെ ജീവിതാദർശം ആസ്പദമാക്കി

എന്തിനുവേണ്ടി നാം ഇന്നു ചെലവിട്ടുകൊണ്ടിരിക്കുന്നു; എന്തിനുവേണ്ടി ചെലവിടരുത്; എന്തിനുവേണ്ടി ചെലവിടണം എന്ന മൂന്നു ലളിതമായ ആശയങ്ങളെ വികസിപ്പിച്ചെടുത്താണ് ഈ ഗ്രന്ഥത്തിലെ ഓരോ പ്രസംഗവും പോകുന്നത്.

ഒന്ന് : അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തി വരുത്താത്തതിന് പ്രയത്നഫലവും ചെലവിടുന്നു.

രണ്ട് : ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവിടുന്നു.

മൂന്ന് : ഭോഗങ്ങളിൽ ചെലവിടുന്നു.

നാല് : മതപരമായ ചടങ്ങുകൾ മനുഷ്യരെ കാണിക്കാൻവേണ്ടി ചെലവിടുന്നു.

അഞ്ച് : ധൂർത്തപുത്രനെപ്പോലെ പണവും ആരോഗ്യവും ആഭിജാത്യവുമെല്ലാം പാപത്തിനുവേണ്ടി ചെലവിടുന്നു.

ആറ് : പന്ത്രണ്ടുകൊല്ലമായി രക്തസ്രവമുള്ള സ്ത്രീയെപ്പോലെ രോഗസൗഖ്യത്തിനുവേണ്ടി ചെലവിടുന്നു.

ഏഴ് : പാപിനിയായ സ്ത്രീ ക്രിസ്തുവിന്റെ പാദത്തിൽ പൂശിയതിനെപ്പറ്റി, തൈലത്തിന്റെ വെറും ചെലവ് എന്ന് ശിഷ്യന്മാർ പറഞ്ഞ സംഭവം.

എട്ട് : ജ്ഞാനിയുടെ പാർപ്പിടത്തിലുള്ള വിലയേറിയ നിക്ഷേപവും തൈലവും മൂഢൻ ദുർവ്യയം ചെയ്യുന്ന കാര്യം.

ഒൻപത് : “അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവ

[redacted]

രുമ്പോൾ തന്നുകൊള്ളാം" എന്ന് നല്ല ശമരിയാക്കാരൻ വഴിയമ്പലക്കാരനോട് പറയുന്ന സംഭവം.

പത്ത് : "എന്റെ അസ്ത്രങ്ങൾ അവരുടെമേൽ ചെലവിടും" എന്ന് നിത്യനായ ദൈവം പാപം വിട്ടു തിരിയാത്തവർക്ക് വരുന്ന ശിക്ഷാവിധിയെ ക്കുറിച്ച് പറയുന്ന വചനം. ഏറ്റവും നല്ലതിനു വേണ്ടി, നിത്യജീവനായ ക്രിസ്തുവിനുവേണ്ടി ഈ അല്പായുസ്സു ചെലവഴിക്കണം എന്ന മഹത്തായ ആശയമാണ് ഓരോ പ്രസംഗത്തിലും നൽകുന്നത്.

ഈ ഗ്രന്ഥത്തിന്റെ അച്ചടിക്കും പ്രൂഫ് റീഡിംഗിനും മറ്റും മുൻകൈയെടുത്ത എന്റെ സ്നേഹിതർ അനേകരുണ്ട്. അവരാരേയും പ്രത്യേകം പേരു പറയാതെ അവരോടുള്ള എന്റെ എളിയ നന്ദി ഞാൻ ഇവിടെ പ്രകാശിപ്പിക്കുകയാണ്.

വളരെ ഉത്തേജകമായ ഒരു അവതാരിക എഴുതിത്തന്ന വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്ക്കോപ്പായോടുള്ള എന്റെ ആദരവും കൃതജ്ഞതയും കടപ്പാടും വർണ്ണനാതീതമാണ്.

സമൂഹത്തിലും സമുദായത്തിലും തന്റെ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമാനപ്പെട്ട അച്ചൻ അനേകം അവാർഡുകൾ നേടിയിട്ടുണ്ട്. അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ "ഗ്രാൻഡ് ഷെവലിയർ ജസ്റ്റിസ് ജോസഫ് വിതയത്തിൽ അവാർഡ്" , ക്രിസ്ത്യൻ ലിറ്ററേച്ചർ അവാർഡ് ഫൗണ്ടേഷന്റെ "സേവനരത്ന" ബഹുമതി, പീപ്പിൾസ് വിജിലൻസ് ഫോറത്തിന്റെ "മാനവശ്രീ" അവാർഡ്, വിശിഷ്ട സേവനത്തിന് പരിശുദ്ധ കാതോലിക്കാബാവ നൽകിയ "സഭയുടെ മുദ്രാമോതിരം",

സംസ്കൃത സാഹിത്യപരിഷത്തിന്റെ “സൗഹൃദരത്നം” അവാർഡ് എന്നിവ അവയിൽ ചിലതാണ്.

മലങ്കരസഭയുടെ ഭരണത്തിലും നിലനില്പിലും നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള ബഹുമാനപ്പെട്ട അച്ചൻ സാമുദായിക, സാംസ്ക്കാരിക, സാമൂഹിക സേവനോന്മുഖ പ്രവർത്തനങ്ങളുടെ ബദ്ധപ്പാടുകളുടെ ഇടയിൽ എന്നോടു കാണിച്ച വാത്സല്യത്തിനും മഹാമനസ്ക്കതയ്ക്കും ഞാൻ പേർത്തും പേർത്തും നന്ദി പറഞ്ഞുകൊള്ളുന്നു.

വായനക്കാരായ അനേകരുടെ നവോത്ഥാനത്തിനും മാനസികാശ്വാസത്തിനും ഈ ഗ്രന്ഥം ഉതകണമേ എന്ന് സർവ്വശക്തനോട് പ്രാർത്ഥിച്ചുകൊണ്ട് ഞാനീ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെ വിനീത വിധേയൻ,

**എം.വൈ. യോഹന്നാൻ.**

# ഒന്ന്

> "ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവ
> ന്നുവേണ്ടി ചെലവിടുകയും ചെലവായ്പോകയും
> ചെയ്യും."                                   2 കൊരി. 12 : 15

അപ്പോസ്തലനായ പൗലോസിന്റെ ജീവിതാദർശമാണ് ഈ വാക്കുകളിൽ തെളിഞ്ഞുകാണുന്നത്.

I will very gladly spend for you everything I have and expend myself as well. NIV.

I am glad to give you myself and all I have for your spiritual good. L.B.

തന്നെത്തന്നെ ത്യജിച്ച് ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിന്റെ വേലയ്ക്കുവേണ്ടിയും നിഷ്ക്കളങ്കസ്നേഹത്തോടെ ചെലവഴിക്കപ്പെടാൻ പൗലോസ് തയ്യാറായി. അതുകൊണ്ടാണ് കൊരിന്തിലെ ദൈവമക്കൾക്കുവേണ്ടി എല്ലാം ചെലവഴിക്കാൻ, അതിസന്തോഷത്തോടെ ചെലവഴിക്കാൻ അപ്പോസ്തലൻ തയ്യാറാകുന്നത്.

ചെയ്യുന്നതൊക്കെയും സുവിശേഷം നിമിത്തം ചെയ്യുന്നു എന്നു പറയുന്ന പൗലോസിന്റെ ജീവിതവീക്ഷണം വിശ്വാസികളെ പുളകം കൊള്ളിക്കുന്നതാണ്. കൊരിന്തിലെ വിശ്വാസികളോട് ഒന്നാമത്തെ ലേഖനത്തിൽ അപ്പോസ്തലൻ പറഞ്ഞു:

> "നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം! ഞാൻ അതു മനഃപൂർവ്വം നടത്തുന്നു എങ്കിൽ എനിക്കു പ്രതിഫലം ഉണ്ട്; മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. എന്നാൽ എന്റെ പ്രതിഫലം എന്ത്? സുവിശേഷം അറിയിക്കുമ്പോൾ സുവിശേഷഘോഷണത്തിലുള്ള അധികാരം മുഴുവനും ഉപയോഗിക്കാതെ ഞാൻ സുവിശേഷഘോഷണം ചെലവുകൂടാതെ നടത്തുന്നതു തന്നേ. ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികംപേരെ നേടേണ്ടതിന്നു ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി. യെഹൂദന്മാരെ നേടേണ്ടതിന്നു ഞാൻ യെഹൂദന്മാർക്കു യെഹൂദനെപ്പോലെ ആയി; ന്യായപ്രമാണത്തിൻ കീഴുള്ളവരെ നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണത്തിൻ കീഴുള്ളവൻ അല്ല എങ്കിലും ന്യായപ്രമാണത്തിൻ കീഴുള്ളവർക്കു ന്യായപ്രമാണത്തിൻ കീഴുള്ളവരെപ്പോലെ ആയി. ദൈവത്തിന്നു ന്യായപ്രമാണമില്ലാത്തവൻ ആകാതെ ക്രിസ്തുവിന്നു ന്യായപ്രമാണമുള്ളവനായിരിക്കെ, ന്യാപ്രമാണമില്ലാത്തവരെ നേടേണ്ടതിന്നു ഞാൻ ന്യായപ്രമാണമില്ലാത്തവർക്കു ന്യായപ്രമാണമില്ലാത്തവനെപ്പോലെ ആയി. ബലഹീനന്മാരെ നേടേണ്ടതിന്നു ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതു വിധത്തിലും

ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു. സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിന്നു ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു."                1 കൊരി. 9 : 16 – 23

ആത്മാക്കളെക്കുറിച്ച് പൗലോസിന്റെ എരിവും ദാഹവും അത്രമാത്രം തീക്ഷ്ണതയുള്ളതായിരുന്നു. യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിൽ ജ്വലിച്ചുനിന്നതുകൊണ്ട് സുവിശേഷത്തിനുവേണ്ടി സകലവും ത്യജിക്കാൻ പൗലോസ് തയ്യാറായി. അതുകൊണ്ടാണ് റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് ഫിലിപ്യസഭയിലെ ദൈവമക്കൾക്ക് ലേഖനമെഴുതിയപ്പോൾ പറഞ്ഞത് :

"എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു. അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽനിന്നുള്ള എന്റെ സ്വന്തനീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നേ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിന്നും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിന്നും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു."                ഫിലിപ്യർ 3 : 7 – 11

ഈ ഭാഗത്ത് കാണുന്ന ശ്രദ്ധേയമായ ഒരു പദമുണ്ട്, 'എണ്ണുന്നു' എന്ന പദം. Count എന്നു ഇംഗ്ലീഷിൽ പറയുന്ന ഈ പദത്തിന്റെ ആശയം evaluate, assess എന്നീ പദങ്ങളുടെ അർത്ഥമാണ്. സോക്രട്ടീസ് പറഞ്ഞിട്ടുണ്ട്: "The unexamined life is not worth living." പരിശോധിക്കപ്പെടാത്ത ജീവിതം ജീവിക്കാൻ കൊള്ളാവുന്നതല്ല.

ക്രിസ്തുവിനെ കണ്ടെത്തുന്നതിനു മുമ്പുള്ള പൗലോസിന്റെ ജീവിതം വളരെ ശ്രേഷ്ഠവും അഭിനന്ദനീയവുമായിരുന്നു. നല്ല നീതിയുള്ള ജീവിതം. ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ച് അനിന്ദ്യമായ ജീവിതം - നിയമങ്ങളോടും പ്രമാണങ്ങളോടുമുള്ള അനുസരണം, പൂർവ്വിക പിതാക്കന്മാരുടെ മതതീഷ്ണതയും ഭക്തിയും പുലർത്തുവാനുള്ള ഉത്സാഹം - ഇങ്ങനെ പ്രശംസിക്കത്തക്ക പല നന്മകളും പൗലോസിനുണ്ടായിരുന്നു. എന്നാൽ ക്രിസ്തുവിനെ കണ്ടുമുട്ടിയതിനുശേഷം അദ്ദേഹത്തിന്റെ കാഴ്ചപ്പാടു മുഴുവൻ മാറി. പ്രവൃത്തിയുടെ വഴിവിട്ട് വിശ്വാസത്തിന്റെ വഴിയിലേക്ക് ജീവിതം മാറി. വിശ്വാസത്താലുള്ള നീതി എന്നത് ജീവിതപ്രമാണമായിത്തീർന്നു. അന്നത്തെ എബ്രായ യൂണിവേഴ്സിറ്റിയിലെ പ്രശസ്ത പ്രൊഫസറായ ഗമാലിയേലിന്റെ പ്രേഷ്ഠശിഷ്യൻ, ഗ്രീക്ക് ഫിലോസഫി മുഴുവൻ ഗ്രഹിച്ച മികച്ച ദാർശനികൻ, ലോകജ്ഞാനമെല്ലാം നേടിയ മുന്തിയ ബുദ്ധിജീവി, യരുശലേം ദേവാലയത്തിലെ പരീശപ്രമാണി, പരമ്പരാഗതമായി നല്ല ആഭിജാത്യമുള്ള മതഭക്തൻ, പരമോന്നത ഭരണസമിതിയായ സന്നദ്രീംസംഘത്തിലെ അംഗം, റോമൻ പൗരത്വം ജന്മനാ ലഭിച്ച അപൂർവ്വ പ്രതിഭാശാലി എന്നിങ്ങനെ ലോകത്തിന്റെ മുമ്പിൽ വിലയേറിയതെല്ലാം പൗലോസ് ചപ്പുചവറുപോലെ എണ്ണി. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ വക്താവാകാൻ ജീവിതം വേർതിരിച്ചു.

അക്കാലത്ത് സുവിശേഷകനാകുക എന്നത് ഇന്നത്തേക്കാൾ

[redacted]



എത്രമാത്രം പരിഹാസ്യമായിരുന്നു! എത്രമാത്രം കഷ്ടതകൾ നേരിടണമായിരുന്നു. സകലരും വെറുക്കുന്നു. എല്ലാവരും പകയ്ക്കുന്നു. സമൂഹത്തിലും സമുദായത്തിലും ഒറ്റപ്പെടുന്നു. കൂട്ടത്തിൽനിന്ന് ബഹിഷ്കൃതനാകുന്നു. ഭയങ്കര പീഡകൾ ഏല്ക്കേണ്ടിവരുന്നു. ശാരീരികമായും യാതനകളെ അഭിമുഖീകരിക്കേണ്ടിവരുന്നു. എന്നാൽ പൗലോസ് അവയെല്ലാം തൃണവൽഗണിച്ചുകൊണ്ട് ക്രിസ്തുവിന്റെ സുവിശേഷത്തെ ശിരസ്സിലേറ്റി. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ ലഹരിയിൽ എല്ലാം ഉപേക്ഷിച്ചു. അതാണ് പൗലോസ് പറഞ്ഞത് :

> "ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും."

പൗലോസിന്റെ തെരഞ്ഞെടുപ്പിന്റെ ആഴം ഫിലിപ്യർ 3:14ൽ പറയുന്നുണ്ട് :

> "ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കു ഓടുന്നു."

പരമവിളിയുടെ വിരുതിന്റെ ലാക്ക് എന്തായിരുന്നു?

ഒന്നാമതായി, ക്രിസ്തുവിനെ നേടുക എന്നത്. അന്നത്തെ സമൂഹത്തിൽ ക്രിസ്തു വിലയില്ലാത്തവനാണ്.

നസ്രേത്തിലെ തച്ചന്റെ മകൻ എന്നു വിളിക്കപ്പെട്ടവൻ; അരക്കാശിനും മുതലില്ലാത്തവൻ, തല ചായ്പാൻ ഇടമില്ലാത്തവൻ, ബേത്‌ലഹേം മുതൽ കാൽവറി വരെ കടംകൊണ്ട് ജീവിച്ചവൻ, ജനിച്ചുകിടന്നത് പുൽക്കൊട്ടിയിൽ, മരിച്ചു കിടന്നത് റോമൻ ഗവൺമെന്റിന്റെ രണ്ടു മരക്കഷണം ചേർത്തുവെച്ച കുരിശിൽ;

ശിശുവായിരുന്നപ്പോൾതന്നെ ഒരഭയാർത്ഥി, വാഹനമേറിയത് കടംകൊണ്ട കഴുതപ്പുറത്ത്, കടലിലെ മീനിനോട്, കടം വാങ്ങിയ ദ്വിദ്രഹ്മപ്പണം കരം കൊടുത്തവൻ, അത്താഴമുണ്ണാൻ ഒരു ഭവനം കടം വാങ്ങിയവൻ, അരിമത്ഥ്യക്കാരൻ യൗസേപ്പിന്റെ കല്ലറയിൽ അടക്കപ്പെട്ടവൻ, ശിഷ്യൻമാരിൽ ഔദ്യോഗിക ചുമതലയുള്ള ഒരാൾ ഒറ്റിക്കൊടുത്തവൻ, ഏറ്റവും അടുത്ത ശിഷ്യൻ തള്ളിപ്പറഞ്ഞവൻ, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ, പള്ളിപ്രമാണിമാർ എതിർത്തവൻ, മഹാപുരോഹിതന്മാർ ക്രൂശിക്കാൻ തീരുമാനമെടുത്ത് വിസ്തരിച്ചവൻ, ഭിന്നിച്ചിരുന്ന പരീശന്മാരും സദൂക്യരും ഒരുപോലെ എതിർത്തവൻ, മതനേതാക്കൾ അസൂയപ്പെടത്തക്ക ജനപിന്തുണ നേടിവൻ, ഒടുവിൽ ഒരു പരാജിതനെപ്പോലെ "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?" എന്നു നിലവിളിച്ച് ക്രൂശിൽ ജീവൻ വെടിഞ്ഞവൻ - ഈ യേശുവിന്റെ സാക്ഷിയാകുക, വളരെ അപായകരം തന്നെയായിരുന്നു അപമാനകരവും.

എന്നാൽ ഈ ക്രിസ്തുവിനെ നേടണമെന്ന് പൗലോസ് ആഗ്രഹിച്ചു.

രണ്ടാമതായി, ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന ദൈവനീതി പ്രാപിക്കണമെന്ന് പൗലോസ് ആഗ്രഹിച്ചു. ന്യായപ്രമാണ കല്പനകൾ അനുസരിക്കുന്നതിൽകൂടെ ലഭിക്കുന്ന നീതി സ്വന്തമായിട്ടുണ്ടായിരുന്നു. അതെല്ലാം - നീതിപ്രവൃത്തികളെല്ലാം - കറപിരണ്ട തുണിപോലെ മലിനമെന്ന് പൗലോസ് തിരിച്ചറിഞ്ഞു. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവം നൽകുന്ന സൗജന്യമായ നീതീകരണം മാത്രമേ നിത്യജീവങ്കലേക്ക് നയിക്കുകയുള്ളൂ എന്ന് പൗലോസ് മനസ്സിലാക്കി.

മൂന്നാമതായി, ദൈവനീതി പ്രാപിച്ച് ക്രിസ്തുവിൽ വസിക്കണമെന്ന് ആഗ്രഹിച്ചു. ക്രിസ്തുവിൽ വസിച്ചാൽ മാത്രമേ ഫലം

കായ്ക്കുകയുള്ളൂ. "കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് ഫലം കായ്പാൻ കഴികയില്ല" എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ ക്രിസ്തുവിൽ വസിക്കും എന്നറിഞ്ഞ് ക്രിസ്തുവിൽ വസിപ്പാൻ പൗലോസ് ആഗ്രഹിച്ചു.

നാലാമതായി, ക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെടുവാൻ പൗലോസ് ആഗ്രഹിച്ചു. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല; ക്രിസ്തു വത്രേ എന്നിൽ ജീവിക്കുന്നു എന്ന് ഗലാത്യലേഖനം രണ്ടാമദ്ധ്യായം ഇരുപതാം വാക്യത്തിൽ പറയുന്ന self - സ്വയം - ego ക്രൂശിക്കപ്പെടുന്ന അനുഭവത്തിനുവേണ്ടി പൗലോസ് വാഞ്ഛിച്ചു.

"ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു" എന്ന് ഗലാത്യലേഖനം അഞ്ചാം അദ്ധ്യായം ഇരുപത്തിനാലാം വാക്യത്തിൽ കാണുന്നതുപോലെ ജഡം ക്രൂശിക്കപ്പെടുവാൻ തീരുമാനിച്ചു.

"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്, അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്ന് ഗലാത്യലേഖനം ആറാം അദ്ധ്യായം പതിന്നാലം വാക്യത്തിലെ അനുഭവം – ലോകം ക്രൂശിക്കപ്പെടുന്ന അനുഭവം – പ്രാപിക്കുന്നത് ലക്ഷ്യമായി. അങ്ങനെ സ്വയം, ജഡം, ലോകം ഇവ ക്രൂശിക്കപ്പെട്ട് തൻമൂലം ക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെടുവാൻ പൗലോസ്

വാഞ്ഛിച്ചു.

അഞ്ചാമതായി, ക്രിസ്തുവിനെയും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അനുഭവിച്ചറിയണമെന്ന് പൗലോസ് ദാഹിച്ചു. പുതിയ ജീവന്റെ സമൃദ്ധിയാണ് പുനരുത്ഥാനത്തിന്റെ ശക്തി. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, പഴയത് കഴിഞ്ഞുപോയി എന്ന് 2 കൊരിന്ത്യർ അഞ്ചിന്റെ പതിനേഴിൽ കാണു്ന്ന പുതിയ സൃഷ്ടിയുടെ അനുഭവം പ്രാപിക്കുക; പഴയ മനുഷ്യൻ മരിച്ചു; കുഴിച്ചിടപ്പെട്ടു; പുതിയ മനുഷ്യനുയർത്തെഴുന്നേറ്റു എന്ന അനുഭവം പ്രാപിച്ചു (റോമർ 6 : 2 - 5) പുനരുത്ഥാന ജീവനിൽ ഉല്ലസിക്കുവാൻ പൗലോസ് ആഗ്രഹിച്ചു.

ആറാമതായി, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെ അനുഭവിച്ചറിയണമെന്ന് ആഗ്രഹിച്ചു. “ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകുന്തോറും നിങ്ങൾ സന്തോഷിച്ചുകൊൾവിൻ” എന്ന് തിരുവെഴുത്ത് പറയുന്നു. “അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇട വരും.” 1 പത്രോസ് 4:13-15.

> “ക്രിസ്തു ജഡത്തിൽ കഷ്ടമനുഭവിച്ചതുകൊണ്ട് നിങ്ങളും ആ ഭാവംതന്നേ ആയുധമായി ധരിപ്പിൻ.”
> 1 പത്രോസ് 4 : 1

> “ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു.”
> 1 പത്രോസ് 2 : 21

> “ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും.”

2 തീമോ. 3 : 12

"കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ തന്നേ അറിയുന്നുവല്ലോ."
1 തെസ്സ. 3 : 3

ഈ തിരുവചനഭാഗങ്ങളിൽ കാണുന്ന യാതനമുറ്റിയ ജീവിതം പൗലോസിന്റെ ജീവിതത്തിന്റെ ലാക്കായിത്തീർന്നു.

ഏഴാമതായി, മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്ന് പൗലോസ് ആഗ്രഹിച്ചു. ക്രിസ്തു രണ്ടാമത് വരുമ്പോൾ വാങ്ങിപ്പോയ വിശുദ്ധന്മാർ കല്ലറകളിൽനിന്ന് എഴുന്നേറ്റുവരും എന്നും ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടുമെന്നും ആകാശമേഘങ്ങളിൽ പറന്നുയരുമെന്നും പൗലോസ് അറിയുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

"കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും."
1 തെസ്സ. 4 : 16 – 18

"കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും."
1 കൊരി. 15 : 52

ഈ പരമോന്നത സൗഭാഗ്യം പ്രാപിക്കാൻ പൗലോസ് വാഞ്ഛിച്ചു. അതിനുവേണ്ടി എല്ലാം ഉപേക്ഷിച്ച് ചവറു എന്നു എണ്ണി. ആ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് പൗലോസ് പറയു

ന്നത്:

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും."

മാന്യ സ്നേഹിതാ, നീ എന്തിനെല്ലാംവേണ്ടി ചെലവിട്ടു? നിന്റെ സമയം എന്തിനുവേണ്ടി ചെലവഴിച്ചു? നിന്റെ സമ്പത്ത് എന്തിനുവേണ്ടി ചെലവഴിച്ചു? നിന്റെ ആയുസ്സിത്രയുംനാൾ എന്തിനുവേണ്ടി ചെലവഴിച്ചു? ക്രിസ്തുവിന്റെ നാമത്തിൽ, ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി, മറ്റുള്ളവർക്കുവേണ്ടി ചെലവിടുവാൻ, അങ്ങനെ ദൈവനാമമഹത്വത്തിനുവേണ്ടി ചെലവഴിക്കുവാൻ നിനക്ക് ആഗ്രഹമുണ്ടോ?

എങ്കിൽ ഇപ്പോൾ നിന്റെ സമീപത്തു നില്ക്കുന്ന ക്രിസ്തുവിനോടു നീ പറയൂ: "നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. യേശുവേ, ഇന്നു മുതൽ നിന്റെ തിരുനാമമഹത്വത്തിനായി ഞാൻ ചെലവഴിക്കും."

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## രണ്ട്

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവന്നുവേണ്ടി ചെലവിടുകയും ചെലവായ്പോകയും ചെയ്യും."
2 കൊരി. 12 : 15

"അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തിവരുത്താത്തതിന് നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്?"
യെശയ്യാവ് 55 : 2

അപ്പോസ്തലനായ പൗലോസ് തന്റെ ജീവിതപ്രമാണം പ്രഖ്യാപിച്ചു: "ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും." ഭൗതികമായി തനിക്കുണ്ടായിരുന്ന നേട്ടങ്ങളും സ്ഥാനവും മാനവും പദവിയും പ്രതാപവും എല്ലാം ചപ്പെന്നും ചവറെന്നും എണ്ണി, ക്രിസ്തുവിനായി ജീവിതം വേർതിരിച്ച ഭാഗ്യശാലിയാണ് പൗലോസ്. ഒന്നാം നൂറ്റാണ്ടിൽ യൂറോപ്പിനെ സുവിശേഷംകൊണ്ട് നിറച്ച ശ്രേഷ്ഠനായ മിഷ്യണറിയാണ് പൗലോസ്. യേശുക്രിസ്തുവിന്റെ തിരുനാമ മഹത്വത്തിനുവേണ്ടി മറ്റുള്ളവർക്കുവേണ്ടി ചെലവി

ടാനും ചെലവായിപ്പോകാനും ഉള്ള തീരുമാനംകൊണ്ട് അത്യ ത്ഭുതകരമായ നേട്ടങ്ങൾ ക്രിസ്തുവിന്റെ രാജ്യത്തിനും ദൈവ ജനത്തിനും വേണ്ടി കൊയ്തെടുക്കുവാൻ പൗലോസിനു കഴി ഞ്ഞു.

എന്നാൽ ലോകത്തുള്ള അനേകമനേകമാളുകൾ അപ്പമല്ലാ ത്തതിനുവേണ്ടിയാണ് തങ്ങളുടെ ദ്രവ്യം ചെലവിടുന്നത്. തൃപ്തി വരുത്താത്തതിനുവേണ്ടിയാണ് തങ്ങളുടെ പ്രയത്നഫലം ചെല വിടുന്നത്. കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം മദ്യത്തിനും പുകവ ലിക്കും കഞ്ചാവിനും സിനിമയ്ക്കും വേണ്ടി ചെലവഴിക്കുന്ന എത്രയോ ആളുകളുണ്ട്!

എത്രയെത്ര ചെറുപ്പക്കാരാണ് വിലയേറിയ സമയം അശുദ്ധ മായ കൂട്ടുകെട്ടിനും ലൈംഗിക വൈകൃതങ്ങൾക്കും മദ്യപാന ത്തിനും മയക്കുമരുന്നുകൾക്കും അടിമകളായി ജീവിതം താറു മാറാക്കുന്നത്? നല്ല ബുദ്ധിയുള്ള, കഴിവുള്ള, കോമളത്വമുള്ള യുവാക്കൾ ബ്ലൂ ഫിലിം കണ്ട് രസിച്ചും അഴുക്കാണ്ട ജീവിത ത്തിൽ മനംമയങ്ങിയും ആയുസ്സു പാഴാക്കുന്നത് ഇന്ന് വളർന്നു വരുന്ന യുവതലമുറയുടെ ഭീകരമായ കെടുതിയാണ്.

റാഗിംഗ് എന്ന ഓമനപ്പേരിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ നടക്കുന്ന കോമാളിത്തങ്ങളും പുറത്തുപറയാനറ യ്ക്കുന്ന ഹീനപ്രവൃത്തികളും ഭരണകർത്താക്കൾക്കുപോലും നിയന്ത്രിക്കാനാകാത്ത സ്ഥിതിയിൽ എത്തിയിരിക്കുകയാണ്. പ്രാണനെ ഭയന്ന് റാഗിംഗിന് ഇരയാകുന്ന എത്രയെത്ര കുരുന്നു ജീവിതങ്ങളാണ് ക്രൂരമായ വിനോദത്തിനിരയായി ഞെട്ടലിലും ഭീതിയിലും നിന്ന് കരേറാനാകാതെ ഉലഞ്ഞുവലയുന്നത്! നല്ല ശോഭനമായ ഭാവി നേടിയെടുക്കേണ്ട എത്രയെത്ര യുവാക്കളാണ് യൗവനത്തിന്റെ മദ്ധ്യത്തിൽതന്നെ അകാലവാർദ്ധക്യം പ്രാപിച്ച് ജീവിതം ഇരുളടഞ്ഞ്, തീരാരോഗികളായി, നൈരാശ്യത്തിൽ വാടി

ത്തളർന്ന്, ദിനരാത്രങ്ങൾ തള്ളിനീക്കുന്നത്! പണവും കഴിവും ബുദ്ധിയും യൗവനവീര്യവും പാപത്തിന് വിട്ടുകൊടുത്ത് ആയുസ്സു പാഴാക്കുന്നവർ, നിമിഷനേരത്തെ രസത്തിനും സുഖത്തിനുംവേണ്ടി, വരുംവരായ്കകൾ ചിന്തിക്കാതെ കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവർ - എന്നിവരോടാണ് ദൈവത്തിന്റെ ആത്മാവ് ചോദിക്കുന്നത്:

"അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തിവരുത്താത്തതിന് നിങ്ങളുടെ പ്രയത്നഫലവും ചെലവിടുന്നതെന്തിന്?"

മാന്യ യുവാവേ, നീ നിന്റെ സമ്പത്ത് ചെലവിടുന്നതെന്തിനെല്ലാമാണ്? നിന്റെ സമയം ചെലവിടുന്നതെന്തിനാണ്? നിന്റെ ആരോഗ്യവും യുവത്വത്തിന്റെ ഓജസ്സും ചെലവിടുന്നതെന്തിനുവേണ്ടിയാണ്? നിന്റെ കഴിവുകളും അദ്ധ്വാനഫലവും ആർക്കുവേണ്ടിയാണ് നീ ചെലവിടുന്നത്?

യൗവനകാലം അശുദ്ധിക്കും അഴുക്കിനും കടിഞ്ഞാണില്ലാത്ത ജീവിതത്തിനുംവേണ്ടി ചെലവിട്ട് നശിച്ചുപോയിരുന്ന ഒരു ചെറുപ്പകാരനാണ് ഇന്ന് മംഗലത്തുനടയിൽ വളരെ മാന്യമായും യോഗ്യമായും അദ്ധ്വാനിച്ച് ജീവിക്കുന്ന വറുഗീസ്. വറുഗീസിന്റെ മാനസാന്തരത്തെയും അനന്തര ഫലങ്ങളെയും കുറിച്ച് ചോദിച്ചറിയാം.

വറുഗീസിന്റെ മാനസാന്തരത്തിനു മുമ്പുള്ള ജീവിതം ഒന്ന് വിവിരിച്ചു പറയാമോ?

ഞാനൊരു യാക്കോബായ കുടുംബത്തിൽ ജനിച്ചുവളർന്നവനാണ്. തീരെ പാവപ്പെട്ട ഒരു കുടുംബമായിരുന്നു എന്റേത്. ആഹാരത്തിന് പലപ്പോഴും മുട്ടുണ്ടായിട്ടുണ്ട്.

ഞാൻ ചെറുപ്പം മുതലേ തന്നിഷ്ടക്കാരനും അഹങ്കാരിയുമാ

യിരുന്നു. തീരെ ചെറുപ്പത്തിൽതന്നെ ഒട്ടേറെ ലജ്ജാകരമായ ദുശ്ശീലങ്ങൾക്ക് ഞാൻ അടിമയായി. എന്റെ അപ്പനെയും അമ്മയെയും ഞാൻ അനുസരിച്ചിരുന്നില്ല.

വീട്ടിലുള്ളവർ പള്ളിയിൽ പോകുമ്പോഴും ഞാൻ പള്ളിയിൽ പോകാതെ റൗഡിപ്പിള്ളേരുടെകൂടെ നടക്കുമായിരുന്നു. ചീത്തകൂട്ടുകെട്ടിൽ കുടുങ്ങി എന്റെ ജീവിതം നശിച്ചു. ഇന്ന് അറപ്പു തോന്നുന്ന അനേകം കൊള്ളരുതായ്മകളിൽ ഞാൻ വീണു. മദ്യപാനവും പുകവലിയും സിനിമയും എന്റെ ജീവിതത്തെ ബാധിച്ചു.

ആ കാലത്ത് ഒരു മദ്യഷാപ്പിൽ കള്ളെടുത്ത് കൊടുക്കുന്ന ജോലി എനിക്കു കിട്ടി. അതോടെ മദ്യപാനം വർദ്ധിച്ചു. ആഭാസത്തരങ്ങലും വർദ്ധിച്ചു.

എന്റെ വിവാഹം കഴിഞ്ഞിട്ടും എന്റെ കടിഞ്ഞാണില്ലാത്ത ജീവിതം ഒന്നു നേരെയായില്ല. ഞാൻ ഭൂമിയും മറ്റു സാധനങ്ങളും വിറ്റ് മദ്യപിക്കാൻ തുടങ്ങി. സ്വത്ത് നഷ്ടപ്പെട്ടതോടുകൂടി എനിക്ക് നിരാശയും കൂടി. നിരാശ മാറാനും മയങ്ങിയിരിപ്പാനും മദ്യപാനം കൂട്ടി. ഒരു ഭ്രാന്തനെപ്പോലെ ജീവിച്ച് ഞാൻ നാട്ടിലും വീട്ടിലും ഒരു ശാപമായിത്തീർന്നു.

എല്ലാം വിറ്റ് കുടിച്ചു നശിച്ചു എന്നു മനസ്സിലായതോടെ കൊടിയ നിരാശ എന്നെ ബാധിച്ചു. തന്നത്താൻ മരിക്കാമെന്ന് തീരുമാനിച്ച് ഞാൻ ആലുവ റെയിൽവെ സ്റ്റേഷനിൽചെന്ന് തീവണ്ടിപ്പാളത്തിൽ തലവെച്ച് മരിക്കാൻ പോയി. ട്രെയിൻ വരുന്നത് കാത്ത് ബോധം നശിച്ചവനെപ്പോലെ തീവണ്ടിപ്പാളത്തിൽ ഞാൻ നിന്നപ്പോൾ ഒരാൾ എന്നെ സ്നേഹത്തോടെ വിളിച്ചു. അങ്ങനെ ആത്മഹത്യ നടന്നില്ല.

എന്താണ് സ്വന്തം നാടുവിട്ട് മംഗലത്തുനടയിൽ വന്നു താമ

സിച്ചത്?

സ്വന്തം നാട്ടിൽ ജീവിക്കാൻ പറ്റാത്തതുപോലെയായി. പട്ടിണിയും ദുരിതവും കഷ്ടപ്പാടുംകൊണ്ട് വലഞ്ഞു. നാടുവിട്ടാലെങ്കിലും ഒരു സമാധാനമാകുമെന്നോർത്ത് മംഗലത്തുനടയിൽ വന്നു താമസം തുടങ്ങി.

പുല്ലുമേഞ്ഞ ഒരു ചെറ്റക്കുടിലിലാണ് താമസം തുടങ്ങിയത്. അന്ന് കല്ലുവെട്ടാൻ പോകും. കിട്ടുന്ന കൂലിയുടെ നല്ലഭാഗം മദ്യപിക്കും. എന്തിനാണ് ജീവിക്കുന്നതെന്നോ, ഒരു സ്വർഗ്ഗമുണ്ടെന്നോ നരകമുണ്ടെന്നോ ദൈവമുണ്ടെന്നോ ഒന്നും ചിന്തിക്കാതെ ഒരു മൃഗത്തെപ്പോലെ ഞാൻ ജീവിച്ചു.

പിന്നീട് മാനസാന്തരപ്പെടാനിടയായതെങ്ങനെയാണ്?

എന്റെ ഭാര്യ ഒരു ദിവസം അവളുടെ വീട്ടിൽ പോയി. ഞാൻ പണി കഴിഞ്ഞ് വരുമ്പോൾ എന്റെ മക്കൾ മൂന്നുപേരും തളർന്നു കിടന്നുറങ്ങുകയാണ്. അന്ന് ഞാൻ അരി വാങ്ങിക്കൊണ്ടുവന്നില്ലായിരുന്നു. മുഴുവൻ കുടിച്ചു തീർത്തിരുന്നു. അന്ന് മക്കളും ഞാനും പട്ടിണിയിയിരുന്നു. അന്നു ഞാനോർത്തു, എന്റെയും എന്റെ കുഞ്ഞുങ്ങളുടെയും ജീവിതം നശിക്കുകയാണല്ലോ എന്ന്. കോലഞ്ചേരിയിൽ ഒരു കൺവൻഷൻ

നടക്കുന്നുണ്ടെന്നും അതിലൊന്നു പോകുന്നത് നല്ലതാണെന്നും അയൽപക്കത്തുള്ള ഒരാൾ എന്നെ നിർബ്ബന്ധമായി വിളിച്ചു. അന്ന് സാറായിരുന്നു അവിടെ പ്രസംഗിച്ചത്. മെയ്മാസം മൂന്നാം തീയതി സാറ് ഫറഞ്ഞ വചനം എന്നോടുതന്നെയാണെന്ന് എനിക്കു തോന്നി. എന്റെ തകർന്ന ജീവിതം ഒരു വ്യവസ്ഥയും കൂടാതെ ഞാൻ യേശുതമ്പുരാന്റെ കൈകളിലേക്ക് സമർപ്പിച്ചു. ഞാൻ യേശുവിനെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

15

അതിനെ തുടർന്നുള്ള അനുഭവമെന്തായിരുന്നു?

എന്റെ മദ്യപാനം മാറി, പുകവലി മാറി, കർത്താവ് ദുഃഖിക്കുന്നതൊന്നും ജീവിതത്തിൽ വരരുതെന്നുള്ള നിർബ്ബന്ധത്തോടുകൂടി ഞാൻ ജീവിക്കുകയാണ്.

എന്റെ പട്ടിണി മാറി, കല്ലു വെട്ടുന്നതിനുള്ള ഒരു മെഷീൻ ഞാൻ സ്വന്തമായി വാങ്ങി. ആറുപേരെ

കൂട്ടി അവർക്ക് ദിവസക്കൂലി കൊടുത്ത് കല്ല് വെട്ടി വില്ക്കുകയാണ്.

വീട്ടിൽ വലിയ സമാധാനം ഇന്നുണ്ട്, ഇന്ന് ഞാനും ഭാര്യയും പിള്ളേരും ഒരുമിച്ച് സന്തോഷമായി, ഒരു മനസ്സോടെ, സ്നേഹമായി ജീവിക്കുന്നു. ഇന്ന് അരുതാത്തതിനൊന്നും രൂപ ചെലവഴിക്കാത്തതുകൊണ്ട് വീട്ടിൽ ഒന്നിനും മുട്ടില്ല.

പ്രിയപ്പെട്ട വറുഗീസ് ആരോഗ്യവും പണവും സമയവും എല്ലാം പാപത്തിനുവേണ്ടി ചെലവഴിച്ചുകൊണ്ടിരുന്നെങ്കിലും ഒരു സത്യമാനസാന്തരം ലഭിച്ചതിനുശേഷം തൃപ്തിവരുത്താത്തതിനുവേണ്ടി ചെലവിടുകയില്ലെന്ന് തീരുമാനിച്ചു. പ്രിയ സ്നേഹിതാ, ഇതുപോലൊരു തീരുമാനം എടുക്കാൻ നിനക്കു മനസ്സുണ്ടോ?

അപ്പമല്ലാത്തതിനുവേണ്ടിയാണ് നിന്റെ പണം ചെലവിട്ടുകൊണ്ടിരിക്കുന്നതെന്ന് നീ ഗ്രഹിക്കുന്നുവോ? നീ ഇന്ന് ചെലവഴിച്ചുകൊണ്ടിരിക്കുന്നതൊന്നും നിനക്ക് തൃപ്തിവരുത്തുകയില്ലെന്ന് നീ മനസ്സിലാക്കുന്നുവോ?

ശമര്യയിലെ കിണററിരികിൽവെച്ച് ഒരു നട്ടുച്ച സമയത്ത് പാപിനിയായ സ്ത്രീയോട് യേശു പറഞ്ഞു:

"ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും

[redacted]



ദാഹിക്കും; ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവയായിത്തീരും."

യോഹന്നാൻ 4 : 13 – 14

ആത്മാവിനെക്കുറിച്ച് കരുതലില്ലാതെ ഈ ലോക കാര്യങ്ങളെ മാത്രം ചിന്തിച്ചും ആകുലപ്പെട്ടും ലോകവിഷയങ്ങളിൽ ഭാരപ്പെട്ടും കഴിയുന്ന എത്രയോ ആളുകളുണ്ട്! മരണശേഷം ഒരു ന്യായവിധി ഉണ്ടെന്നോ ന്യായവിധിക്കുശേഷം ഒരു നിത്യതയുണ്ടെന്നോ, ആ നിത്യത ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ നരകം എന്നിങ്ങനെയാണെന്നോ ചിന്തിക്കാതെ, ആത്മാവ് നിത്യസ്വർഗ്ഗത്തിലെത്തണമെന്ന് കരുതാതെ പകലും രാവും ഈ ലോക കാര്യങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്ന എത്രയെത്ര ആളുകളുണ്ട്! "അവർ ഉയരത്തിലുള്ളതല്ല; ഭൂമിയിലുള്ളതത്രേ ചിന്തിക്കുന്നത്."

നാമെല്ലാവരും ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ ഉയരത്തിലുള്ളത് ചിന്തിക്കുന്നവരായിരിപ്പാനത്രേ കർത്താവ് നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്. "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം? എന്നു യേശു ചോദിക്കുന്നു. ദൈവവിഷയമായി സമ്പന്നനാകാൻ യേശു ജനത്തെ പ്രബോധിപ്പിച്ചു.

കർത്താവ് തന്റെ ആദ്യത്തെ പ്രസംഗത്തിൽ അരുളിച്ചെയ്തു:

"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗ ത്തിൽ

16

നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ."

മത്തായി 6 : 19 - 20

"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു" എന്ന് തിരുവെഴുത്തു പറയുന്നു. 1 യോഹ. 2 : 17

ലോകപ്രകാരം എല്ലാം നേടിയ ഒരാളാണ് നെപ്പോളിയൻ ചക്രവർത്തി. 'യൂറോപ്പിലെ സിംഹം' എന്നദ്ദേഹം അറിയപ്പെട്ടിരുന്നു. യൂറോപ്പിനെ അദ്ദേഹം കിടുകിടെ വിറപ്പിച്ചു.

1815-ലെ വാട്ടർലൂ യുദ്ധത്തിൽ അദ്ദേഹത്തെ വെല്ലിംഗ്ടൺ പ്രഭു തോല്പിച്ചു. അദ്ദേഹത്തെ സെ. ഹെലീന ദ്വീപിലേക്ക് നടുകടത്തി. അദ്ദേഹം പരാജിതനായി, നിരാശനായി. ഏകാകിയായി ആ വിജനമായ ദ്വീപിൽ കിടക്കുമ്പോൾ വിതുമ്പിക്കൊണ്ട് പറഞ്ഞു:

"അലക്സാണ്ടറും സീസറും ചാർലിമെയ്നും ബലപ്രയോഗംകൊണ്ട് സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. ഞാനും കൈക്കരുത്തുകൊണ്ട് സാമ്രാജ്യം സ്ഥാപിച്ചു. ഈ സാമ്രാജ്യങ്ങളെല്ലാം തകർന്നുവീണു. എന്നാൽ ഗലീലക്കാരനായ യേശു മനുഷ്യഹൃദയങ്ങളിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചു. അത് സ്നേഹത്തിന്റെ സാമ്രാജ്യമത്രേ. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും യേശുവിന്റെ സാമ്രാജ്യം കെട്ടുറപ്പോടെ അജയ്യമായി നിലകൊള്ളുന്നു. യേശുവിന്റെ സാമ്രാജ്യത്തിൽ ലക്ഷോപലക്ഷങ്ങൾ അവനുവേണ്ടി ജീവൻ ത്യജിക്കാൻ തയ്യാറായി നിൽക്കുന്നു. അല്ലയോ ഗലീലക്കാരാ, നീയത്രേ ജയാളി! നീയത്രേ ജേതാവ്."

മാന്യ സ്നേഹിതാ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാമ്രാജ്യത്തിൽ ഒരു വീരപോരാളിയാകാൻ നിനക്ക് കൊതിയുണ്ടോ?

നിന്റെ ഹൃദയം അതിന്നായി ദാഹിക്കുന്നുണ്ടോ? ക്രിസ്തുവിനു വേണ്ടി നിന്റെ പണവും സമയവും സ്വാധീനവും ശക്തിയും ആയുസ്സും ഭാവിയും ചെലവഴിക്കാൻ നീ ആഗ്രഹിക്കുന്നുണ്ടോ? അപ്പമല്ലാത്തതിന് എന്റെ ദ്രവ്യവും തൃപ്തി വരുത്താത്തതിന് എന്റെ പ്രയത്നഫലവും ഞാൻ ചെലവഴിക്കുകയില്ലെന്ന് നീ തീരുമാനിക്കുന്നുവോ?

എങ്കിൽ, മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, ഇപ്പോൾത്തന്നെ നിന്റെ ഉള്ളം ക്രിസ്തുവിനായി നീ തുറക്കുക. നിന്റെ ജീവന്റെ ഉടയവനും കർത്താവുമായി ക്രിസ്തുവിനെ നീ സ്വീകരിക്കുക. നിന്റെ അടുത്ത് നിന്റെ ഭാവി പ്രശോഭിതമാക്കാൻ നിൽക്കുന്ന ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്റെ ജീവിതം നീ ഏല്പിക്കുക. നിന്റെ മേൽ തന്റെ കരം അവൻ വെയ്ക്കട്ടെ. അവൻ നിന്നെ അനുഗ്രഹിക്കട്ടെ. അവൻ നിന്റെ പാപബന്ധനങ്ങൾ അഴിക്കട്ടെ. അവൻ നിന്റെ ശാപങ്ങളും കെടുതികളും മാറ്റട്ടെ. അവൻ നിന്റെ രോഗം സൗഖ്യമാക്കട്ടെ. നിത്യജീവന്റെ അവകാശം നിനക്കു നൽകട്ടെ. അവന്റെ തിരുനാമം എന്നുമെന്നേക്കും മഹത്വപ്പെടട്ടെ.

## മൂന്ന്

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവ ന്നുവേണ്ടി ചെലവിടുകയും ചെലവായ്പോകയും ചെയ്യും." 2 കൊരി. 12 : 15

"ഞാൻ വെറുതെ അദ്ധ്വാനിച്ചു. എന്റെ ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവഴിച്ചിരിക്കുന്നു." യെശയ്യാ 49 : 4

അപ്പമല്ലാത്തതിനു നിങ്ങളുടെ ദ്രവ്യവും തൃപ്തി വരുത്താത്ത തിന് പ്രയത്നഫലവും ചെലവിടുന്നതിനെപ്പറ്റി നാം ചിന്തിച്ചല്ലോ. ഇവടെയും അതുതന്നെയാണ് കാണുന്നത്.

"ഞാൻ വെറുതെ അദ്ധ്വാനിച്ചു. എന്റെ ശക്തിയെ വ്യർത്ഥ മായും നിഷ്ഫലമായും ചെലവഴിച്ചിരിക്കുന്നു."

അനേകമനേകം ആളുകളും ഇന്ന് രാപകൽ അദ്ധ്വാനിക്കുന്നു ണ്ട്. വളരെ കഷ്ടപ്പെടുന്നു. പക്ഷേ സ്ഥായിയായ പ്രതിഫം ലഭി ക്കുന്നില്ല. എത്ര പ്രയത്നിച്ചിട്ടും ഒരു കരേറ്റം കിട്ടുന്നില്ല. ഒരു മുന്നേറ്റം ലഭിക്കുന്നില്ല. അടിയ്ക്കടി കഷ്ടനഷ്ടങ്ങൾ! ഒന്നിനു

പുറകെ ഒന്നായി പ്രതിസന്ധികൾ! ഒടുവിൽ നിരാശയുടെ നെടുവീർപ്പോടെ ആത്മഗതം ചെയ്യുകയാണ്.

"ഞാൻ വെറുതെ അദ്ധ്വാനിച്ചു. എന്റെ ശക്തിയെ വ്യർത്ഥമായും നിഷ്ഫലമായും ചെലവഴിച്ചിരിക്കുന്നു."

അദ്ധ്വാനിക്കേണ്ട എന്നാണോ അതിന്റെ അർത്ഥം? പ്രയത്നിക്കാതെ ഒരു ജോലിയും ചെയ്യാതെ, അലസനായി ഇരിക്കണമെന്നാണോ അതിന്റെ ആശയം?

ഒരിക്കലുമല്ല; നാം നല്ലതുപോലെ അദ്ധ്വാനിക്കണം. ഒട്ടും ഉഴപ്പരുത്. അലസതയ്ക്കിടം കൊടുക്കരുത്. വിശ്രമമെന്നുപറഞ്ഞ് ജോലി ചെയ്യാതിരിക്കരുത്.

പക്ഷേ എല്ലാറ്റിനും മുമ്പെ ക്രിസ്തുവിന് മുൻഗണന നൽകണം (supreme priority). കർത്താവ് മലപ്രസംഗത്തിൽ പറഞ്ഞത് അതുതന്നെയാണ്.

> "ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്ന് അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."
>
> മത്തായി 6 : 31 – 33

എല്ലാറ്റിനും മുമ്പെ ക്രിസ്തുവിന്റെ രാജ്യവും ക്രിസ്തുവിന്റെ നീതിയും നാം അന്വേഷിച്ചാൽ ഈ ലോകത്തിലെ കാര്യങ്ങളിൽ ആകുലമില്ലാതെ നമുക്ക് പ്രവർത്തിക്കാൻ കഴിയും. അപ്പോൾ നമ്മുടെ അദ്ധ്വാനങ്ങളും വിശ്രമമില്ലാത്ത ജോലികളും എല്ലാം

ഫലവത്തായിത്തീരും.

പൗലോസ് അപ്പോസ്തലൻ പറഞ്ഞു:

“ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും.”

സ്വന്തം ജീവിതം യേശുക്രിസ്തുവിന്റെ നാമത്തിൽ മറ്റുള്ള വർക്കുവേണ്ടി ചെലവിടുകയും ചെലവായിപ്പോകുകയും ചെയ്യു മെങ്കിൽ അദ്ധ്വാനങ്ങൾ നിഷ്ഫലമാകുകയില്ല. വേല ചെയ്യുവാൻ മടി കാണിക്കരുത് എന്ന് പറയുക മാത്രമല്ല പൗലോസ് ഉപജീവ നത്തിന് കൂടാരപ്പണി ചെയ്യുന്നവനായിരുന്നു.

കൊരിന്തിൽ താമസിച്ച കാലത്ത് പൗലോസ് അക്വിലാസി ന്റെയും പ്രിസ്ക്കില്ലയുടെയും കൂടെയാണ് താമസിച്ചിരുന്നത്.

> “തൊഴിൽ ഒന്നാകകൊണ്ട് അവൻ അവരോടു കൂടെ പാർത്ത് വേല ചെയ്തുപോന്നു; തൊഴിലോ കൂടാരപ്പണിയായിരുന്നു.” അപ്പോ. പ്രവൃ. 18 : 3

അതുകൊണ്ടാണ് അപ്പോസ്തലൻ പറഞ്ഞത്:

> “ഞങ്ങളെ അനുകരിക്കേണ്ടിയത് എങ്ങനെ എന്നു നിങ്ങൾ തന്നേ അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമംകെട്ടു നടന്നിട്ടില്ല; ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല; നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുത് എന്നുവെച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടുംകൂടെ രാപ്പകൽ വേലചെയ്തുപോന്നത് അധികാരമില്ലാ ഞ്ഞിട്ടല്ല, അനുകരിപ്പാൻ നിങ്ങൾക്കു ഞങ്ങളെ മാതൃകയാക്കിത്തരേണ്ടതിന്നത്രേ. വേല ചെയ്യാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത് എന്നു ഞങ്ങൾ

[redacted]

നിങ്ങളോടു കൂടെ ഇരിക്കുമ്പോൾതന്നേ ആജ്ഞാപി ച്ചിട്ടുണ്ടല്ലോ. നിങ്ങളിൽ ചിലർ ഒട്ടും വേലചെയ്യാതെ പരകാര്യം നോക്കി ക്രമംകെട്ടു നടക്കുന്നു എന്നു കേൾക്കുന്നു. ഇങ്ങനെ യുള്ളവരോട് : സാവധാന ത്തോടെ വേലചെയ്തു അഹോവൃത്തി കഴിക്കേണം എന്നു കർത്താവായ യേശുക്രിസ്തുവിൽ ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു."

2 തെസ്സ. 3 : 7 – 12

തെസ്സലോനികൃയിലെ വിശ്വാസികളെ അപ്പോസ്തലൻ പ്രബോധിപ്പിച്ചത് ഈ ആധുനിക തലമുറയിൽ ജീവിക്കുന്ന നമുക്കും ഒരു വിലയേറിയ മാതൃകയായിത്തീരേണ്ടതാണ്. നമ്മുടെ അദ്ധ്വാനവും പ്രയത്നവും ഫലപ്രദമായിത്തീരുവാൻ ക്രിസ്തുവിനെ മുൻനിറുത്തുക, ക്രിസ്തുവിന്റെ രാജ്യവും നീതിയും ഒന്നാമത് അന്വേഷിക്കുക.

ജീവിതത്തിന്റെ സമയം മുഴുവൻ വ്യർത്ഥമായി അദ്ധ്വാനി ക്കുകയും നിഷ്ഫലമായി പ്രയത്നിക്കുകയും ചെയ്ത് ഒരാളാണ് കോലഞ്ചേരിയിൽ മി. മാത്യു ഫിലിപ്പിന്റെ ഭാര്യ ആലീസ്. ആലീ സിന്റെ ജീവിതത്തിൽ മാനസാന്തരം വന്നതിനെക്കുറിച്ച് ഇപ്പോൾ നമുക്കൊന്ന് ചോദിച്ചറിയാം.

ആലീസിന്റെ മാനസാന്തരത്തിനു മുമ്പുള്ള കാലത്തെക്കുറിച്ച് ഇന്നെന്തെല്ലാം ഓർക്കുന്നുണ്ട്?

ചെറുപ്പത്തിൽതന്നേ വീട്ടുജോലികൾ ചെയ്യുക എന്നതായി രുന്നു എനിക്ക് ഇഷ്ടം. പഠിക്കുവാൻ ഞാൻ ഉത്സാഹിച്ചിരുന്നി ല്ല. ഒരു മടിയും കൂടാതെ എല്ലാ ജോലിയും ചെയ്ത് ഞാൻ നല്ലതുപോലെ അദ്ധ്വാനിച്ചിരുന്നു. ഇങ്ങനെ വെറുതെ അദ്ധ്വാ നിച്ച് എന്റെ സമയം ചെലവഴിച്ചുകൊണ്ടിരിക്കുന്നത് നിഷ്ഫല

മാണെന്ന് ഞാനന്ന് അറിഞ്ഞിരുന്നില്ല.

എന്റെ ഹൃദയം നിറയെ പാപമായിരുന്നു. പള്ളിയിലും സണ്ടേ സ്കൂളിലും പോകുകയും വീട്ടിൽ പ്രർത്ഥിക്കുകയും ഒക്കെ ചെയ്തിരുന്നു. പക്ഷേ എന്റെ ഉള്ളിൽ ചീത്ത ചിന്തകളായിരുന്നു. പുറത്തു പറയാൻ ലജ്ജിക്കുന്ന അഴുക്കു വികാരങ്ങളും മോഹങ്ങളും എന്റ ഉള്ളിൽ ഉണ്ടായിരുന്നു. ഇടയ്ക്ക് ഉപവാസവും നോമ്പും പ്രാർത്ഥനയും എല്ലാം ഉണ്ടായിരുന്നു. എന്നാൽ ചിന്ത മുഴുവൻ അശുദ്ധമായിരുന്നതുകൊണ്ട് ഒന്നും പഠിക്കാൻ കഴിഞ്ഞിരുന്നില്ല. എന്റെ സഹോദരികൾ നല്ലതുപോലെ പഠിക്കുന്നതു കണ്ട് എനിക്കങ്ങനെ പഠിക്കാൻ കഴിയുന്നില്ലല്ലോ എന്നോർത്ത് ഞാൻ വളരെ നിരാശപ്പെട്ടിട്ടുണ്ട്.

അശുദ്ധിക്കുവേണ്ടിയുള്ള വലിയ മോഹങ്ങളെന്നിൽ ഉണ്ടായിരുന്നെങ്കിലും അരുതാത്ത ഒരു പ്രവൃത്തിയിലേക്കും ഞാൻ പോയില്ല. കഠിനമായി അദ്ധ്വാനിക്കും; ജോലി എടുക്കും; വീട്ടുപണികളെല്ലാം ചെയ്യും. പക്ഷേ എന്തിനു ജീവിക്കുന്നു; എന്തിനു ജോലി ചെയ്യുന്നു എന്നിങ്ങനെ ഒരു ലക്ഷ്യബോധവുമില്ലായിരുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എന്റെ വീട്ടിലുള്ളവരെല്ലാവരും സാറിന്റെ വീട്ടിൽ നടക്കുന്ന പ്രാർത്ഥനായോഗത്തിനു വരുമായിരുന്നു. ആ കൂട്ടത്തിൽ ചടങ്ങുപോലെ ഞാനും വരുമായിരുന്നു. പക്ഷേ ആ വചനമൊന്നും എന്റെ ഉള്ളത്തിലേക്ക് പ്രവേശിച്ചിരുന്നില്ല.

ഞാൻ പത്താം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ എനിക്ക് വായിക്കാനും പഠിക്കാനും ഒന്നും കഴിയാതെ ഞാൻ നിരാശപ്പെട്ട് വലയുകയായിരുന്നു. വായിച്ചിട്ടൊന്നും മനസ്സിലാകുന്നില്ല. ഞാൻ വലിയ നിരാശയടും ഭാരത്തോടുംകൂടിവന്ന് വചനം

കേട്ടുകൊണ്ടിരു◌്നു. അന്നത്തെ വചനം എന്റെ ഉള്ളത്തെ തൊട്ടു. എന്റെ പാപജീവിതം ഉപേക്ഷിച്ച് യേശുക്രിസ്തുവിനെ എന്റെ അരുമനാഥനായി സ്വീകരിക്കാനെനിക്ക് അന്ന് ഒരു ഭാഗ്യം ലഭിച്ചു. വലിയ ശാന്തിയും സമാധാനവും എനിക്കുണ്ടായി.

അതിനെ തുടർന്നുള്ള അനുഭവമെന്തായിരുന്നു?

വളരെ കഴിയുന്നതിനു മുമ്പ് എന്റെ വിവാഹം നടന്നു. ഭാഗ്യവശാൽ ദൈവത്തെ അറിയുന്ന ഒരാളെയാണ് എനിക്ക് ഭർത്താവായി കിട്ടിയത്. എന്റെ രണ്ടാമത്തെ പ്രസവത്തെതുടർന്ന് stitch infection ആയി പത്തൊൻപതു ദിവസം ഞാൻ ഹോസ്പിറ്റലിൽ കിടന്നു. ഞാൻ ഏറ്റവും വലഞ്ഞുപോയ ഒരു സമയമായിരുന്നു അത്. ആശ്രയം തേടി ഞാൻ ദൈവമക്കളിലേക്കെല്ലാം നോക്കി. ആർക്കും എന്നെ സഹായിപ്പാൻ കഴിഞ്ഞില്ല. വിട്ടുമാറാത്ത പനി, അസഹ്യമായ വേദന, ആരും തുണയില്ലാത്ത അവസ്ഥ - ഞാനേറെ വലഞ്ഞു. മരിക്കാൻ പോകുകയാണെന്ന് തോന്നി. ഞാൻ ഏങ്ങലടിച്ചു കരഞ്ഞു.

ദൈവത്തെ വിളിച്ചപേക്ഷിക്കാൻപോലും കഴിയുന്നില്ല. മലണമുണ്ടെന്നും ആ സമയത്ത് ക്രിസ്തു ഇല്ലെങ്കിൽ ആർക്കും സഹായിപ്പാൻ കഴിയുകയില്ലെന്നും ഞാൻ മനസ്സിലാക്കി. കൂട്ടായ്മയിൽ പലരും രോഗത്തിന്റെ സമയത്ത് വലിയ ദൈവകൃപ അനുഭവിച്ചിട്ടുണ്ടെന്ന് ഞനോർത്തു. എനിക്കൊരായുസ്സു ഇനി ലഭിച്ചാൽ ഞാൻ എന്റെ പാപങ്ങളെല്ലാം ലജ്ജകൂടാതെ തുറന്ന് ഏറ്റുപറഞ്ഞ് ഒരു പുതിയ ജീവിതം നയിക്കുമെന്ന് ഞാൻ ദൈവത്തോട് പറഞ്ഞു. കർത്താവ് എനിക്ക് ആയുസ്സു നീട്ടിത്തന്നു.

ആ വാക്ക് എങ്ങനെയാണ് നിറവേറ്റിയത്?

ഒരു പുതിയ കാഴ്ചപ്പാടോടെയാണ് ഞാൻ പിന്നെ സാറിന്റെ വീട്ടിലെ വചനശുശ്രൂഷകൾക്ക് വന്നത്. ഞാനെന്റെ പാപമെല്ലാം

[redacted]

തുറന്ന് ഏറ്റുപറഞ്ഞു. എന്റെ ബന്ധനങ്ങളെല്ലാം കർത്താവ് അഴിച്ചുതന്നു. ക്രിസ്തുവിന്റെ രക്തത്താൽ എന്നെ കഴുകി വെടിപ്പാക്കി എന്നെനിക്കു നല്ല ബോദ്ധ്യം ലഭിച്ചു. പാപം ക്ഷമിച്ചുകിട്ടിയപ്പോൾ നാളതുവരെ അനുഭവിക്കാത്ത ഒരു സ്വർഗ്ഗീയ ശാന്തിയും ആശ്വാസവും എന്റെ ഉള്ളിൽ നിറഞ്ഞു.

ഇന്ന് ഞാൻ യേശുവിന്റെ സാക്ഷിയായി ജീവിക്കുകയാണ്. പ്രാർത്ഥന കേൾക്കുന്ന ക്രിസ്തു ജീവിക്കുന്നു എന്ന് അനേകരോട് സാക്ഷിച്ചുകൊണ്ട് ഒരു സമാധാന ജീവിതം നയിക്കുന്നു. എന്റെ ഭർത്താവിന്റെ അപ്പനെ വാർദ്ധക്യത്തിൽ വളരെ സ്നേഹത്തോടെ ശുശ്രൂഷിക്കുവാനും അപ്പച്ചനുവേണ്ടി പ്രർത്ഥിക്കാനും കർത്താവ് എനിക്ക് വലിയ കൃപ തരുന്നുണ്ട്. ഇന്നെനിക്ക് മനസ്സിലായി, ക്രിസ്തു എന്റെ ഉള്ളിൽ വസിക്കുന്നതുകൊണ്ട് ഞാനൊരു ഭാഗ്യവതിയാണെന്ന്. ദൈവത്തിനു സ്തോത്രം.

ക്രിസ്തു ക്രൂശിൽ അദ്ധ്വാനിച്ചു. വ്യർത്ഥമല്ലായിരുന്നു, ക്രിസ്തുവിന്റെ പ്രയത്നം നിഷ്ഫലമായില്ല. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന് എഴുന്നൂറ്റമ്പതു വർഷം മുമ്പ് ക്രൂശിൽ നമ്മുടെ കർത്താവ് സഹിച്ച യാതനയെയും പീഡയെയും പറ്റി യെശയ്യാ പ്രവാചകൻ പ്രവചിച്ചിട്ടുണ്ട്.

> തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു. അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു; ജീവനുള്ളവരുടെ ദേശത്തുനിന്നു അവൻ ഛേദിക്കപ്പെട്ടു എന്നും എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവന്നു ദണ്ഡനം വന്നു

> എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു? അവൻ സാഹസം ഒന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലാതെയും ഇരുന്നിട്ടും അവർ അവന്നു ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു. അവന്റെ മരണത്തിൽ അവൻ സമ്പന്ന ന്മാരോടുകൂടെ ആയിരുന്നു. എന്നാൽ അവനെ തകർത്തു കളവാൻ യഹോവെക്കു ഇഷ്ടം തോന്നി; അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കു കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും; നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനംകൊണ്ടു പലരെയും നീതീക രിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. അതുകൊണ്ട് ഞാൻ അവന്നു മഹാന്മാരോടുകൂടെ ഓഹരി കൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ള പങ്കിടും; അവൻ തന്റെ പ്രാണനെ മരണ ത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇടനിന്നും കൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നേ." യെശയ്യാവ് 53 : 7 – 12

ക്രിസ്തുവിന്റെ ക്രൂശിലെ പ്രയത്നം വ്യർത്ഥമല്ല എന്ന് അപ്പോ സ്തലനായ പൗലോസും പറയുന്നു:

> "വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തു ന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിം

> ഹാനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കയും ചെയ്തു." എബ്രായർ 12 : 2

അനേകമനേകം ആളുകൾ, നരകാഗ്നിയിൽ നശിച്ചു പോകുമായിരുന്നവർ, സ്വർഗ്ഗീയ സൗഭാഗ്യത്തിൽ നിത്യനിത്യയുഗം വാഴുന്നതിനായി ക്രിസ്തു ക്രൂശിൽ അദ്ധ്വാനിച്ചു. നരകയോഗ്യരായ അനേകം മനുഷ്യരെ നിത്യസ്വർഗ്ഗത്തിലാക്കുന്നതാണ് തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം. ആ മഹാസന്തോഷം ലഭിക്കുന്നതുകൊണ്ടാണ് ക്രൂശിലെ യാഗവും പീഡയും യാതനയും പ്രയത്നവും വ്യർത്ഥമായില്ല എന്നു പറയുന്നത്.

ഇതേ അനുഭവത്തോട് തൻമയീഭാവം പ്രാപിച്ചാണ് അപ്പോസ്തലനായ പൗലോസും ത്യാഗപൂർവ്വം പ്രയത്നിച്ചത്. അപ്പോസ്തലൻ റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് യൂറോപ്പിലെ ഒന്നാമത്തെ സഭയ്ക്ക് എഴുതി:

> വക്രതയും കോട്ടവുമുള്ള തലമുറയുടെ "നടുവിൽ...... അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു. അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്കു പ്രശംസ ഉണ്ടാകും." ഫിലിപ്പിയർ 2 : 14 - 16

മാന്യ സ്നേഹിതാ, നിന്റെ അദ്ധ്വാനം പ്രയോജനപ്രദമോ അതോ വ്യർത്ഥമോ? നീ ഇതആയും കാലം അദ്ധ്വാനിച്ചത് നിത്യതയിലേക്ക് എന്തെങ്കിലും പ്രയോജനം നൽകുന്നതാണോ? നിന്റെ അദ്ധ്വാനംകൊണ്ട് നീ എന്തു നേടി. നിന്റെ ആരോഗ്യവും പണവും വിദ്യാഭ്യാസവും കഴിവും സമയവും സ്വാധീനവും നീ ചെലവഴിച്ചത് വ്യർത്ഥവും നിഷ്ഫലവുമോ? അതോ ചിലസ്ഥാ

യിയായ സദ്ഫലങ്ങൾ ഉളവാക്കുന്നതാണോ?

ഇന്നു മുതൽ, ദൈവപൈതലേ, നിലനില്ക്കുന്ന സദ്ഫലങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുക. ഇന്നു മുതൽ നിത്യതയിൽ മുതൽക്കൂട്ടുണ്ടാക്കുന്നതിനുവേണ്ടി ചെലവഴിക്കുക. നിത്യസമ്പത്ത്, നിത്യജീവൻ, നിത്യസ്വർഗ്ഗം നേടിയില്ലെങ്കിൽ നിന്റെ അദ്ധ്വാനമെല്ലാം വ്യർത്ഥമല്ലേ?

അതുകൊണ്ട് ഇപ്പോൾ നിന്നോട് വാദിച്ചുകൊണ്ട് നിന്റെ അരികത്ത് നിൽക്കുന്ന ക്രിസ്തുവിനോട് ഒരു വാക്കു പറയൂ.

നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും. യേശുവേ, നീ എന്നിക്കുവേണ്ടി മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ ഒരു വിശുദ്ധനായി ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# നാല്

ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവ ന്നുവേണ്ടി ചെലവിടുകയും ചെലവായ്പോകയും ചെയ്യും. 2 കൊരി. 12 : 15

നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചി ക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല. യാക്കോബ് 4 : 3

"Even when you do ask you don't get it because your whole aim is wrong - you want only what will give hyou pleasure." Living Bible.

"When you ask, you do not receive, because you ask with wrong motives, that you may spend what you get on your pleasures". NIV.

നിങ്ങൾ യാചിക്കുമ്പോൾ നിങ്ങൾക്കു ലഭിക്കാത്തതിനു കാരണം നിങ്ങൾ യാചിക്കുന്നത് തെറ്റായ ഉദ്ദേശങ്ങളോടുകൂടി യാണ് എന്നത്രേ. അതയത് നിങ്ങൾക്ക് ലഭിക്കുന്നത് സുഖഭോഗ ങ്ങളിൽ ചെലവിടുക എന്ന ഉദ്ദേശമാണ് നിങ്ങൾക്കുള്ളത്.

അനേകരും ചെലവിടുന്നത് സുഖഭോഗങ്ങൾക്കുവേണ്ടിയാണ്. ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കുംവേണ്ടി ചെലവഴിക്കാം. എന്നാൽ luxuryയ്ക്കുവേണ്ടി ചെലവഴിക്കുന്നത് പാപമാണ്.

കർത്താവരുളിച്ചെയ്തു:

> “നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.”ലൂക്കോസ് 21 : 34

അതിഭക്ഷണം പാപമാണ്. ആഡംബരം പാപമാണ്. ധാടിമോടികൾ പാപമാണ്. വസ്ത്രധാരണത്തിലും ഭക്ഷണത്തിലും ജീവിതരീതിയിലും എല്ലാം ദൈമക്കൾ ലാളിത്യവും സംശുദ്ധിയും പാലിക്കണം. ഏറ്റവും വെടിപ്പായും വൃത്തിയായും യോഗ്യമായും വസ്ത്രം ധരിക്കണം. എന്നാൽ അതിൽ ആഡംബരങ്ങൾ അനാവശ്യമായി ചേർക്കാതെ സൂക്ഷിക്കണം.

പണമുണ്ടെങ്കിലും ഇല്ലെങ്കിലും അതിരുവിട്ട് പണം ചെലവഴിക്കുന്നവരുണ്ട്. കണ്ണിനിമ്പമേകുന്നതെന്തും വാങ്ങിക്കൂട്ടുന്നവരുണ്ട്. ‘ഫോറിൻ ഭ്രമം’ പല ദൈവമക്കളെയും കുരുക്കിയിട്ടിരിക്കയാണ്. സംസാരഭോഗങ്ങൾ അഥവാ pleasures in life പാപമാണെന്ന് ചിന്തിക്കാതെ കഴിയുന്ന ദൈവമക്കളുണ്ട്. മദ്യപാനം, വെറിക്കൂത്ത്, കൊലപാതകം, സിനിമ, ചീട്ടുകളി, മോഷണം, കവർച്ച, വ്യഭിചാരം മുതലായ എണ്ണപ്പെട്ട പാപങ്ങളുടെ പ്രവൃത്തി എന്നിലില്ലല്ലൊ എന്ന സംതൃപ്തിയിൽ കഴിയുന്ന ആളുകൾ ചിന്തിക്കുന്നില്ല, അനേകം പാപങ്ങൾ തങ്ങളുടെ ജീവിതത്തിൽ ഇഴുകിച്ചേർന്നു നില്ക്കുന്നുണ്ട് എന്ന്.

നമ്മുടെ കർത്താവ് വിത്ത് വിത്‌യ്ക്കുന്നതിന്റെ ഉപമ പറഞ്ഞത്

## 23

നിങ്ങൾ ഓർക്കുന്നുണ്ടോ?

> "വിതയ്ക്കുന്നവൻ വിത്തു വിതപ്പാൻ പുറപ്പെട്ടു. വിതയ്ക്കുമ്പോൾ ചിലത് വഴിയരികെ വീണിട്ട് ചവിട്ടിപ്പോകയും ആകാശത്തിലെ പറവജാതി അതിനെ തിന്നുകളകയും ചെയ്തു. മറ്റു ചിലതു പാറമേൽ വീണു മുളച്ചു, നനവില്ലായ്കയാൽ ഉണങ്ങിപ്പോയി. മറ്റു ചിലതു മുള്ളിനിടയിൽ വീണു, മുള്ളും കൂടെ മളച്ചു അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലത് നല്ല നിലത്തു വീണു, മളച്ചു, നൂറുമേനി ഫലം കൊടുത്തു."
>
> ലൂക്കോസ് 8 : 4 – 8

കർത്താവ് ഈ ഉപമ പറഞ്ഞപ്പോൾ ശിഷ്യന്മാർക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. ഈ ഉപമ എന്ന് എന്ന് അവർ ചോദിച്ചു. അപ്പോൾ കർത്താവു പറഞ്ഞു:

> "വിത്തു ദൈവവചനം; വഴി.യരികെയുള്ളവൻ കേൾക്കുന്നവർ എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചു വന്നു അവരുടെ ഹൃദയത്തിൽനിന്ന വചനം എടുത്തുകളയുന്നു. പാറമേലുള്ളവരോ കേൾക്കുമ്പോൾ വചനം സന്തോഷത്തോടെ കൈക്കൊള്ളുന്നവർ എങ്കിലും അവർക്കു വേരില്ല; അവർ തൽക്കാലം വിശ്വസിക്കുകയും പരീക്ഷാസമയത്ത് പിൻവാങ്ങിപ്പോകയും ചെയ്യുന്നു. മുള്ളിന്നിടയിൽ വീണതോ കേൾക്കുന്നവർ എങ്കിലും പോയി ചിന്തകളാലും ധനത്താലും സംസാരഭോഗങ്ങളാലും ഞെരുങ്ങി പൂർണ്ണമായി ഫലം കൊടുക്കാത്തവരത്രേ. നല്ല മണ്ണിലുള്ളതോ, വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ച് ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നേ."
>
> ലൂക്കോസ് 8 : 11 – 15

[redacted]



ഇവിടെ മുള്ളിന്നിടയിൽ വീണ വിത്തിനെക്കുറിച്ച് പറയുന്ന ഭാഗം പ്രത്യേകം ശ്രദ്ധിക്കുക.

“The seed among the thorns re[resents those who listen and believe God’s words but whose faith afterwards is choked out by worry and riches and the responsibilities and pleasures of life.” എന്നാണ് Living Bible-ൽ കാണുന്നത്.

Pleasure of life ആണ് സംസാരഭോഗങ്ങൾ. അവയ്ക്ക് ജീവിതത്തിൽ സ്ഥാനം കൊടുക്കുന്ന വ്യക്തിയുടെ ഹൃദയത്തിൽ വചനം മുളയ്ക്കുന്നു എങ്കിലും ആ മുളയെ സംസാരസുഖഭോഗങ്ങൾ pleasure of life ഞെരുക്കുകയും ഫലം കൊടുക്കാതെ നഷ്ടപ്പെടുകയും ചെയ്യും. അങ്ങനെയുള്ള ഭോഗങ്ങളിൽ ചെലവിടേണ്ടതിന് യാചിക്കുമ്പോൾ അതു ലഭിക്കുകയില്ല എന്ന് തിരുവചനം പറയുന്നു.

ഉദ്ദിഷ്ടകാര്യങ്ങൾക്കായി ആത്മീയത്തെ ഉപയോഗിക്കുന്ന ആളുകളുണ്ട്. ഭൗതീകമായ ചില കാര്യങ്ങൾ മാത്രം ലാക്കാക്കി ആത്മീയത്തിന്റെ അന്തഃസത്തയെ വിലയിടിച്ചു കളയുന്നവരാണവർ. ഈ ലോകത്തിലെ ചില ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചുതരുന്ന ഒരു ദിവ്യമൂർത്തിയായിട്ടാണ് ദൈവത്തെ അവർ കാണുന്നത്. വളരെ പ്രാകൃതവും വികലവുമായ ഒരു ചിന്താഗതിയാണത്.

നിത്യസ്വർഗ്ഗം, നിത്യജീവൻ, നിത്യസൗഭാഗ്യം എന്നതുമാത്രം ലാക്കാക്കി ജീവിക്കുക എന്നതാണ് ഒരു സാക്ഷാൽ ദൈവപൈതലിന്റെ ലക്ഷണം. അപ്പോസ്തലനായ പൗലോസ് കൊരിന്തിലെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു:

> “നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശവെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യ

രിലും അരിഷ്ടന്മാരത്രേ."　　　　1 കൊരി. 15 : 19

നാം ഈ ആയുസ്സിലെ കാര്യം മാത്രം ലാക്കാക്കി ജീവിക്കരുതെന്ന് പൗലോസ് ഇവിടെ വ്യക്തമായി ചൂണ്ടിക്കാണിക്കുകയാണ്. നിത്യതയായിരിക്കണം നമ്മുടെ ലക്ഷ്യം. ഭൗതിക സുഖഭോഗങ്ങളായിരിക്കരുത് നമ്മുടെ ജീവിതോദ്ദേശം. ക്രിസ്തു ക്രൂശിൽ നേടിത്തന്ന ആത്മരക്ഷ ലാക്കാക്കിയാണ് നാം ജീവിക്കേണ്ടത്.

ഈ ലോകസുഖഭോഗങ്ങൾ ലാക്കാക്കി ഏറെക്കാലം ആത്മീയനെപ്പോലെ ജീവിച്ച ഒരാളാണ് കോലഞ്ചേരിയിലുള്ള ഷാജി. കോലഞ്ചേരിയിൽ ബിസിനസ്സ് നടത്തുന്ന ഷാജിയുടെ ജീവിതാനുഭവങ്ങൾ ഇപ്പോൾ നമുക്ക് ചോദിച്ചറിയാം.

ഷാജിയുടെ ജീവിതത്തിലെ ആദ്യകാലാനുഭവങ്ങൾ ഒന്നു പറയാമോ?

ഞാൻ പുരാതനമായ കടമറ്റം യാക്കോബായ പള്ളിയിലെ ഒരു ഇടവകാംഗമാണ്. ബാല്യം മുതൽ തന്നെ പ്രാർത്ഥനയും പള്ളിയാരാധനയും മറ്റും ഉണ്ടായിരിരുന്നു. കാണാതെ പഠിച്ച് ചെല്ലിത്തീർക്കുന്ന പ്രാർത്ഥനകളും ചടങ്ങിനുവേണ്ടിയുള്ള നോമ്പും മാത്രമായിരുന്നു എന്റെ ആത്മീയ നിലവാരം. ദൈവമുണ്ടെന്നോ സ്വർഗ്ഗമുണ്ടെന്നോ നരകമുണ്ടെന്നോ ഒരു വിചാരവും എനിക്കുണ്ടായിരുന്നില്ല.

ഞാൻ വളർന്നുവന്നപ്പോൾ സണ്ടെസ്കൂളിൽ പഠിപ്പിക്കാൻ തുടങ്ങി. ഇടവകയിലെ പ്രാർത്ഥനായോഗങ്ങൾ നടത്താനും ഞാൻ മുകൈ എടുത്തു. പക്ഷേ അന്നും ഞാൻ മദ്യപിക്കുമായിരുന്നു. സിനിമാ കാണുമായിരുന്നു. അപ്പനോടും അമ്മയോടും ധിക്കാരം പറയുകയും അനുസരണക്കേട് കാണിക്കുകയും ചെയ്തിരുന്നു. പൊട്ടിത്തെറിക്കുന്ന വിധത്തി്ല കോപിക്കുകയും അഹങ്കാരത്തോടെ സംസാരിക്കുകയും ചെയ്യുമായിരുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

വലിയ ശൂന്യതാബോധവും നിരാശയും എന്നെ ബാധിച്ചു. കൊടിയ നിരാശയോടെ ഒരു ദിവസം സാറിന്റെ വീട്ടിൽ നടക്കുന്ന ഒരു രണ്ടാം ശനിയാഴ്ച യോഗത്തിൽ ഞാൻ കടന്നുവന്നു. അന്നത്തെ തിരുവചനശുശ്രൂഷ എന്റെ ഹൃദയത്തെ കീറിമുറിച്ചു. പാറ പോലിരുന്ന എന്റെ ഹൃദയത്തെ തട്ടിത്തകർത്തു. എന്റെ ജീവിതം ഞാൻ ക്രിസ്തുവിന്റെ കൈകളിലേക്ക് സമർപ്പിച്ചു. വലിയോരു കുറ്റബോധവും പാപബോധവും എനിക്കു ലഭിച്ചു. എന്റെ സകലപാപങ്ങളും കഴുകിക്കളയാനാണ് ക്രിസ്തു ക്രൂശിൽ ജീവരക്തം ചൊരിഞ്ഞതെന്ന് എനിക്ക് മനസ്സിലായി. അതോടെ ഞാനൊരു പുതിയ മുഷ്യനായി മാറി.

തുടർന്നുള്ള അനുഭവമെന്തായിരുന്നു?

എന്റെ മദ്യപാനവും സിനിമയും വെറിക്കൂത്തും എല്ലാം എന്നിൽനിന്ന് നിശ്ശേഷം മാറി. അവയിലേക്കൊരു ആസക്തി പോലും വരാത്തവിധം എന്റെ ഹൃദയത്തെ കർത്താവ് പുതുതാക്കി. വലിയോരു സമാധാനവും ആന്തരികശാന്തിയും എന്റെ ഹൃദയത്തിലേക്കൊഴുകിവന്നു. അലൗകികമായ ഒരു ശാന്തി ഹൃദയത്തിൽ നിറഞ്ഞു. ഈ ലോകത്തിലെ സുഖഭോഗങ്ങൾക്കുവേണ്ടി കൊതിപൂണ്ട് വിറളിപിടിച്ച് ഓടിയിരുന്ന എനിക്ക് കർത്താവ് സുബോധം തന്നു.

നിലനില്ക്കുന്ന നിത്യസമ്പത്ത് ഇവിടെവെച്ചുതന്നെ നേടണമെന്ന ചിന്ത എനിക്കുണ്ടായി. ഈ ലോകത്തിലെ സുഖഭോഗങ്ങളോട് ഞാൻ വിടപറഞ്ഞു. ഇന്ന് ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ മുഴുകി കർത്താവിന്റെ വേലയിൽ അത്യാർത്തിയോടെ ജീവിക്കുന്നു.

പ്രിയ സ്നേഹിതാ, നീ സുഖഭോഗങ്ങളിൽ കുടുങ്ങിക്കിടക്ക

യാണോ? ഇതിൽനിന്ന് ഒന്നു രക്ഷപ്പെടണമെന്ന് നിന്റെ ഹൃദയം കൊതിക്കുനനുവോ? ക്രിസ്തു തരുന്ന നിത്യജീവൻ നീ നേടുക. സുഖഭോഗങ്ങൾക്കുവേണ്ടി നിന്റെ സമയവും പണവും ആരോഗ്യവും ചെലവഴിക്കാതെ ഉണ്മയായ നിത്യസൗഭാഗ്യത്തെ ലാക്കാക്കി നീ ജീവിക്കുക. ക്രിസ്തുവിൻരെ മഹത്വത്തിനു വേണ്ടി നിന്റെ ആയുസ്സ് നീ ചെലവഴിക്കുക. അതു മാത്രമേ നിലനില്ക്കുകയുള്ളൂ.

ഒന്ന് : അപ്പമല്ലാത്തതിന് ദ്രവ്യവും തൃപ്തി വരുത്താാത്തതിന് പ്രയന്തഫലവും ചെലവിടുന്നു.

രണ്ട് : ശക്തിയെ വ്യർഥമായും നിഷ്ഫലമായും ചെലവിടുന്നു.

മൂന്ന് : ഭോഗങ്ങളിൽ ചെലവിടുന്നു.

നാല് : മതപരമായ ചടങ്ങുകൾക്കുവേണ്ടി ചെലവിടുന്നു.

> "നേർച്ചയുള്ള നാലു പുരുഷന്മാർ ഞങ്ങളുടെ ഇടയിൽ ഉണ്ട്. അവരെ കൂട്ടിക്കൊണ്ടു അവരോടു കൂടെ നിന്നെ ശുദ്ധിവരുത്തി അവരുടെ തല ക്ഷൗരം ചെയ്യേണ്ടതിന്നു അവർക്കുവേണ്ടി ചെലവുചെയ്ക."
>
> അപ്പോ. പ്രവൃ. 21 : 23 – 24

അപ്പോസ്തലനായ പൗലോസ് യരുശലേമിൽ തിരികെ എത്തിയിരിക്കുകയാണ്. ജീവന്റെ സുവിശേഷം വാരി വിതറിയ മിഷ്യണറിയാത്രകൾ മൂലം അനേകർ രക്ഷിക്കപ്പെട്ടു. അനേകരുടെ പൈശാചികബന്ധനങ്ങൾ അഴിയുകയും സാത്താന്യബാധ വിട്ടുപോകയും ചെയ്തു. ഒട്ടധികം ആളുകൾക്ക് രോഗസൗഖ്യം ലഭിച്ചു. പൗലോസിന്റെ കൈയാൽ ദൈവം അനേകം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു.

[redacted]

അപ്പോൾ സാത്താൻ ഇളകി. പൗലോസ് യഹൂദമതത്തിനും യരുശലേം ദേവാലയത്തിനും എതിരാണെന്ന ഒരു ധാരണ യഹൂദന്മാരുടെ ഇടയിൽ പരന്നു. ന്യായപ്രമാണതല്പരന്മാരായ യഹൂദന്മാർ ധരിച്ചു, പൗലോസ് ന്യായപ്രമാണ കല്പനകൾ അനുസരിക്കാത്തവൻ ആണെന്ന്. യഹൂദമതത്തിനും പാരമ്പര്യത്തിനും ആചാരങ്ങൾക്കും പൗലോസ് എതിരാളിയാണെന്ന ധാരണ അനേകരിലുണ്ടായി.

ആ ധാരണ തിരുത്താൻ പറ്റുന്ന ഉപായം അവിടെയുള്ള ദൈവമക്കൾ പറഞ്ഞുകൊടുക്കുകയാണ്. നേർച്ച നടത്തുവാനും യഹൂദന്മാരുടെ ആചാരം അനുഷ്ഠിക്കുവാനും നേർച്ചയുള്ള നാലാളെ കൂട്ടിക്കൊണ്ടു ദേവാലയത്തിൽ ചെല്ലാനും ആചാരങ്ങൾ അനുഷ്ഠിക്കാനും അവർ ഉപദേശിച്ചു. അങ്ങനെ ചെയ്താൽ, "നിന്നെക്കൊണ്ട് കേട്ടത് ഉള്ളതല്ല എന്നും നീയും ന്യായപ്രമാണത്തെ ആചരിച്ച് ക്രമമായി നടക്കുന്നവൻ എന്നും എല്ലാവരും അറിയും" എന്നാണ് സഹോദരന്മാർ ഉപദേശിച്ചത്.

പൗലോസ് അതെല്ലാം അനുസരിച്ചു. മനുഷ്യരെ പറഞ്ഞു തെറ്റിദ്ധാരണകൾ മാറ്റാം. ഉറങ്ങുന്നവനെ ഉണർത്താം. എന്നാൽ ഉറക്കം നടിക്കുന്നവനെ ഉണർത്താൻ സാദ്ധ്യമല്ല എന്ന് കേട്ടിട്ടില്ലേ? പൗലോസിനെതിരായി തെറ്റിദ്ധാരണകൾ പരത്തുന്നത് പിശാചല്ലേ? ഇങ്ങനെ എന്തെങ്കിലും കണ്ടാലൊന്നും ശത്രു അമരുകയില്ലല്ലൊ. സാത്താന് ദൈവവേല മുടക്കണമെന്നല്ലേ ഉള്ളത്? അതുകൊണ്ട് അവനെ പിന്തിരിപ്പിക്കാൻ ഇങ്ങനെയുള്ള മാർഗ്ഗങ്ങൾകൊണ്ട് സാദ്ധ്യമല്ല.

സ്നേഹിതാ, നീ നിന്റെ ശത്രുവായ പൈശാചികൻ നിന്നെ ബന്ധിച്ചിരിക്കയായിരുന്നു എന്ന് അറിയുന്നുണ്ടോ? നിന്റെ ആചാരാനുഷ്ഠാനംകൊണ്ടോ പെരുമാറ്റരീതികൾകൊണ്ടോ ശത്രുവിനെ മിണ്ടാതാക്കാം എന്ന് വിചാരിക്കരുത്.

നിന്റെ ഉള്ളിൽ വെളിച്ചം കത്തിനില്ക്കുന്തോറും സാത്താന് നിന്നെ എതിർപ്പാണ്. അവനോട് അനുരഞ്ജനത്തിനൊരുമ്പെടാതിരിക്കയാണ് നല്ലത്. ശത്രുവായ സാത്താനോട് നീ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് കരുത്തോടെ എതിർത്തുനില്ക്കുകയാണ് വേണ്ടത്. ചില കർമ്മാനുഷ്ഠാനങ്ങൾക്കുവേണ്ടി നീ ചെലവുചെയ്യുന്നത് നിഷ്പ്രയോജനമത്രേ.

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, നീ ക്രിസ്തുവിന്റെ നാമമഹത്വത്തിനായി മാത്രം നിന്റെ ആയുസ്സ് ചെലവഴിക്കുമെന്ന് തീരുമാനിക്കുന്നുവോ? പൗലോസ് പറഞ്ഞതുപോലെ, "ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും." എന്ന് പറയാൻ നിന്റെ ഹൃദയം ത്രസിക്കുന്നുവോ?

എങ്കിൽ നിന്റെ അരികത്തെത്തിനില്ക്കുന്ന ക്രിസ്തുവിനോട് നിന്റെ ഹൃദയം തുറന്നുപറയൂ:

നാഥാ, ഇന്നുമുതൽ ഞാനൊരു പുതയ സൃഷ്ടി. യേശുവേ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യൻ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# അഞ്ച്

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവ
ന്നുവേണ്ടി ചെലവിടുകയും ചെലവായ്പോകയും
ചെയ്യും." 2 കൊരി. 12 : 15

എല്ലാം ചെലവഴിച്ചശേഷം ആ ദേശത്ത് കഠിന
ക്ഷാമം ഉണ്ടായിട്ട് അവന്നു മുട്ടു വന്നു തുടങ്ങി.
ലൂക്കോസ് 15 : 14

നല്ല ഐശ്വര്യമുള്ള ഒരു യുവാവായിരുന്നു. അവന് ചെട്ടനുമുണ്ട്. രണ്ടുപേരും നല്ല സന്തോഷമായി, സമാധാനമായി കഴിയുകയായിരുന്നു. ധാരാളം വസ്തുവകകളുണ്ട്. വയലിൽ പണിയാൻ ഏറെ കൂലിക്കാരുമുണ്ട്.

നല്ല നിറവുള്ള കാലം. ഒന്നിനും പഞ്ഞമില്ല. വാത്സല്യനിധിയായ അപ്പൻ. മക്കളെന്നുവെച്ചാൽ അപ്പന് ജീവനാണ്. എന്തു സന്തോഷം! ആനന്ദം അലതല്ലുന്ന കുടുംബം!

പക്ഷേ ഇളയമകന് കുറെ നാളായി ഒരു തോന്നൽ. വീട്ടിൽ ഒരു സ്വാതന്ത്ര്യവും പോര എന്ന്. ഇവിടെ എപ്പോഴും അപ്പന്റെ വരുതിയിൽ നില്ക്കണം. അപ്പന്റെ വയൽ. അപ്പന്റെ വീട്. അപ്പന്റെ കൂടെയുള്ള ജീവിതം. കുഴപ്പമൊന്നുമില്ല. എന്നാലും ഒരു സ്വാതന്ത്ര്യം ഇല്ല എന്നൊരു തോന്നൽ.

ഒരു ദിവസം അവൻ അപ്പനോട് തുറന്നു പറഞ്ഞു: "അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്ക് തരണം." വിനയത്തോ ടെയാണ് പറഞ്ഞത്. മാന്യമായിട്ടാണ് പറഞ്ഞത്. എന്നാലും ആ സ്വരത്തിൽ ഒരപാകതയില്ലേ? "എനിക്കു വരേണ്ടുന്ന" എന്നാണ് പറഞ്ഞത്. അതിൽ ഒരവകാശവാദമില്ലേ?

അപ്പൻ ഒന്നു ഞെട്ടി. കുറെ നാളായി ഈ മോന്റെ പ്രകൃത ത്തിൽ എന്തോ ഒരു മാറ്റം കാണുന്നുണ്ട്. മുഖത്ത് ഒരു ഗൗരവം. എന്തോ ഒരു ചിന്താഭാവം. ചിലപ്പോൾ ഒരമർഷം പോലെ. പക്ഷേ ഇത്ര പൊടുന്നനവെ ഇങ്ങനെ demand ചെയ്യുമെന്നോർത്തില്ല.

അപ്പൻ മോന്റെ മുഖത്തേക്ക് നോക്കിയിരുന്നുപോയി. അപ്പൻരെ കണ്ണു നിറഞ്ഞു. തൊണ്ടയിൽ ശബ്ദം കുരുങ്ങി. ഒന്നു തേങ്ങിയതുപോലെ. പക്ഷേ ഒന്നും പറഞ്ഞില്ല.

ഒട്ടും വൈകാതെ അപ്പന്റെ സ്വത്ത് അവർക്കു പകുത്തുകൊ ടുത്തു. ഇളയമകൻ വസ്തുപെല്ലാം വിറ്റ് എല്ലാം പണമാക്കി. രൂപാ മുഴുവൻ ഒരു സൂട്ട്കേസിൽ അടുക്കിവെച്ചു. വേറൊരു സൂട്ട്കേസിൽ അവന്റെ ഡ്രസ്സും മറ്റു അത്യാവശ്യ വസ്തുക്കളും എടുത്തു പുറപ്പെട്ടു.

അവൻ പോകുമ്പോൾ അപ്പനും അമ്മയും വരാന്തയിലുണ്ട്. അപ്പന്റെ കണ്ണു നിറഞ്ഞാണിരിക്കുന്നത്. ഒന്നും മിണ്ടിയില്ല. അവൻ നല്ല ചടുലമായി നടന്നു. ഗേറ്റിങ്കൽ എത്തിയപ്പോൾ ഒന്നു തിരിഞ്ഞു നോക്കണമെന്നു തോന്നി.

അപ്പൻ കണ്ണിമയ്ക്കാതെ നോക്കിനില്ക്കയാണ്. അമ്മ എന്താണ് തൂണിനെ കെട്ടിപ്പിടിച്ചുകൊണ്ട് നിൽക്കുന്നത്. ബോധം കെട്ട്, വേച്ചു വീഴാതിരിക്കാനാണോ? വേലക്കാർ അവിടെയും ഇവിടെയും നിന്ന് നോക്കുന്നു. ചിലർ എന്തോ അടക്കം പറയുന്നു.

വേണ്ട, ഇനി വീട്ടിലേക്ക് നോക്കണ്ട. ബാഹ്യലോകത്തേക്ക് നോക്കി. സുഖഭോഗങ്ങളും ജഡിക ഇമ്പങ്ങളും ഇതാ മാടിവിളിക്കുന്നു. പട്ടണപ്പരിഷ്ക്കാരവും ധാടിമോടികളും ഇതാ മാടിവിളിക്കുന്നു. 'അരുത്' എന്നു പറഞ്ഞു ശാസിക്കാനപ്പനവിടെയില്ല. 'എന്റെ മോനേ, അയ്യോ, അരുതേ' എന്നു പറഞ്ഞു കരയാൻ അമ്മ അവിടെയില്ല. എങ്ങനെ വേണമെങ്കിലും ജീവിക്കാൻ സാഹചര്യം ഇണക്കിത്തരുന്നു കൂട്ടുകാർ അവിടെയുണ്ട്.

അവനന്റെ ശരീരത്തിലേക്ക് നോക്കി. നല്ല യൗവനക്കൊഴുപ്പുള്ള ശരീരം. പൊട്ടിത്തെറിക്കുന്ന പ്രായം. ഏതു വൃത്തികേടിലും ജീവിക്കാൻ കൊതിപൂണ്ട് ത്രസിക്കുന്നു യൗവനം.

അവനവന്റെ സൂട്ട്കേസിലേക്ക് നോക്കി. ഇഷ്ടംപോലെ ചെലവഴിക്കാൻ രൂപ. ഒന്നിനും മുട്ടില്ല. നിറയെ അടുക്കിവെച്ചിരിക്കുന്നു നോട്ടുകെട്ടുകൾ.

ഇല്ല; ഇനി നില്ക്കാൻ പാടില്ല. തിരിഞ്ഞു നോക്കാൻ പാടില്ല. മുന്നോട്ടു പോവുക തന്നെ.

വീട്ടിൽനിന്ന് ദൂരെ, ദൂരെ, പട്ടണത്തെരുവിലെത്തി. ചീഞ്ഞ ചക്കപ്പഴത്തിൽ ഈച്ച പൊതിയുംപോലെ അവന് ധാരാളം കൂട്ടുകാരെ കിട്ടി. ജീവിക്കാൻ സ്വാതന്ത്ര്യവും സാഹചര്യവും പണവുമുണ്ടെങ്കിൽ, ആരും തടയാനില്ലെങ്കിൽ, പിന്നെ എന്താ സ്ഥിതി? അവൻ മദ്യപനായി ജീവിച്ചു; ദുർന്നടപ്പുകാനായി ജീവിച്ചു; വെറിക്കൂത്തുകാരനായി ജീവിച്ചു; മയക്കുമരുന്നിന്റെ അടിമയായി

ജീവിച്ചു. ചീട്ടുകളിക്കൂട്ടങ്ങളിൽ രസിച്ചു ജീവിച്ചു. കഞ്ചാവടിച്ചു കിറുങ്ങി ജീവിച്ചു. വേശ്യാലയങ്ങളും മദ്യഷാപ്പുകളും അവന് പ്രത്യേക പരിഗണന നൽകി. എവിടെയും ഒന്നാമനായിരുന്നു. എല്ലാവർക്കും വേണ്ടപ്പെട്ടവൻ; എല്ലാവരുടെയും ആദരപാത്രം; ചെറുപ്പക്കാരുടെ നേതാവ്.

പക്ഷേ സൂട്ട്കേസിലെ പണം കുറഞ്ഞു കുറഞ്ഞുവന്നു. അതോടെ കൂട്ടുകാരുടെ എണ്ണവും കുറഞ്ഞു കുറഞ്ഞുവന്നു. ആരോഗ്യം വറ്റിയത് അറിഞ്ഞില്ല. അകാല ജരാനരകൾ ബാധിച്ചത് അറിഞ്ഞില്ല. പേരും പെരുമയും പോയത് അറിഞ്ഞില്ല. സൗന്ദര്യവും ആകർഷകമായ മുഖശ്രീയും പോയതും അറിഞ്ഞില്ല.

"എല്ലാം ചെലവഴിച്ചശേഷം ആ ദേശത്ത് കഠിന ക്ഷാമം ഉണ്ടായിട്ട് അവന്നു മുട്ടു വന്നു തുടങ്ങി".

സ്വത്തു ചെലവഴിച്ചു; ആരോഗ്യം ചെലവഴിച്ചു; കുടുംബമഹിമ ചെലവഴിച്ചു; ആഢ്യത്വം ചെലവഴിച്ചു; അഭിമാനം ചെലവഴിച്ചു; കുലീനത്വം ചെലവഴിച്ചു, ആഭിജാത്യം ചെലവഴിച്ചു. എല്ലാം ചോർന്നുപോയി. എത്ര ചുരുങ്ങിയ കാലം കൊണ്ട്!

എല്ലാം ചെലവഴിച്ചു കഴിഞ്ഞപ്പോഴുണ്ട് കഠിനക്ഷാമം. കഴിഞ്ഞകാലം നല്ല സുഭിക്ഷമായിരുന്നു. എല്ലാം ധാരാളം. ഒന്നിനും മുട്ടില്ല. നിറവിന്റെ കാലം.

ഇപ്പോൾ എല്ലാം ക്ഷാമം. കൂട്ടുകാരില്ല. സഹായികളില്ല. അനുയായികളില്ല. ആരോഗ്യം പോയി. എല്ലാറ്റിനും ക്ഷാമം.

ഏറ്റവും വലിയ ക്ഷാമം സ്നേഹത്തിനുള്ള ക്ഷാമമാണ്. വീട്ടിലെ സ്നേഹം വേണ്ട എന്നു വെച്ചെങ്കിലെന്ത്? ധാരാളം കൂട്ടുകാരുണ്ടായിരുന്നുവല്ലോ. ഇന്ന് വീട്ടിലെ സ്നേഹവും പോയി. പട്ടണപ്പരിഷ്ക്കാരികളായ കൂട്ടുകാരുടെ സ്നേഹവും പോയി.

കർത്താവ് പറഞ്ഞ ഈ ഉപമ മുടിയൻ പുത്രന്റെ ഉപമ എന്നും ധൂർത്തപുത്രന്റെ ഉപമ എന്നും അറിയപ്പെടുന്നതാണ്. ഈ ചെറുപ്പക്കാരന്റെ സ്ഥിതിയിൽ ക്ഷാമത്തിൽ വലയുന്ന എത്രയോ ആളുകളുണ്ട്!

പ്രിയ സഹോദരാ, മാന്യ യുവാവേ, നീ ഇപ്പോൾ ക്ഷാമത്തിലോണോ? എല്ലാം തിന്മയ്ക്കും അശുദ്ധിക്കും വഴക്കിനും കലഹത്തിനും മദ്യത്തിനും വെറിക്കൂത്തിനും വേണ്ടി ചെലവഴിച്ചു കളഞ്ഞിരിക്കുകയാണോ? സുബോധം നശിച്ച് എല്ലാം കളഞ്ഞു കുളിച്ചിരിക്കുകയാണോ? ഇന്ന് പണത്തിനും ഭക്ഷണത്തിനും ആരോഗ്യത്തിനും ക്ഷാമമാണോ? ഇന്ന് സ്നേഹത്തിനും സന്തോഷത്തിനും സമാധാനത്തിനും ക്ഷാമമാണോ? ഇന്ന് കുടുംബത്തിലെ ഐക്യത്തിനും പരസ്പര വിശ്വാസത്തിനും ക്ഷാമമാണോ? ഇന്ന് നിരാശയിലും മടുപ്പിലും വിഷാദത്തിലും വലയുകയാണോ?

പ്രിയ ദൈവപൈതലേ, നീ എന്തിനെല്ലാം വേണ്ടിയാണ് നിനക്കുള്ളതെല്ലാം ചെലവഴിച്ചത്? അപ്പന്റെ വസ്തുവകയല്ലേ നീ നാനാവിധമാക്കിക്കളഞ്ഞത്. അപ്പൻ തന്നതല്ലേ നിന്റെ ആയുസ്സ്? അപ്പന്റെ ദാനമല്ലേ നിന്റെ ആരോഗ്യം? അപ്പന്റെ കൃപയല്ലേ നിനക്കുണ്ടായിരുന്ന വരുമാനം? അപ്പന്റെ വാത്സല്യമല്ലേ നിനക്ക് ലഭിച്ച സൗകര്യങ്ങൾ? അപ്പന്റെ കരുണയല്ലേ നിനക്കുണ്ടായിരുന്ന സാഹചര്യങ്ങൾ? എല്ലാം നീ അശുദ്ധിക്കും ചീത്ത കൂട്ടുകെട്ടുകൾക്കുമായി ചെലവഴിച്ചുകളഞ്ഞില്ലേ? ഇന്ന് നീ കൊടിയ പട്ടിണിയിലല്ലേ?

“എല്ലാം ചെലവഴിച്ചശേഷം ആ ദേശത്ത് കഠിനക്ഷാമം ഉണ്ടായിട്ട് അവന്നു മുട്ടുവന്നു തുടങ്ങി.”

അവൻ വിശന്നുപൊരിഞ്ഞു. കൂട്ടുകാർ അവനെ കണ്ടിട്ട് പരിചയമില്ലാത്തതുപോലെ മാറി കടന്നുപോയി. ചിലർ വഴിമാറി നട

ന്നു. സൂട്ട്കേസ് പണയപ്പെടുത്തി. വസ്ത്രങ്ങൾ എല്ലാം വിറ്റു. കൈയിലുണ്ടായിരുന്ന മോതിരവും വിറ്റു. ഇനി വില്ക്കാനൊന്നു മില്ല. ഉടുതുണിക്ക് മറുതുണിയില്ലാതായി.

പാവം! അവൻ വശംകെട്ട് വിദേശത്ത് ഒരു പ്രഭുവിനെ ചെന്നു കണ്ടു. കൂപ്പുകൈയോടെ ഇരന്നു:

“യജമാനനേ, ഒരു നേരത്തെ ആഹാരം തരാമോ? ഞാൻ വിശന്നു ചത്തുപോകുമല്ലൊ.”

“എടാ, മോനേ, ഇവിടെ ആർക്കും അങ്ങനെ വെറുതെ ഒന്നും കൊടുക്കാറില്ലല്ലൊ. വല്ല ജോലിയും ചെയ്തുവരുന്നവർക്കേ അല്പം ആഹാരം കൊടുക്കാറുള്ളൂ.”

“അയ്യോ, യജമാനാനേ, ഞാൻ എന്തു ജോലിയും ചെയ്യാമ ല്ലൊ. ഞാൻ വിശന്നുപൊരിഞ്ഞുപോകുന്നു.”

“ഇപ്പോൾ vacancy കാര്യമായിട്ടൊന്നുമില്ലല്ലൊ. പന്നിയെ മേയ്ക്കാൻ ഒരു vacancy യുണ്ട്. പന്നിയെ മേച്ചിട്ടു വന്നാൽ അല്പം കഞ്ഞി തരാം.”

സ്വന്തം അപ്പന്റെ വീട്ടിൽ അനേകം ജോലിക്കാരെക്കൊണ്ട് വേല ചെയ്യിച്ച ആ യൗവനക്കാരൻ വിദേശത്തിലെ പ്രഭുവിന്റെ അടിമപ്പണി ചെയ്യുകയാണ്.

പ്രിയനേ, ഇതാണോ നിന്റെ അവസ്ഥ? ആനന്ദൈശ്വര്യമെഴുന്ന മാസാമ്പങ്ങളെല്ലാം നീ നഷ്ടപ്പെടുത്തിയിരിക്കുകയാണോ? സൗഭാഗ്യങ്ങളുടെ വിളനിലങ്ങളെല്ലാം വരണ്ട മരുപ്പറമ്പുകളാക്കി നീ തീർത്തിരിക്കുകയാണോ?

പന്നിയെ മേച്ചു തിരിച്ചുവന്നപ്പോൾ അല്പം കഞ്ഞി കിട്ടി. പഴുത്ത ഇരുമ്പിലേക്ക് അല്പം വെള്ളത്തുള്ളി വീണാൽ ചീറു

ന്നതുപോലെ മാത്രം. വിശപ്പു ആളിക്കത്താൻ തുടങ്ങി. എന്തു വേണ്ടൂ? പെട്ടെന്നൊരു ബുദ്ധി തോന്നി. പന്നി തിന്നുന്ന തവിടു തിന്നാം. അവൻ ചുറ്റും നോക്കി. ആരും കാണുന്നില്ല. പന്നി തിന്നുന്നതിന്റെ ഇടയിൽനിന്ന് തവിട് വാരിയെടുത്തു.

അയ്യോ! അവൻ അലറിക്കരഞ്ഞുപോയി. പന്നി തേറ്റകൊണ്ടൊരു തട്ട്. കൈ മുറിഞ്ഞത് മിച്ചം. വിശപ്പുഭ്രാന്തിന്റെ കൂടെ അസഹ്യമായ വേദനയും!

അപ്പോഴാണ് അവന് സുബോധം വന്നത്. ലൂക്കോസ് 15:17. സുബോധം വന്നപ്പോൾ അവൻ:

ഒന്നാമതായി : "എന്റെ അപ്പൻ" എന്ന് ഓർത്തു.

രണ്ടാമതായി : "അപ്പന്റെ കൂലിക്കാർ" എന്നോർത്തു.

മൂന്നാമതായി : "അപ്പന്റെ കൂലിക്കാരുടെ സമൃദ്ധി"യെക്കുറിച്ചോർത്തു. (തിന്നു ശേഷിപ്പിക്കുന്നു).

നാലാമതായി : "ഞാൻ ഇവിടെ കിടന്നു നശിക്കുന്നു" എന്നു ബോദ്ധ്യമുണ്ടായി.

അഞ്ചാമതായി : "ഞാൻ എഴുന്നേൽക്കും" എന്നു തീരുമാനിച്ചു.

ആറാമതായി : "ഞാൻ എന്റെ അപ്പന്റെ മടങ്ങിച്ചെല്ലും" എന്നു ദൃഢനിശ്ചയും എടുത്തു.

ഏഴാമതായി : "അപ്പനോട് അനുതാപത്തോടെ ഏറ്റുപറയും" എന്ന് പറഞ്ഞു.

"അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം
ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന്

ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെ
പ്പോലെ എന്നെ ആക്കേണമേ."

ലൂക്കോസ് 15 : 18 : 19

അവൻ തീരുമാനിച്ചു. പിന്നെ വൈകിയില്ല. അവിടെ നിന്ന് എഴുന്നേറ്റ് ഓടുകയാണ്. മുമ്പു കടന്നുപോന്ന കടവുകളിലൂടെ, ഊടുവഴികളിലൂടെ, കുമാർഗ്ഗങ്ങളിലൂടെ, ചേറ്റുകുഴിയുടെ ഓരത്തുകൂടെ തിരികെ ഓടുകയാണ്.

ഇങ്ങോട്ടു പോന്നപ്പോൾ ഇക്കണ്ട കടവുകളിൽ തറ്റുനിന്നു. ബോധംകെട്ടുറങ്ങി. ഇന്നോ, ഒരിടത്തും തറ്റുനിൽക്കാതെ കുതിച്ചോടുകയാണ്. അവന്റെ തീരുമാനം ഉറക്കെപ്പറഞ്ഞുകൊണ്ടാണ് ഓടുന്നത്.

കുട്ടികൾ വിചാരിച്ചു; ഭ്രാന്തൻ പോവുകയാണെന്ന്. ജരാനരകൾ ബാധിച്ച്, എല്ലും തോലുമായി, പാറിപ്പറക്കുന്ന തലമുടിയുമായി, നെഞ്ചുന്തി, കണ്ണുകുഴിഞ്ഞ്, കീറിനാറി മുഷിഞ്ഞ വസ്ത്രം ധരിച്ച്, പേക്കോലമായി ഒരുവനിതാ ഓടുന്നു. എന്തോ പറഞ്ഞുകൊണ്ട് ഓടുന്നു. കുട്ടികൾ കൂക്കലുണ്ടാക്കി. നാട്ടുകാർ അത്ഭുതപ്പെട്ടു നോക്കിനിന്നു. അവനാരെയും ശ്രദ്ധിച്ചില്ല.

അവനവന്റ അപ്പനെ കാണണം. അപ്പനോട് പറയാൻ തീരുമാനിച്ചത് ഉരുവിട്ടുകൊണ്ടാണ് ഓടുന്നത്.

എന്താണൊരു ശബ്ദം കേൾക്കുന്നത്? അപ്പൻ കാതോർത്തു. "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും...." അപ്പൻ തിരിച്ചറിഞ്ഞു. മോന്റെ ശബ്ദം.

അപ്പൻ ഓടിയിറങ്ങി. ഇതാ അവൻ ഓടിവരികയാണ്. അപ്പൻ കൈ രണ്ടും നീട്ടികക്കൊണ്ട് ഓടിച്ചെന്നു. അവൻ അപ്പന്റെ കാൽക്കൽ വീണു. ഇല്ല, അപ്പൻ അവനെ വീഴാൻ അനുവദിച്ചി

ല്ല. മാറോടണച്ചു.

അവൻ ഏങ്ങലടിച്ചു. വിതുമ്പിക്കൊണ്ട് പറയുകയാണ്: “അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകനെന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല.” അടുത്തുള്ളത് കേൾപ്പാനപ്പന് ശക്തിയില്ല. അപ്പനവനെ ഉമ്മവെച്ച് വായടച്ചു. “നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ” എന്ന ശബ്ദം അപ്പന് കേൾപ്പാൻ കരുത്തില്ല. ആ സ്നേഹനിധി അവനെ എടുത്തുകൊണ്ടുവരുന്നതുപോലെ വീട്ടിലേക്ക് കൊണ്ടുവന്നു.

വേലക്കാർ അതിശയിച്ച് നില്ക്കുകയാണ്. അപ്പൻ അവരോടു പറഞ്ഞു:

> “വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ. ഇവന്റെ കൈയ്ക്ക് മോതിരവും കാലിന്ന് ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്ന് അറുപ്പിൻ, നാം തിന്ന് ആനന്ദിക്ക. ഈ എന്റെ മകൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചു. കാണാതെ പോയിരുന്നു. കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു, അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി.”
>
> ലൂക്കോസ് 15 : 22 - 23

മാന്യ യുവാവേ, പ്രിയ സഹോദരീ, ഈ സ്നേഹത്തെ നീ കണ്ടിട്ടുണ്ടോ? ഈ അതുല്യ സ്നേഹത്തെ നീ അനുഭവിച്ചിട്ടുണ്ടോ? എല്ലാം ചെലവഴിച്ച് മുടിഞ്ഞുപോയവനല്ലേ നീ? മകളേ, നിന്റെ വിലപ്പെട്ടതെല്ലാം ചെലവഴിച്ച് നശിച്ചവളല്ലേ നീ?

നിനക്കിനിയും പ്രതീക്ഷയ്ക്കു വകയുണ്ട്. നിന്റെ തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന സ്വർഗ്ഗത്തിലെ അപ്പന്റെ സ്നേഹം നിന്നെ ഇതാ സ്വീകരിപ്പാൻ കരം നീട്ടി നില്ക്കുന്നു.

31

[redacted]

ലോകാരംഭത്തിനു മുമ്പെ കുരളറുക്കപ്പെട്ട ദൈവകുഞ്ഞാട് - നിനക്കുവേണ്ടി തടിപ്പിച്ചു നിറുത്തിയിരിക്കുന്ന കാളക്കുട്ടി - നഷ്ടപ്പെട്ട ചെരിപ്പും മോതിരവും മേൽത്തരമായ അങ്കിയും നിന്റെ പാകത്തിന് തയ്യാറാക്കി വെച്ചിരിക്കുന്ന സ്വർഗ്ഗീയ സ്നേഹം.

ആ ക്രൂശിനെ ഒന്നു കെട്ടിപ്പിടിക്കുമോ? ആ തിരുരക്തത്തിൽ നീ ഒന്നു വീഴുമോ? ആ പാവനപാദത്തിൽ നീ അഭയം പ്രാപിക്കുമോ? പുതിയ ജീവിതം നീ തുടങ്ങുമോ? നൂ മൂലം സ്വർഗ്ഗം സന്തോഷിപ്പാൻ കാരണമോകുമോ?

മോനേ, ക്ഷാമം വന്നത് നന്നായി, അല്ലേ? ക്ഷാമം അപ്പൻ വരുത്തിയതല്ല. അതു നീ തന്നെ വരുത്തിയതാണ്. പക്ഷേ ക്ഷാമം ക്ഷേമത്തിലേക്ക് വരാൻ കാരണമായി; മുഖാന്തിരമായി.

ഇന്ന് ക്ഷാമത്തിൽ വലയുന്നവേ, നിങ്ങിനി വലയേണ്ട. സ്നേഹനിധിയായ അപ്പൻ നിങ്ങളെ സ്വീകരിക്കും. ആണിപ്പാടുള്ള കരങ്ങൾ ഇതാ, നിന്റെ നേരെ നീട്ടിയിരിക്കുന്നു. നീ സൂക്ഷിച്ചു നോക്കൂ. മുറിവേറ്റ കരങ്ങൾ. കാരിരുമ്പാണികളേറ്റു തകർന്ന കാലുകൾ. കുന്തമേറ്റ് ചോരയും നീരും ഒഴുകുന്ന മാറിടം. മുൾമുടിവെച്ച ശിരസ്സ്. സൂക്ഷിച്ചു നോക്കൂ. ചോര നെറ്റിയിൽനിന്ന് ഒഴുകി കവിളിൽ വീണ് അവിടെ ഏറ്റതുപ്പലിനോടും ചേർന്ന് ഒലിച്ചിറങ്ങുന്നു. പുറം ഉഴവുചാലുപോലെ കീറിയിരിക്കുന്നു.

ദൈവപൈതലേ, നിന്റെ പാപം വഹിപ്പാൻ, നീ ഏല്ക്കേണ്ട ശിക്ഷയേറ്റ് രക്ഷകനിതാ പിടയുന്നു. ഒരു വാക്കു നീ പറയൂ: നാഥാ നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ ഇന്നു മുതൽ ഒരു പുതിയ മനുഷ്യനായി ജീവിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ആറ്

ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവ ന്നുവേണ്ടി ചെലവിടുകയും ചെലവായ്പോകയും ചെയ്യും. 2 കൊരി. 12 : 15

പന്ത്രണ്ടു സംവത്സരമായിട്ടു രക്തസ്രവമുള്ളവ ളായി പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടു ഭേദം വരാതെ ഏറ്റവും പരവശയായി തീർന്നിരുന്ന ഒരു സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ടു.
മർക്കോസ് 5 : 25 – 26

പന്ത്രണ്ടു സംവത്സരമായി രക്തസ്രാവമുള്ള ഒരു സ്ത്രീ. അനേകം ഡോക്ടറൻമാരെ കണ്ടു. ഒട്ടേറെ ചികിത്സ ചെയ്തു. ചികിത്സയ്ക്കായി തനിക്കുള്ളതെല്ലാം ചെലവഴിച്ചു. ഒട്ടു ഭേദം വന്നില്ല. അവൾ വളരെ പരവശയായിത്തീർന്നു.

ശരീരം മെലിഞ്ഞുണങ്ങി. എല്ലും തോലുമായി. കണ്ടാൽ

ആർക്കും സഹതാപം തോന്നുമാറ് പേക്കോലമായി മാറി. പന്ത്രണ്ടു സംവത്സരമായി രക്തവാർച്ചയാണ്. ശരീരത്തിലെ രക്തം വാർന്നുപോകുന്നതുകൊണ്ടാണ് അവൾ പ്രാകൃതരൂപമായിപ്പോയത്.

നഷ്ടത്തിന്റെ കണക്കാണ് അവൾക്ക് ഓർക്കാനുള്ളത്. ജീവിതത്തിന്റെ ഭാവിയെക്കുറിച്ചുള്ള മധുരക്കിനാക്കളെല്ലാം തകർന്നുപോയി. ഇരുളടഞ്ഞ ഭാവി പ്രതീക്ഷകളെല്ലാം നാമ്പറ്റുപോയ ജീവിതം. എല്ലാം നഷ്ടം.

എന്തെല്ലാമാണ് അവൾക്ക് നഷ്ടപ്പെട്ടത്?

ഒന്നാമതായി, അവളുടെ ആരോഗ്യം നഷ്ടപ്പെട്ടു. നല്ല കരുത്തും സൗന്ദര്യവുമുണ്ടായിരുന്ന ശരീരം. ഇന്നിതാ ശരീരത്തിന്റെ ഓജസ്സും തേജസ്സും നഷ്ടപ്പെട്ടുപോയി.

രണ്ടാമതായി, ആസ്തി നഷ്ടപ്പെട്ടു. ഉണ്ടായിരുന്ന സമ്പത്തെല്ലാം ചികിത്സയ്ക്കായി നഷ്ടപ്പെടുത്തി. ഒരു പ്രയോജനവുമുണ്ടായില്ല. പല വൈദ്യന്മാരാലും ഏറിയോന്നു സഹിച്ചു. ചികിത്സകൊണ്ടുതന്നെ മനം മടുത്തു. മാറി മാറി ചികിത്സ. മാറി മാറി മരുന്നുകൾ. എല്ലാം നിഷ്ഫലമായി.

മൂന്നാമതായി, ആശ്വാസം നഷ്ടപ്പെട്ടു. ഹൃദയത്തിൽ സമാധാനമില്ലാതായി. മനസ്സ് നിരാശയിലായി. ഒരിറ്റു ആശ്വാസവും കിട്ടിയില്ല. ഹൃദയം നിറയെ തീയ്. ഇനി ഭേദമാവുകയില്ല എന്ന നിരാശ ഉള്ളിൽ തളംകെട്ടി. ശരീരം ക്ഷീണിച്ച് മെലിഞ്ഞുണങ്ങിയെങ്കിലും കുറേക്കാലം പിടിച്ചുനിന്നു. ഇപ്പോഴി,ാ മനസ്സും തളർന്നു. ഇനി പ്രതീക്ഷയ്ക്കു വകയില്ല. എന്നോ ഒരുനാൾ അങ്ങ് കടന്നുപോവുകതന്നെ. മനസ്സും ക്ഷീണിച്ചു.

നാലാമതായി, അഭിമാനം നഷ്ടപ്പെട്ടു.

മനുഷ്യൻ സഹതാപത്തോടെ നോക്കുന്നതുപോലും വേദനാ ജനകമായി. കരുണയോടെ ആരെങ്കിലും ഒന്നാശ്വസിപ്പിച്ചു സംസാരിക്കുന്നത് കൂടുതൽ സ്വയപരിതാപത്തിന് കാരണമായി.

യഹൂദ ന്യായപ്രമാണമനുസരിച്ച് രക്തസ്രാവമുള്ള സ്ത്രീ അശുദ്ധയാണ്.

> "ഒരു സ്ത്രീയ്ക്ക് സ്രവമുണ്ടായി അവളുടെ അംഗ സ്രവം രക്തമായിരുനനാൽ അവൾ ഏഴു ദിവസം അശുദ്ധയായിരിക്കേണം. അവളെ തൊടുന്നവ നെല്ലാം സന്ധ്യവരെ അശുദ്ധനായിരിക്കേണം. അവ ളുടെ അശുദ്ധിയിൽ അവൾ ഏതിൻമേലെങ്കിലും കിട ന്നാൽ അതൊക്കെയും അശുദ്ധമായിരിക്കേണം. അവൾ ഏതിൻമേലെങ്കിലും ഇരുന്നാൽ അതൊ ക്കെയും അശുദ്ധമായിരിക്കേണം. അവളുടെ കിടക്ക തൊടു്നവനെല്ലാം വസ്ത്രം അലക്കി വെള്ള ത്തിൽ കുളിക്കുകയും സന്ധ്യവരെ അശുദ്ധനായി രിക്കയും വേണം....
>
> ഒരു സ്ത്രീക്ക് ഋതുകാലത്തല്ലാതെ രക്തസ്രവം ഏറിയ ദിവസം ഉണ്ടാകയോ ഋതുകാലം കവിഞ്ഞു സ്രവിക്കയോ ചെയ്താൽ അവളുടെ അസുദ്ധിയുടെ സ്രവകാലം ഒക്കെയും ഋതുകാലംപോലെ ഇരി ക്കേണം; അവൾ അശുദ്ധയായിരിക്കേണം. രക്തസ്ര വമുള്ള കാലത്തെല്ലാം അവൾ കിടക്കുന്ന കിടക്ക യൊക്കെയും ഋതുകാലത്തിലെ കിടക്കപോലെ ഇരി ക്കേണം; അവൾ ഇരിക്കുന്ന സാധനമൊക്കെയും ഋതുകാലത്തിലെ അശുദ്ധിപോലെ അശുദ്ധമായിരി ക്കേണം. അവ തൊടുന്നവനെല്ലാം അശുദ്ധനാകും. വൻ വസ്ത്രം അലക്കി വെള്ളത്തിൽ കുളിക്കയും

സന്ധ്യവരെ അശുദ്ധനായിരിക്കയും വേണം."
ലേവ്യപുസ്തകം 15 : 19 – 27

ഈ പരിതാപകരമായ അവസ്ഥ ഒന്നു ചിന്തിച്ചുനോക്കൂ. ആളുകൾ കൂടുന്നേടത്ത് വരാൻ സാദ്ധ്യമല്ല. ആരും ശരീരത്തിലോ വസ്ത്രത്തിലോ തൊടാൻ പറ്റാത്തവണ്ണം ഒറ്റപ്പെട്ട് ജീവിക്കണം. അവൾ കിടക്കുകയോ ഇരിക്കുകയോ ചെയ്യുന്ന മുറിയിലോ ഇരിപ്പിടത്തിലോ മറ്റാർക്കും ഇരിക്കാൻ സാദ്ധ്യമല്ല

അതെത്ര കാലത്തേക്കാണ്? ഒന്നോ രണ്ടോ ആഴ്ചയാണോ? ഒന്നോ രണ്ടോ മാസമാണോ? നീണ്ട പന്ത്രണ്ടു സംവത്സരം! ആ സ്ത്രീയുടെ സ്ഥിതി എത്ര ദയനീയം. അഭിമാനവും നഷ്ടപ്പെട്ടു.

ആരോഗ്യം, ആസ്തി, ആശ്വാസം, അഭിമാനം എന്നിവ നഷ്ടപ്പെട്ട ആ സ്ത്രീയെപ്പോലെ നഷ്ടങ്ങളെ ഓർത്ത് നെടുവീർപ്പിട്ടു കരയുന്നവരാരെങ്കിലും ഈ വാക്കുകളെ കേൾക്കുന്നുണ്ടോ? നഷ്ടങ്ങളുടെ കണക്കുകൾ ഓർത്തോർത്ത് നിരാശയിലും കണ്ണീരിലും കഴിയുന്നവരാരെങ്കിലുമുണ്ടോ? എല്ലാം ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാതെ ആകുലത്തിലും ആവലാതിയിലും വലയുന്നവരാരെങ്കിലുമുണ്ടോ? ബിസിനസ്സു തകർന്നു; വലിയ കടത്തിൽ മുങ്ങി; തീർപ്പാൻ വകയില്ല, അഭിമാനമെല്ലാം തകർന്നു; ഇങ്ങനെ ഉള്ളുരുകി കരയുന്നവരാരെങ്കിലുമുണ്ടോ?

എങ്കിൽ, സ്നേഹിതാ, നീ ഇന്ന് യേശുവിന്റെ വർത്തമാനം കേൾക്കുകയാണ്. ആ രക്തസ്രവക്കാരിയായ സ്ത്രീ യേശുവിന്റെ വർത്തമാനം കേട്ടു. സകല പ്രശ്നങ്ങൾക്കും പരിഹാരകനായ യേശുവിന്റെ സദ്വർത്തമാനം നീ ഇന്നു കേൾക്കുകയാണ്. സകല രോഗത്തിനും സൗഖ്യം നൽകുവാൻ ശക്തനായ യേശുവിന്റെ സ്നേഹാർദ്രമായ സ്വരം നീ ഇന്ന് കേൾക്കുകയാണ്.

[redacted]

അവൾ നോക്കിയപ്പോഴുണ്ട്, പള്ളിപ്രമാണിയായ യായീറോസ് യേശുവിനെ ക്ഷണിച്ചു കൂട്ടിക്കൊണ്ടുപോവുകയാണ്. യായീറോസിന്റെ മകൾ അത്യാസന്നരോഗത്തിൽ കിടക്കുകയാണ്. പള്ളിപ്രമാണിമാരും മഹാപുരോഹിതന്മാരും സന്നദ്രീം സംഘത്തിലുള്ളവരും ന്യായശാസ്ത്രിമാരും പരീശന്മാരും എല്ലാം യേശുവിനെ എതിർക്കുമ്പോൾ ഒരു പള്ളിപ്രമാണി ഇതാ, യേശുവിന്റെ കാൽക്കൽ വീഴുന്നു. യായീറോസ് യേശുവിനോടു യാചിക്കുകയാണ്.

> "എന്റെ കുഞ്ഞുമകൾ അത്യാസന്നത്തിൽ ഇരിക്കുന്നു. അവൾ രക്ഷപ്പെട്ടു ജീവിക്കേണ്ടിതിന്നു നീ വന്നു അവളുടെ മേൽ കൈ വെയ്ക്കേണമേ."

പള്ളിപ്രമാണിയുടെകൂടെ യേശു നടന്നു നീങ്ങുമ്പോൾ വലിയ പുരുഷാരം യേശുവിനെ അനുഗമിച്ചു. പന്ത്രണ്ടു വർഷം ഓമന മകളുടെ കൂടെ സന്തോഷത്തോടെ കഴിഞ്ഞ യായീറോസ് യേശുവിനെ കൂട്ടിക്കൊണ്ടുപോകുന്നു. പന്ത്രണ്ടുവർഷം സന്താപം മാത്രമായി വലഞ്ഞുകഴിഞ്ഞ രക്തസ്രവക്കാരി സ്ത്രീ യേശുവിന്റെ അരികിലേക്ക് അത്യാർത്തിയോടെ വരുന്നു.

സകല ആശയും സകല പ്രതീക്ഷകളും അറ്റുപോയ സ്ത്രീ യേശുവിന്റെ അരികിലെത്താൻ ബദ്ധപ്പെടുകയാണ്. പുരുഷാരം നിമിത്തം യേശുവിനോടടുക്കാൻ കഴിഞ്ഞില്ല. പക്ഷേ, അവൾ തളർന്നില്ല. പുരുഷാരത്തിന്റെ ഇടയിലൂടെ നുഴഞ്ഞുകയറി യേശുവിന്റെ പിൻഭഗത്തെത്തി. അവൾ എങ്ങിനിന്ന് യേശുവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൾ പിന്നിലേക്ക് ഞാന്നു കിടക്കുന്നതു തൊട്ടു.

അവൾക്ക് പിൻമാറാൻ ധാരാളം കാരണങ്ങളുണ്ട്. യേശു പള്ളിപ്രമാണിയായ യായീറോസിന്റെ വീട്ടിലേക്ക് പോകയല്ലേ? ഞാനിപ്പോൾ യേശുവിന്റെ അരികിലേത്തുന്നത് അനുചിതമല്ലേ? യേശു

വിനെ താമസിപ്പിക്കുന്നത് ഔചിത്യരഹിതമല്ലേ? എന്നൊക്കെ വേണമെങ്കിൽ അവൾക്ക് ചിന്തിക്കാമായിരുന്നു.

പുരുഷാരം തിക്കിത്തിരക്കുകയല്ലേ? ഞാൻ നുഴഞ്ഞുകടന്ന് യേശുവിന്റെ അരികിലേക്ക് ചെല്ലുവനാ◌ ശ്രമിച്ചാൽ പല പുരുഷന്മാരും അറിയാതെ എന്നെ തൊടാൻ ഇടവരുമല്ലോ. അവർ അങ്ങനെ അശുദ്ധരായിത്തീരുമല്ലോ. അതുകൊണ്ട് പിന്നോട്ടു പോയാലോ? അവൾ ചിന്തിക്കാവുന്നതാണ്.

പക്ഷേ അവളങ്ങനെയൊന്നും ചിന്തിച്ചില്ല. അവൾ മടുത്തു പിൻമാറിയില്ല. ആവശ്യക്കാർക്ക് ഔചിത്യമുണ്ടോ? അവൾ പുരുഷാരത്തിനിടയിലൂടെ ഊളിയിട്ട് കടന്ന് എങ്ങനിന്ന് ക്രിസ്തുവിന്റെ തിരുവസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. “അവന്റെ വസ്ത്രമെങ്കിലും തൊട്ടാൽ ഞാൻ രക്ഷപ്പെടും” എന്നാണവൾ സ്വയം പറഞ്ഞത്.

ആ സ്ത്രീയുടെ തളരാത്ത വിശ്വാസം നോക്കൂ. അവൾ വിശ്വാസത്തോടെ തിരുവസ്ത്രം തൊട്ടു.

പെട്ടെന്ന്, ഇലക്ട്രിക് ഷോക്ക് ഏല്ക്കുന്നതുപോലെ ഒരനുഭവം. ശരീരം ആകെ കോരിത്തരിച്ചു. സിരകളിലൂടെ ഏതോ ഒര വാച്യാനുഭൂതി പകരുന്നതുപോലെ! അവളുടെ രക്തവാർച്ച മാറി അവൾ പൂർണ്ണസൗഖ്യം പ്രാപിച്ചു എന്നവൾ അറിഞ്ഞു. അവളുടെ ആനന്ദത്തിനതിരില്ലായിരുന്നു.

അവൾ പിന്നോക്കം മാറാൻ തുടങ്ങുകയായിരുന്നു. ഹൃദയം നിറയെ സ്തുതി. ഉള്ളു നിറഞ്ഞ സ്തോത്രം. അണമുറിയാത്ത നന്ദിയുടെ പ്രവാഹം.

പെട്ടെന്നിതാ, യേശു നിന്നു. “എന്നെ തൊട്ടതാര്.” ക്രിസ്തുവിന്റെ ചോദ്യം.

ശിഷ്യന്മാർ പറഞ്ഞു: "ഗുരോ, എല്ലാവരും തിക്കിത്തിരക്കുകയല്ലേ? പലരും തൊടുകയല്ലേ? ഇന്ന ആൾ തൊട്ടു എന്ന് പറയാനാകുമോ?"

"എന്നെ ഒരാൾ വിശ്വാസത്തോടെ തൊട്ടു. എന്നിൽനിന്ന് ശക്തി പുറപ്പെട്ടു."

തൊടുന്നവർ അനേകരുണ്ട്. മുട്ടി ഉരുമ്മി നടക്കുന്നവർ അനേകരുണ്ട്. പക്ഷേ ക്രിസ്തുവിൽനിന്ന് ശക്തി പുറപ്പെട്ട് അതനുഭവിക്കുന്നവർ വളരെ വിരളമാണ്. കാരണം വിശ്വാസത്തോടെ, ആവശ്യബോധത്തോടെ തൊടുന്നവർ തുലോം ചുരുക്കമാണ്.

സ്നേഹിതാ, നീ ഒരാവശ്യക്കാരനാണോ? മകളേ, നീ ക്രിസ്തുവിനെ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ ക്രിസ്തു നിന്റെ അരികിൽ നില്ക്കുന്നുണ്ട്.

നിനക്ക് എളിമയോടെ പറയാം: നാഥാ, നിന്റെ പരിശുദ്ധ തിരുശരീരം തൊടാൻ എനിക്കു യോഗ്യതയില്ല. കർത്താവേ, നിന്റെ തിരവസ്ത്രം സ്പർശിക്കാനും എനിക്കർഹതയില്ല. എന്റെ കൈകൾ അശുദ്ധമാണ്. പാപംകൊണ്ട് മലിനമായ ശരീരവും മനസ്സുമാണ് എന്റേത്.

എന്നാൽ ഇന്നു ഞാൻ തിരുസന്നിധിയിൽ ഒരു വാക്കു പറയുന്നു. ഇനി മരണത്തോളം എന്റെ ശരീരത്തിലോ, ഹൃദയത്തിലോ ഒരശുദ്ധിയും പറ്റാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം. ഇപ്പോൾ എന്നോടു മനസ്സലിയണമേ. എന്റെമേൽ അവിടത്തെ തിരുവസ്ത്രം ഒന്നു തൊട്ടുരുമ്മിപോകണമേ.

അവൾ പിന്നോക്കം മാറുകയായിരുന്നു. യേശു നിന്നു. അവളെ കാണ്മാൻ ചുറ്റും നോക്കി. സ്നേഹിതാ, യേശു ഇന്നും അങ്ങനെ തന്നെയാണ്. തന്നിൽനിന്ന് ശക്തി ലഭിച്ച് അനുഭവിക്കുന്നവരെ കാണ്മാൻ യേശുവിന് എന്ത് കൗതുകമാണെന്നോ?

അവരുടെ സാക്ഷ്യം കേൾക്കുന്നത് കർത്താവിനെന്താനന്ദമാണ്!

അവൾ തിരുമുമ്പിൽ വന്നുനിന്നു. അവൾ പരിഭ്രമവും ഭയവും നന്ദിയും സ്നേഹവും എല്ലാം ഉടകലർന്ന ഭാവത്തിൽ തെല്ല് അമ്പരപ്പോടെ യേശുവിന്റെ തിരുമുഖത്തേക്ക് നോക്കി. തനിക്ക് സംഭവിച്ചതെല്ലാം എല്ലാവരും കേൾക്കെ അവൾ പറഞ്ഞു.

യേശു ആർദ്രതയോടെ അവറെ നോക്കി. യേശുവിൻരെ ഉള്ളലിഞ്ഞു. വാത്സല്യംകൊണ്ട് ഉടയവന്റെ കണ്ണു നിറഞ്ഞു. നന്ദികൊണ്ട് അവളുടെ കണ്ണും നിറഞ്ഞു.

അപ്പോൾ യേശു പറഞ്ഞു.

> "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞ് സ്വസ്ഥയായിരിക്ക." മർക്കോസ് 5 : 34

യേശു ഒരാളെ 'മകളേ' എന്നു വിളിക്കുന്നത് ഈ സ്ത്രീയെ മാത്രമാണ്. മഗ്ദലനമറിയാമിനെ വിളിച്ചത് 'സ്ത്രീയേ' എന്നാണ്. കന്യകമാതാവിനെപ്പോലും വിളിച്ചത് 'സ്ത്രീയേ' എന്നാണ്. ഇവളെ വാത്സല്യവായ്പോടെ 'മകളേ' എന്നു വിളിച്ചു.

പന്ത്രണ്ടു കൊല്ലമായി അവളെ ബാധിച്ചിരുന്ന രോഗബാധ മാറി. പന്ത്രണ്ടു കൊല്ലം ഈ രോഗത്തിന്റെ സൗഖ്യത്തിനുവേണ്ടി അവൾക്കുള്ള സകലവും ചെലവഴിച്ചവളാണ് ആ സ്ത്രീ.

എന്നാൽ യെശുക്രിസ്തുവിന്റെ അരികിൽ വന്നപ്പോൾ ഒരു പൈസയും ചെലവഴിക്കാതെ സൗജന്യമായി രോഗസൗഖ്യം ലഭിച്ചു. യേശുവിന്റെ കൃപയും ദാനങ്ങളുമെല്ലാം സൗജന്യമാണ്.

ക്രിസ്തുവിന്റെ അത്ഭുതകരമായ സാന്നിദ്ധ്യം നിന്റെ ബാധകൾ മാറ്റും. നിന്റെ മേലുള്ള പൈശാചിക ബാധകൾ മാറ്റും. നിന്റെ ആളത്വത്തിൽ വ്യാപരിക്കുന്ന ഭൂതബാധകൾ മാറ്റും. നിന്റെ

മേൽ സ്വാധീനം ചെലുത്തുന്ന കോപത്തിന്റെയും അശുദ്ധിയുടെയും വൈരാഗ്യത്തിന്റെയും ബാധകൾ അകറ്റും. നിന്റെ രോഗവും പാപവും ശാപവും മാറും.

സ്നേഹിതാ, നിനക്ക് ബാധകൾ മാറി സ്വസ്ഥനാകണമോ? നിന്റെ കുടുംബത്തെ മുടിച്ചുകൊണ്ടിരിക്കുന്ന മദ്യപാനത്തിന്റെയും വ്യഭിചാരത്തിന്റെയും ബാധകൾ മാറണമോ? മന്ത്രവാദം, ക്ഷുദ്രപ്രയോഗം മുതലായവ മൂലം, കൊലപാതകം, പരദൂഷണം, ദുഷ്ടത, പക മുതലായവ മൂലം നിന്റെമേൽ തലമുറകളായി പകർന്നുവന്ന ശാപങ്ങളുടെ ബാധകൾ മാറണമോ? ഒരു കരേറ്റം കിട്ടാതെ എല്ലാ വഴിയും അടഞ്ഞ് നീ നിരാശനായി കഴിയുന്ന അനേകം ബാധകൾ മാറണമോ?

എങ്കിൽ ക്രിസ്തു നിന്റെ സമീപത്ത് വന്നിരിക്കുയാണ്. യേശുക്രിസ്തു പിശാചിന്റെ പ്രവൃത്തികളെ ഒക്കെയും അഴിപ്പാൻ ക്രൂശിൽ ആണികളാൽ കെട്ടപ്പെട്ടവനാണ്. ക്രിസ്തു നിന്റെ പാപവും ശാപവും മുഴുവൻ വഹിച്ച്, ഇതാ, ക്രൂശിന്മേൽ തകർക്കപ്പെട്ടിരിക്കുന്നു. യേശുവിന്റെ തിരുരക്തം സകല ശാപവും പാപവും മാറ്റും. നീ ഇപ്പോൾ യേശുവിനോട് ഒരു വാക്ക് പറയൂ:

നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും. നാഥാ, യേശുവേ, ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## ഏഴ്

> അവിടെ ചിലർ, തൈലത്തിലന്റെ ഈ വെറും ചെലവ് എന്തിന്നു? ഇത് മുന്നൂറ്റിൽ അധികം വെള്ളി ക്കാശിന്നു വിറ്റു ദരിദ്രർക്കു കൊടുപ്പാൻ കഴിയുമാ യിരുന്നുവല്ലോ എന്നിങ്ങനെ ഉള്ളിൽ നീരസപ്പെ ട്ടു.
>
> മർക്കൊസ് 14 : 4 – 5

> ശിഷ്യന്മാർ അതു കണ്ടിട്ട് മുഷിഞ്ഞു: ഈ വെറും ചെലവ് എന്തിന്നു? ഇതു വളരെ വിലയ്ക്കു വിറ്റു ദരിദ്രർക്കു കൊടുക്കാമായിരുന്നുവല്ലോ എന്നു പറ ഞ്ഞു.
>
> മത്തായി 26 : 8 – 9

ബേഥാന്യയിലെ ഭവനം തിരുവചനത്തിൽ വിശ്രുതമാണ്. അത് മാർത്തയുടെയും മറിയയുടെയും ലാസറിന്റെയും ഭവനമാണ്. ശീമോന്റെ മക്കളാണ് മാർത്തയും മറിയയും ലാസറും. ശീമോൻ കുഷ്ഠരോഗിയായിരുന്നു.

ശീമോൻ കുഷ്ഠരോഗിയായിരുന്നതുകൊണ്ട് ബേഥാന്യയിലെ ആ ഭവനം ആരും കയറിച്ചെല്ലാത്ത ഒരു ഭവനമായിരുന്നു. ഒറ്റ

പ്പെട്ട ഭവനം. അവഗണിക്കപ്പെട്ട ഭവനം. തള്ളപ്പെട്ട ഭവനം.

ശീമോൻ മരിച്ചുപോയതിനുശേഷം ആ ഭവനത്തിന്റെ നിന്ദ മാഞ്ഞുപോയിരുന്നില്ല. ആർക്കും മാനമില്ലാത്ത വീട്. ആർക്കും അറപ്പായിരുന്നു വീട്.

പക്ഷേ, യേശു ആ വീട്ടിൽ ചെന്നു. അവഗണിക്കപ്പെടുന്നവരെ പരിഗണിക്കുന്നവരാണ് നമ്മുടെ കർത്താവ്. വിലകെട്ടവരെ വില യേറിയവരാക്കുന്നവനാണ് യേശുക്രിസ്തു. നിന്ദിക്കപ്പെട്ടവരെ നന്ദിക്കുന്നവനാണ് യേശുക്രിസ്തു.

യേശു ആ ഭവനത്തിൽ ചെന്നതോടുകൂടി ഭവനത്തിന്റെ മുഖ ച്ഛായ മാറി. നിന്ദ മാറി; ആക്ഷേപം മാറി; മ്ലാനത മാറി; മൂകത മാറി. ശോകമൂകമായിരുന്ന വീട് തിരുവചനംകൊണ്ടും പാട്ടു കൊണ്ടും പ്രാർത്ഥനകൊണ്ടും ആരവാരപൂർണ്ണമായി.

എക്കാലത്തും അങ്ങനെയാണ്. യേശു ഒരാളുടെ ജീവിത ത്തിൽ വന്നാൽ നിരാശ മാറും; ദുഃഖം മാറും; മ്ലാനത മാറും; ബുദ്ധിമാന്ദ്യം മാറും; കടഭാരം മാറും. നാലപ്പാട്ട് ബാലാമണിയമ്മ പാടിയതുപോലെ,

> "പെറ്റമ്മമാർ പിച്ചനടത്തിടുന്ന
> കറ്റക്കിടാവിൻ പദപങ്കജങ്ങൾ
> ചെറ്റങ്ങുമിങ്ങും പതിയുന്ന"

വീടിന്റെ ആനന്ദനുഭവം കൈവരിക്കും. സ്നേഹിതാ, താങ്ക ളുടെ ഹൃദയത്തിലേക്ക് യേശു എഴുന്നള്ളിവരണമെന്ന് താങ്കൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ യേശുവിനെ ക്ഷണിക്കൂ. യേശു വിനെ എതിരേൽക്കൂ. യേശുവിന് ഹൃദയത്തിൽ സിംഹാസനം ഒരുക്കൂ. ഭാഗ്യശാലിയാകൂ.

യേശു കടന്നുചെല്ലുന്ന വീട്ടിലും പ്രശ്നങ്ങളുണ്ടാകാം. ബേഥാ

ന്യയിലെ ചെറുഭവനത്തിൽ അത്യാഹിതമുണ്ടായി. ലാസർ മരിച്ചു. ദുഃഖവും നെടുവീർപ്പും തിങ്ങിവിങ്ങി. ആ വീട് കണ്ണീർക്കയമായി.

എന്നാൽ സ്നേഹവാനായ യേശു ആ ഭവനത്തിൽ അത്ഭുതം പ്രവർത്തിച്ചു. ലാസറിനെ ഉയിർപ്പിച്ചു. കണ്ണീർക്കടൽ ആനന്ദസാഗരമായി മാറി. നന്ദിയും സ്തുതിയും സ്തോത്രവും അലതല്ലി.

ആ വീട്ടിൽ യേശുവിനൊരു വിരുന്നൊരുക്കി. ലാസർ യേശുവിനോടുകൂടെ പന്തിയിൽ ഇരുന്നു.

> "അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസിതൈലം ഒരു റാത്തൽ എടുത്തു. യേശുവിന്റെ കാലിൽ പൂശി. തന്റെ തലമുടികൊണ്ട് കാൽ തുവർത്തി. തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീടു നിറഞ്ഞു."
> യോഹ. 12 : 3

> "ഒരു സ്ത്രീ ഒരു വെൺകൽഭരണി വിലയേറിയ സ്വച്ഛജടാമാംസിതൈലവുമായി വന്നു ഭരണി പൊട്ടിച്ച് അവന്റെ തലയിൽ ഒഴിച്ചു."
> മർക്കോസ് 14 : 3

> "ശിഷ്യന്മാർ അതു കണ്ടിട്ടു മുഷിഞ്ഞു: ഈ വെറും ചെലവ് എന്തിന്നു? ഇതു വളരെ വിലയ്ക്കു വിറ്റു ദരിദ്രർക്കു കൊടുക്കാമായിരുന്നുവല്ലോ എന്നു പറഞ്ഞു."
> മത്തായി 26 : 8 – 9

ആ സ്ത്രീ ചെയ്തത് വെറും ചെലവ് എന്നാണ് ശിഷ്യന്മാർ പറഞ്ഞത്. എന്നാൽ കർത്താവ് ആ സ്ത്രീയെ അഭിനന്ദിക്കുകയാണ് ചെയ്തത്.

[redacted]

> “അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്.... അവൾ തന്നാൽ ആവത് ചെയ്തു.”
>
> മർക്കോസ് 14 : 6 – 8

വെറും ചെലവ് എന്ന് ഇസ്കര്യോത്താ യൂദാ പറഞ്ഞതായി യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു.

> “ഈ തൈലം മുന്നൂറു വെള്ളിക്കാശിന്നു വിറ്റു ദരിദ്രൻമാർക്കു കൊടുക്കാഞ്ഞത് എന്ത്?”
>
> യോഹന്നാൻ 12 : 5

യൂദായും മറ്റു ശിഷ്യൻമാരും ആ സ്ത്രീ ചെയ്തത് വെറും ചെലവ് എന്നു വിധിച്ചപ്പോൾ യേശു അവളുടെ പ്രവൃത്തിയെക്കുറിച്ച് വളരെ നല്ല അഭിപ്രായം പറഞ്ഞു എന്ന് മാത്രമല്ല, അവൾ ചെയ്ത പ്രവൃത്തി സുവേശേഷത്തോട് ബന്ധപ്പെടുത്തി.

> “അവൾ തന്നാൽ ആവതു ചെയ്തു. കല്ലറയിലെ അടക്കത്തിന്നായി എന്റെ ദേഹത്തിന്നു മുമ്പു കൂട്ടി തൈലം തേച്ചു. സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നെടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.”
>
> മർക്കോസ് 14 : 8 – 9

സുവിശേഷത്തിന്റെ പ്രചാരം മൂലം മാനസാന്തരപ്പെടുന്നവർ ക്രിസ്തുവിനായി തങ്ങളെത്തന്നെ ചെലവഴിക്കുന്നവരാത്തീരണം എന്നത്രേ ക്രിസ്തു പറഞ്ഞതിന്റെ ആശയം. ഈ വെറും ചെലവിന് തയ്യാറാകുന്നവരെ ഉപയോഗിച്ചാണ് ക്രിസ്തു തന്റെ രക്ഷണ്യവേല നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലൻമാർ ‘വെറും ചെലവി’ന് (waste) സമർപ്പിച്ചതുകൊണ്ടല്ലേ ലോകമെമ്പാടും ക്രിസ്തുവിന്റെ

സമാധാനസന്ദേശം എത്തിയതും വ്യാപിച്ചതും. "ഞാൻ അതി സന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും" എന്നത് ജീവിതാദർശമായ പൗലോസിൽ നിന്നുകൊണ്ടല്ലേ യൂറോപ്പിനെ കർത്താവ് സുവിശേഷീകരിച്ചത്?

ഓരോ കാലത്തുമുള്ള വിശുദ്ധൻമാർ ഈ wasteനു തയ്യാറായി. തങ്ങളുടെ ഭാവിയും പദവിയും പേരും പെരുമയും നിലയും വിലയുമെല്ലാം ചപ്പെന്നും ചവറെന്നും എണ്ണി ക്രിസ്തുവിനുവേണ്ടി എരിഞ്ഞടങ്ങാൻ തയ്യാറായ വിശുദ്ധൻമാരുടെ ചരിത്രമല്ലേ ക്രൈസ്തവസഭയുടെ ചരിത്രം?

"ഈ വെറും ചെലവെന്തിന്?" എന്ന് യൂദാ ചോദിച്ചു. യൂദാ ലോകത്തിന്റെ പ്രതീകമാണ്. ലോകത്തിന് ഇത് വെറും ചെലവായിട്ടേ തോന്നുകയുള്ളൂ. ലോകത്തിന് ഇത് മനസ്സിലാവുകയില്ല. എന്തു വിഡ്ഢിത്തമാണ് ഈ സ്ത്രീ ചെയ്യുന്നതെന്നേ ലോകത്തിന് തോന്നുകയുള്ളൂ.

യൂദാ ഒരിക്കലും യേശുവിനെ "കർത്താവേ" (Lord) എന്നു വിളിച്ചിട്ടില്ല. റബ്ബീ (ഗുരോ) എന്ന് മാത്രമേ വിളിച്ചിട്ടുള്ളൂ. (മത്തായി 26:49).

എന്നാൽ പത്രോസ് യേശുവിനെ കർത്താവേ എന്നാണ് വിളിക്കുന്നത്. മത്തായി 16:22.

ശിഷ്യൻമാർ "നാഥാ, നാഥാ" എന്നു വിളിച്ചു. ലൂക്കോസ് 8:24.

> "കർത്താവേ, നീ യിസ്രായേലിന്നു ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത് എന്നു ചോദിച്ചു."
>
> അപ്പോസ്തലപ്രവൃത്തികൾ 1 : 6

[redacted]



യേശുവിനെ കർത്താവായി (യജമാനനായി) അംഗീകരിക്കാത്തവരെല്ലാം ക്രിസ്തുവിനുവേണ്ടി ചെലവാക്കുന്നതെല്ലാം വെറും ചെലവായിച്ചേ കരുതുകയുള്ളൂ.

അവൾ ചെയ്ത പ്രവൃത്തിയെ സുവിശേഷത്തോടു ബന്ധപ്പെടുത്തുക മാത്രമല്ല, പ്രവചനപരമായ ഒരു സത്യത്തെ വെളിപ്പെടുത്തുകയും കൂടി ചെയ്തു കർത്താവ്.

"അവളെ വിടുക; എന്റെ ശവസംസ്ക്കാരദിവത്തിനായി അവൾ ഇത് സൂക്ഷിച്ചു എന്നിരിക്കട്ടെ." യോഹ. 12:7.

> "അവൾ ഈ തൈലം എന്റെ ദേഹത്തിൻമേൽ ഒഴിച്ചത് എന്റെ ശവസംസ്ക്കാരത്തിനായി ചെയ്തതാകുന്നു." മത്തായി 26 : 12

മറിയാം അറിഞ്ഞില്ല, അവൾ കല്ലറയിലെ അടക്കത്തിന്നായി കർത്താവിന്റെ ദേഹത്തിൻമേൽ മുമ്പുകൂട്ടി തൈലം തേയ്ക്കുകയാണെന്ന്. അവൾ അറിഞ്ഞുകൊണ്ടല്ലെങ്കിലും ആ മഹൽകാര്യം നിർവ്വഹിക്കുകയായിരുന്നു.

'തന്നാലാവത് ചെയ്യണം' എന്ന ദാഹം ഉണ്ടാകുന്നത് സ്നേഹത്തിന്റെ നിറവിലാണ്. ഓരോ വിശ്വാസിയിൽനിന്ന് ഈ സ്നേഹമാണ് കർത്താവ് ആഗ്രഹിക്കുന്നത്. സകലവും വിട്ടു തന്നെത്തന്നെ ത്യജിച്ച്, കുരിശും എടുത്ത് കർത്താവിന്റെ പിന്നാലെ പുഞ്ചിരിയോടെ പോകാൻ സാധിക്കുന്നത് ഈ സ്നേഹംകൊണ്ട് മാത്രമാണ്.

അപ്പോസ്തലനായ യോഹന്നാൽ എഴുതി:

"അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു." 1 യോഹ. 4:19.

[redacted]

അവൻ എങ്ങനെയാണ് നമ്മെ സ്നേഹിച്ചത്?

> "പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക, സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലോക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി." 1 യോഹ. 4 : 7 – 9

സ്നേഹത്തിനുവേണ്ടിയുള്ള ആ ദാഹമാണ് ഒരിക്കൽ പത്രോസിനോടു ചോദിച്ചത്:

> "യോഹന്നാന്റെ മകനായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: ഉവ്വ് കർത്താവേ എനിക്കു നിന്നോടു പ്രിയമുണ്ട് എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു." "എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറഞ്ഞു."
>
> യോഹ. 21 : 15

കർത്താവിനെ സ്നേഹിക്കുക എന്നതാണ് കുഞ്ഞാടുകളെ മേയ്ക്കാനുള്ള യോഗ്യത. ക്രിസ്തുവിനോട് സ്നേഹമില്ലാതെ കആ◌ിസ്തുവിന്റെ ആടുകളെ മേയ്ക്കുന്നവരാണ് എക്കാലത്തും ക്രൈസ്തവസഭയ്ക്ക് കാതലായ ദോഷം ചെയ്തിട്ടുള്ളവർ.

ക്രിസ്തുവനെ സ്നേഹിക്കുന്നുവോ എന്നെങ്ങനെ അറിയാം?

> ഒന്നാമതായി, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും."
>
> യോഹന്നാൻ 14 : 15

രണ്ടാമതായി, "എന്റെ കല്പനകൾ ലഭിച്ച് പ്രമാ മിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു."
യോഹന്നാൻ 14 : 21

മൂന്നാമതായി, "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും." യോഹ. 14 : 23

നാലാമതായി, "എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല." യോഹ. 14 : 24

ക്രിസ്തു ക്രൂശിൽ നമുക്കെന്തു നേടിത്തന്നു എന്ന് വിശ്വസിക്കുന്നവൻ ക്രിസ്തുവിനെ സ്നേഹിക്കും. എനിക്കു ഒരു കാരണവശാലും ചെന്നുചേരാൻ സാദ്ധ്യമല്ലാത്ത സ്വർഗ്ഗരാജ്യത്തിലെന്നെ എത്തിക്കാൻ ക്രിസ്തു സ്വർഗ്ഗീയ മഹിമാസനങ്ങൾ വെടിഞ്ഞ് ഈ ഭൂമിയിൽ വന്ന് സരകാവകാശിയായ എന്നെ തന്റെ രക്തം കൊടുത്ത് വിലയ്ക്കു വാങ്ങി, എന്നറെ പാപത്തിന്റെ സിക്ഷയെല്ലാം തന്റെമേൽ വഹിച്ചു എന്ന് ഞാൻ വിശ്വസിക്കുമ്പോൾ ഞാനവനെ സ്നേഹിച്ചുപോകും.

എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ അവൻ ഏറ്റെടുത്തു എന്നും എന്റെ പാപത്തിന്റെ ശിക്ഷയെല്ലാം അവൻ എനിക്കു പകരം ഏറ്റു എന്നും എന്റെ ശിക്ഷ അവൻ ഒഴിവാക്കിത്തന്നു എന്നും ഞാൻ വിശ്വസിക്കുമ്പോൾ എനിക്കവനോടു വിട്ടുപിരിയാൻ പറ്റാത്ത സ്നേഹമുണ്ടാകും.

ഞാനെത്ര ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലും ആയിരുന്നു എന്ന് ഞാൻ തിരിച്ചറിയുമ്പോൾ ഞാനവനെ സ്നേഹിച്ചുപോകും. അവനുവേണ്ടി എന്തു ചെലവു ചെയ്യുന്നതും അത് waste അല്ല, വെറും ചെലവല്ല എന്ന് എനിക്ക് ബോദ്ധ്യമാകും.

അതേ, സത്യമാണ് പ്രിയരേ, ക്രിസ്തു എന്നിൽ വലിയവയാണ് ചെയ്തത്. അഞ്ചു മരണം നടന്ന വീടാണ് എന്റെ വീട്. ശാപവും

പാപവും തിങ്ങിയ ഒരു വീട്. എന്റെ അപ്പൻ എനിക്ക് ഒരു വയസ്സുള്ളപ്പോൾ മരിച്ചു. അപ്പന് അന്ന് മുപ്പത്തിമൂന്ന് വയസ്സ്. എന്റെ ചേട്ടൻ മരിച്ചു. ചേട്ടന് അന്ന് പതിമൂന്ന് വയസ്സ്. എനിക്കു മുമ്പു ജനിച്ച മൂന്നുപേർ എന്റെ ജനനത്തിനു മുമ്പ് മരിച്ചുപോയിരുന്നു എന്ന് അമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്.

ശാപഗ്രസ്തമായ ഭവനം. അനേകം കഷ്ടങ്ങളും നഷ്ടങ്ങളും ആപത്തുകളും ലോഗങ്ങളുംകൊണ്ട് വീർപ്പുമുട്ടിയ ജീവിതം. എന്റെ പതിനേഴാമത്തെ വയസ്സിൽ ഞാൻ യേശുവിന്റെ ജീവന്റെ വചനം കേട്ടു. അന്ന് ഞാൻ എന്റെ ജീവിതം ക്രിസ്തുവിന് കൊടുത്തു. മരണത്തോളം ക്രിസ്തുവിനെ സ്നേഹിച്ച്, ഒരു വിശുദ്ധ ജീവിതം നയിക്കുമെന്ന് അന്ന് വ്യക്തമായ ഒരു തീരുമാനമെടുത്തു. എന്റെ കരുണയുള്ള കർത്താവ് പ്രകടമായ ഒരു പാപവും വരാതെ എന്നെ കാത്തു. അവന്റെ പരിശുദ്ധനാമം മഹത്വപ്പെടട്ടെ.

സഹോദരാ, ക്രിസ്തുവിനുവേണ്ടി നിന്നെത്തന്നെ ചെലവഴിയ്ക്കാൻ നിന്റെ ഹൃദയം കൊതിക്കുന്നുവോ? ക്രിസ്തുവിനോട് ഒരു സ്നേഹം നിന്റെ ഹൃദയത്തിൽ ജ്വലിക്കുന്നുണ്ടോ? ഇന്നു മുതൽ ഒരു വിശുദ്ധജീവിതം നയിക്കുമെന്ന് നീ ഇപ്പോൾ ദൃഢനിശ്ചയം എടുക്കുമെങ്കിൽ ക്രിസ്തുവിന്റെ ആത്മാവിന്റെ ഒരു തീപ്പൊരി നിന്റെ ചങ്കിൽ ഇപ്പോൾ വീഴും. ആ തീപ്പൊരി നിന്റെ ഹൃദയത്തെ കത്തുപിടിപ്പിക്കും ആ തീ നിന്റെ ചങ്കിലാകെ നീറിപ്പടരും. അവിടെനിന്ന് ചൂടും വെളിച്ചവും പരിസരങ്ങളിലേക്ക് വ്യാപിക്കും.

മകളേ, നിന്റെ ഭർത്താവിന്റെ മദ്യപാനം മാറും. മുടിഞ്ഞുകൊണ്ടിരിക്കുന്ന നിന്റെ വീട് പച്ചപിടിക്കും. കോപിഷ്ഠനായ നിന്റെ മകൻ ശാന്തസ്വഭാവിയാകും.

മകനേ, എപ്പോഴും പിറിപിറുക്കുകയും മുഷിയുകയും

ചെയ്യുന്നു നിന്റെ ഭാര്യ സ്വഭാവം മാറി ദൈവത്തെ ആരാധിക്കാൻ തുടങ്ങും.

മാന്യ യുവാവേ, നിന്റെ ദുസ്സ്വഭാവങ്ങളും അഴുക്കു ശീല ങ്ങളും നിന്നിൽനിന്ന് തെറിച്ചുമാറും. ക്രിസ്തുവിനെ സ്നേഹിച്ച് ആ സ്നേഹത്തിന്റെ പിന്നാലെ നീ ഓടും. നീ ആത്മാക്കളെ ദൈവരാജ്യത്തിലേക്ക് നേടും.

പറയൂ, ഇപ്പോൾത്തന്നെ നിന്റെ അരികത്തുനില്ക്കുന്ന നാഥ നോട്: കർത്താവേ, ഇന്നുമുതൽ ഞാനൊരു പുതിയസൃഷ്ടി.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# എട്ട്

> "ജ്ഞാനിയുടെ പാർപ്പിടത്തിൽ വിലയേറിയ നിക്ഷേപവും തൈലവുമുണ്ട്. മൂഢനോ അവയെ ദുർവ്യയം ചെയ്തുകളയുന്നു."
>
> സദൃശവാക്യങ്ങൾ 21 : 20

ഈ വാക്യം ഇംഗ്ലീഷ് വേദപുസ്തകത്തിൽ ഇങ്ങനെ കാണുന്നു.

"There is treasure to be desired and oil in the dwelling of the wise, but a foolish man spend all it up." K.J.A.V.

"The wiseman saves for the future, but the foolish man spends whatever he gets." L.B.

വിശുദ്ധ ബൈബിളിൽ സദൃസവാക്യങ്ങൾ ഒരു കാവ്യഗ്രന്ഥമാണ്. മനുഷ്യൻ നന്നായി ജീവിക്കേണ്ടതിന് ആവശ്യമായ സദുപദേശങ്ങളും പ്രബോധനങ്ങളും അതിൽ ഉണ്ട്. ശലോമോൻ രാജാവാണ് ഈ പുസ്തകം രചിച്ചത്. ജ്ഞാനിയെയും ഭോഷനെയും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള അനേകം പ്രസ്താവന

കൾ ഈ ഗ്രന്ഥത്തിൽ കാണാം. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ജ്ഞാനത്തിന് വളരെ പ്രാധാന്യം കൊടുത്തിരുന്നു.

> "ജ്ഞാനിയുടെ പാർപ്പിടത്തിൽ വിലയേറിയ നിക്ഷേപവും തൈലവുമുണ്ട്. മൂഢനോ അവയെ ദുർവ്യയം ചെയ്തുകളയുന്നു." സദൃശ. 21 : 20

എന്താണ് ജ്ഞാനം എന്ന് ഇയ്യോബിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

> "കർത്താവിനോടുള്ള ഭക്തിതന്നേ ജ്ഞാനം. ദോഷം അകന്നു നടക്കുന്നതുതന്നേ വിവേകം."
>
> ഇയ്യോബ് 28 : 28

> "ജ്ഞാനം എവിടെനിന്നു വരുന്നു? വിവകത്തിന്റെ ഉത്ഭവസ്ഥാനം എവിടെ? എന്നു അന്വേഷിച്ച് ഇയ്യോബ് അത് കണ്ടെത്തുകയാണ്. ജ്ഞാനത്തിന്റെ ആരംഭം യഹോവാഭക്തിയാണെന്ന് ശലോമോനും കണ്ടെത്തുന്നുണ്ട്. സദൃശവാക്യങ്ങൾ 1 : 7, 9 : 10

ജ്ഞാനിയുടെ പാർപ്പിടത്തിൽ വിലയേറിയ നിക്ഷേപവും തൈലവുമുണ്ട്. ജ്ഞാനി തന്റെ ബുദ്ധിവൈഭവത്താൽ സമ്പാദിക്കുന്നവയാണ്. എന്നാൽ ബുദ്ധിഹീനനായ മുഷ്യൻ അവ ചെലവഴിച്ചു നശിപ്പിച്ചുകളയുന്നു.

വിലയേറിയ നിക്ഷേപം ഭാവിക്കുവേണ്ടിയുള്ള സമ്പാദ്യമാണ്. കർത്താവ് ഗിരിപ്രഭാഷണത്തിൽ പറഞ്ഞു:

> "പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നുമോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ."
>
> മത്തായി 6 : 20

നിത്യജീവനുവേണ്ടി സമ്പാദിക്കാനാണ് കർത്താവ് കല്പിക്കുന്നത്. ജ്ഞാനിയായ ശലോമോൻ പറയുന്നു:

> "ഭൂമിയിൽ എത്രയും ചെറിയവയെങ്കിലും അത്യന്തം ജ്ഞാനമുള്ളവയായിട്ട് നാലുണ്ട്; ഉറുമ്പു ബലഹീനജാതി എങ്കിലും അത് വേനൽക്കാലത്തു ആഹാരം സമ്പാദിച്ചു വെക്കുന്നു. കുഴിമുയൽ ശക്തി ഇല്ലാത്ത ജാതി എങ്കിലും അതു പാറയിൽ പാർപ്പിടം ഉണ്ടാക്കുന്നു. വെട്ടുക്കിളിക്കു രാജാവില്ല എങ്കിലും അതൊക്കെയും അണിയണിയായി പുറപ്പെടുന്നു. പല്ലിയെ കൈകൊണ്ടു പിടിക്കാമെങ്കിലും അതു രാജാവക്കന്മാരുടെ അരമനകളിൽ പാർക്കുന്നു." സദൃശവാക്യങ്ങൾ 30 : 24 – 28

ഉറുമ്പു ബലഹീനജാതിയെങ്കിലും അതു ഭാവിക്കുവേണ്ടി കരുതുന്നു. ഭാവി ശോഭനജീവിത്തിനുവേണ്ടി അദ്ധ്വാനിക്കുന്നു.

പ്രിയ സ്നേഹിതാ, നീ നിത്യജീവനുവേണ്ടി കരുതിയിട്ടുണ്ടോ? നിത്യത സ്വർഗ്ഗമഹാഭാഗ്യത്തിൽ കഴിയണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ? ഒരു നിത്യതയുണ്ട്. അത് ഒന്നുകിൽ സ്വർഗ്ഗം അല്ലെങ്കിൽ നരകം എന്ന് നീ വിശ്വസിക്കുന്നുണ്ടോ?

ദൈവരാജ്യത്തിലേക്കുള്ള മുതൽകൂട്ട് ഇവടെവെച്ച് സമ്പാദിക്കുന്നവനാണ് ഭാഗ്യവാൻ. അവനാണ് ദൈവവിഷയമായി സമ്പന്നൻ. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്നവരെ, 'മൂഢാ' എന്നാണ് ദൈവം വിളിക്കുന്നത്. ലൂക്കോസ് 12 : 21

ഈ ലോകം മായയാണ്. ഇവിടെ കാണുന്നതെല്ലാം താല്ക്കാലികമാണ്. ഇവിടെവെച്ച് നിത്യതയ്ക്കുവേണ്ടി നല്ല നിക്ഷേപം സ്വരൂപിക്കാനാണ് ദൈവം നമുക്ക് ബുദ്ധ്യുപദേശം തരുന്നത്.

എന്താണ് ഈ സ്വർഗ്ഗീയ നിക്ഷേപം? കർത്താവായ യേശു ക്രിസ്തുതന്നെയാണ് ഈ സ്വർഗ്ഗീയനിധി. ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾതന്നെ നാം ക്രിസ്തുവിനെ നമ്മുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കണം.

തന്നെത്തന്നെ നമുക്ക് തരാനാണ് ക്രിസ്തു സ്വർഗ്ഗം ചായിച്ച് ഭൂമിയിലേക്കിറങ്ങിവന്നത്. "ക്രോബേ സ്രാപ്പികൾതൻ സവിധം വിട്ടവതരണം ചെയ്ത, കന്യകതന്നുദരേ വാണോനായ ക്രിസ്തു യേശു, ആദാമ്യരായ നമ്മെ സാത്താന്റെയും മൃതിയുടെയും അടിമത്തത്തിൽനിന്ന് ഉദ്ധരിപ്പാൻ ശരീരമെടുത്ത വീരനാം ദൈവമാണ്" എന്ന് പൂർവ്വീക പുണ്യപിതാക്കൾ പാടിയിട്ടുണ്ട്.

നിത്യജീവൻ എന്ന നിക്ഷേപം എന്താണെന്നറിയാതെ ജീവിച്ച ഒരാളാണ് ഇപ്പോൾ C.A. ഫൈനൽ പരീക്ഷയ്ക്കു പഠിക്കുന്ന കുറുപ്പുംപടിയിലുള്ള മഞ്ജു എബ്രഹാം. മഞ്ജു നിത്യജീവന്റെ അവകാശം നേടിയതെങ്ങനെ എന്ന് ഇപ്പോൾ ഇപ്പോൾ ചോദിച്ചറിയാം.

മഞ്ജുവിന്റെ അനുഭവങ്ങൾ ഒന്നു പറയാമോ?

ഞാൻ ഒരു യോക്കോബായ കുടുംബത്തിലെ അംഗമാണ്. കുറുപ്പുംപടി പള്ളിയിൽ ഞാൻ മദ്ബഹായിൽ ശുശ്രൂഷയ്ക്കു കൂടുമായിരു്നു. സണ്ടേസ്കൂൾ, നമസ്ക്കാരം, വേദപുസ്തകവായന എന്നിങ്ങനെ എല്ലാം എനിക്ക് ചടങ്ങുപോലെയുണ്ടായിരുന്നു.

മനുഷ്യരുടെ മുമ്പിൽ നല്ലപിള്ളയായി ഞാൻ ഭാവിച്ചിരുന്നു. പള്ളിയിലും എന്നെ ഒരാത്മീയനായിട്ടാണ് കരുതിയിരുന്നത്. പക്ഷേ എന്റെ ഹൃദയം നിറയെ അശുദ്ധിയായിരുന്നു. വളരെ മ്ലേച്ഛമായ മോഹങ്ങളും ആസക്തികളും എന്റെ ഉള്ളിൽ ഉണ്ടായിരുന്നു. അഴുക്കു നിറഞ്ഞ വിചാരങ്ങളിൽ ഞാൻ മുഴുകിയി

രുന്നു.

ഒരു ചെറുപ്പക്കാരൻ ചെയ്യുന്ന എല്ലാ രഹസ്യപാപങ്ങളും എനിക്കു ശീലമായിരുന്നു. കഠിനമായ കോപം, ക്രോധം, വാശി, ദുശ്ശാഠ്യം, പരദൂഷണം, അസഭ്യസംസാരം - എന്നിവയെല്ലാം എന്നിൽ നിറഞ്ഞുനിന്നിരു◌്നു. എനിക്കു നിയന്ത്രിക്കാനാവാത്ത കോപവും അശുദ്ധിയും മൂലം ഞാൻ വളരെ നിരാശനുമായിരുന്നു.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

ഞാൻ കോളേജിൽ പഠിക്കുമ്പോൾ ഒരു ബൈബിൾ ക്ലാസ്സിൽ പങ്കെടുക്കുവാൻ എനിക്ക് അവസരം ലഭിച്ചു. കുടുംബത്തിൽ ഒരു സമാധാനപുത്രനായി നിൽക്കണമെന്ന് ഞാനവിടെ കേട്ടു. അശുദ്ധനായ അഗസ്റ്റിൻ പരിശുദ്ധനായ അഗസ്തീനോസ് ആയ സംഭവം കേട്ടപ്പോൾ എനിക്കും ആ അനുഭവം പ്രാപിക്കണമെന്ന് ഞാൻ ആശിച്ചു. ഇനിമേൽ യേശുക്രിസ്തുവിനെ ദുഃഖിപ്പിക്കുകയില്ലെന്ന് ഞാൻ ഒരു ദൃഢപ്രതിജ്ഞയെടുത്തു. യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിച്ചു.

പിന്നീടുള്ള അനുഭവമെന്തായിരുന്നു?

മാനസാന്തരപ്പെട്ട ആദ്യനാളുകളിൽ സുവിശേഷവേല ചെയ്യണമെന്ന അത്യാർത്തി എനിയ്ക്കുണ്ടായി. എന്റെ ഹൃദയം വിശുദ്ധീകരിക്കപ്പെടുണം എന്ന് ഞാൻ ചിന്തിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തില്ല. എന്നാൽ കടയിരുപ്പിൽ സാറിന്റെ ഭവനത്തിൽ വന്ന് രണ്ടാം ശനിയാഴ്ച, രാണ്ടാം ഞായറാഴ്ച, മൂന്നാം ഞായറാഴ്ച ദിവസങ്ങളിൽ പകലും തിങ്കളാഴ്ചകളിൽ സന്ധ്യയ്ക്കും നടക്കുന്ന യോഗങ്ങളിൽ വന്നു തിരുവചനം കേട്ടു. അപ്പോഴാണ് എനിക്ക് മനസ്സിലായത്, മാനസാന്തരംകൊണ്ട് ഒന്നുമായില്ല, ആളത്വം രൂപാന്തരപ്പെടണം, ഹൃദയം വിശുദ്ധീകരിക്കപ്പെടണം

എന്ന്.

അതിനെ തുടർന്നുള്ള അനഭവം എന്താണ്?

ഞാൻ എന്റെ മാതാപിതാക്കളോട് മാപ്പു ചോദിച്ച് ഒരു പുതിയ ജീവിതം തുടങ്ങി. എന്റെ നോട്ടത്തിലെ മോഹവും അശുദ്ധിയും ചിന്തയിലെ അഴുക്കും കർത്താവ് മാറ്റിത്തന്നു. എന്റെ ദേഷ്യവും വാശിയും ഴഴക്കും മാറി. അഴുക്കു സംസാരിച്ചുകൊണ്ടിരുന്ന നാവിന് കർത്താവ് നിയന്ത്രണം തന്നു.

ഇന്നത്തെ അവസ്ഥയെന്താണ്?

ക്രിസ്തുവിന്റെ ഒരു രഹസ്യവിശുദ്ധനും പരസ്യസാക്ഷിയുമായി മേലിൽ ജീവിക്കുന്നമെന്ന ഒരു തീരുമാനം ഞാനെടുത്തു. നിത്യജീവൻ ലാക്കാക്കി എന്റെ ജീവിതപ്രയാണം തുടരും എന്നെനിക്ക് നല്ല ഉറപ്പായി. C.A. ഇന്റർമീഡിയറ്റ് പാസ്സായി ഫൈനലിന് ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഒരു പുതിയ ജീവിതം നയിക്കാൻ കർത്താവെനിക്ക് കൃപ തരുന്നു.

മഞ്ജുവിന് ജീവിതത്തിൽ വിലയേറിയ നിക്ഷേപം കിട്ടി. വിലയേറിയ തൈലവും കിട്ടി. അവ ദുർവ്യയം ചെയ്ത് നശിപ്പിക്കാതിരിക്കാൻ ഗൗരവമേറിയ ഒരു തീരുമാനം എടുത്ത് ഈ യുവാവ് നിൽക്കുകയാണ്.

നിക്ഷേപം എന്താണെന്ന് നല്ലതുപോലെ ഗ്രഹിക്കൂ. ക്രിസ്തു ആണ് നിക്ഷേപം. ക്രിസ്തുവിന്റെ സ്നേഹവും വിശുദ്ധിയുമാണ് മൂലധനം. ക്രിസ്തുവിന്റെ കൃപയും നിറവുമാണ് കൈമുതൽ.

വിലയേറിയ തൈലമെന്താണ്?

അഹറോന്റെ തലയിലെ വിശേഷ തൈലത്തെക്കുറിച്ച് നൂറ്റിമുപ്പത്തിമൂനാം സങ്കീർത്തനത്തിൽ നാം വായിക്കുന്നുണ്ട്.

> “ഇതാ, സഹോദരൻമാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്ര മനോഹരവുമാകുന്നു. അത് വസ്ത്രത്തിന്റെ വിളുമ്പിലേക്ക് നീണ്ടുകിടക്കുന്ന താടിയിലേക്ക്, അഹറോന്റെ താടിയിലേക്കു തന്നെ ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷ തൈലംപോലെയും സീയോൻ പർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യ മഞ്ഞുപോലെയും ആകുന്നു. അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്.”

“How wonderful it is, how pleasant, when brothers live in harmony! For harmony is as precious as the fragrant anointing oil that was poured over Aaron’s head, and ran down onto his beard and onto the border of his robe.” Living Bible.

വിലയേറിയ തൈലം അഭിഷേകതൈലമാണ്. സുഗന്ധപൂരിതമായ അഭിഷേകതൈലം പോലെ അത്ര വിലയേറിയതാണ് ഐക്യമെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. മനുഷ്യർ പരസ്പരമുള്ള സൗഹൃദം. മതമൈത്രി. ഏകയോഗക്ഷേമമായി പുരുന്ന മാനവിക ഐക്യം.

പ്രിയ സഹോദരീ, നിന്റെ കുടുംബത്തിൽ ഐക്യം പുലരുന്നുണ്ടോ? മാതാപിതാക്കളും മക്കളും തമ്മിൽ, ഭാര്യയും ഭർത്താവും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ – ഈ ഐക്യം പുലരുന്നെങ്കിൽ മാത്രമേ അവിടെ അഭിഷേകതൈലത്തിന്റെ സുഗന്ധം പരക്കുകയുള്ളൂ. കാരണം ഐക്യമുളവാക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് തന്നെയാണ് ഈ വിലയേറിയ തൈലം.

ഈ വിശേഷ തൈലമാണ് ശമൂവേലിന്റെ തൈലക്കൊമ്പിൽനിന്ന് ശൗലിന്റെ ശിരസ്സിലും ദാവീദിന്റെ ശിരസ്സിലും ഒഴു

കിയത്. പക്ഷേ ശൗൽ അതിനെ ദുർവ്യം ചെയ്തുകളഞ്ഞു.

ശൗൽ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ വിലയെ നിസ്സാരമാക്കിക്കളഞ്ഞു. ശൗൽ അനുസരണക്കേടുകാണിച്ചു. ശൗൽ ന്യായീകരണം പറഞ്ഞു നിന്നു. ശൗൽ ദാവീദിനെ വേട്ടയാടി. ശൗൽ പൈശാചികന് ഇടം കൊടുത്തു. ശഔൽ അസൂയാലുവായി. തന്റെ തലമേൽ ഒഴുകിയ അഭിഷേകതൈലത്തെ ശൗൽ അഗണ്യമാക്കി. തൻമൂലം ശൗൽ തന്റെ പദവിയിൽനിന്ന് തള്ളപ്പെട്ടു.

ദാവീദ് ദൈവത്തിന്റെ അഭിഷേകതൈലത്തെ മാനിച്ചു. തന്നെ കൊല്ലുവാൻ പതിയിരിക്കുകയും ആക്രമിക്കുകയും ചെയ്യുന്നു ശൗലിനെ കൊല്ലുവാൻ ദാവീദിന് നല്ല അവസരം ലഭിച്ചിട്ടും അവൻ പ്രതികാരം ചെയ്യാൻ ഒരുങ്ങിയില്ല. അവൻ അഭിഷേക തൈലത്തെ മാനിച്ചു.

> "യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവെച്ചിട്ട് ആർ ശിക്ഷ അനുഭവിക്കാതെ പോകും?" എന്നാണ് ദാവീദ് പറഞ്ഞത്. 1 ശമൂവേൽ 26 : 9

ഒരവസരത്തിൽ ശൗൽ മൂവായിരം ആളുകളെ കൂട്ടി ദാവീദിനെ വേട്ടയാടിപ്പിടിച്ച് കൊല്ലാൻ വനത്തിലൂടെ നടന്നു. ശൗലിനെ കൊല്ലാൻ അവസരം കിട്ടിയപ്പോൾ ദാവീദ് ശൗലിന്റെ വസ്ത്രത്തിന്റെ അഗ്രം മുറിച്ചെടുത്തു. യഹോവയുടെ അഭിഷേകതൈലം വീണ അഭിഷിക്തന്റെ വസ്ത്രാഗ്രം മുറിച്ചതിനെ ഓർത്ത് ദാവീദ് കുറ്റബോധത്തോടെ നിലവിളിച്ചു.

> "ശൗലിന്റെ വസ്താഗ്രം മുറിച്ചുകളഞ്ഞതു കൊണ്ടു പിന്നത്തേതിൽ ദാവീദിന്റെ മനസ്സാക്ഷി കുത്തിത്തുടങ്ങി." 1 ശമൂവേൽ 24 : 10

ദാവീദ് ശൗലിനോട് പറഞ്ഞു:

> “നിന്നെ കൊല്ലുവാൻ ചിലർ പറഞ്ഞെങ്കിലും ഞാൻ ചെയ്തില്ല, എന്റെ യജമാനന്റെ നേരെ ഞാൻ കയ്യെടുക്കയില്ല, അവൻ യഹോവയുടെ അഭിഷിക്തനല്ലോ.”
> 1 ശമൂവേൽ 24 : 10

ദൈവപൈതലേ നീ നിന്റെ വിലയേറിയ നിക്ഷേപവും വിലയേറിയ തൈലവും ദുർവ്യം ചെയ്തിരിക്കയാണോ? ദൈവം തന്ന അനുഗ്രഹങ്ങൾ അഗണ്യമാക്കിക്കോണ്ട് നീ വീണ്ടും പാപത്തിലേക്ക് തിരികെ പോയിരിക്കയാണോ? നീ അനൈക്യത്തിനും ഭിന്നതയ്ക്കും വഴക്കിനും പിണക്കത്തിനും ഇടം കൊടുത്തിരിക്കയാണോ? ഒരിക്കൽ ദൈവം നിനക്ക് ദാനമായിത്തന്ന നിക്ഷേപത്തെയും വിലയേറിയ അഭിഷേകത്തെയും നഷ്ടപ്പെടുത്തി നശിപ്പിച്ചുകൊണ്ടിരിക്കുകയാണോ?

എങ്കിൽ മകനേ, തിരികെ വരൂ. പ്രിയ മകളേ, മടങ്ങിവരൂ. നിന്റെ വീണ്ടെടുപ്പുകാരൻ ആണിപ്പാടുള്ള കരങ്ങൾകൊണ്ട് നിന്നെ മാടിവിളിക്കുന്നു. അവന്റെ സ്നേഹം നിറഞ്ഞ സ്വരം കേട്ടുകൊണ്ട് നീ അതിവേഗം മടങ്ങിവരൂ.

നീ നിന്റെ ഉടയവനോടു പറയൂ:

നാഥാ, ഞാൻ എനിക്കു ലഭിച്ച നിക്ഷേപത്തെയും തൈലത്തെയും ദുർവ്യയം ചെയ്തുപോയി. വേണ്ടാത്തതിനുവേണ്ടി അവയെല്ലാം ചെലവഴിച്ചുപോയി. എന്നോടു ക്ഷമിക്കണമേ. എന്നെ യഥാസ്ഥാനപ്പെടുത്തണമേ.

[redacted]

## ഒൻപത്

"അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം." ലൂക്കോസ് 10 : 35

"ഞാൻ നിത്യജീവന്ന് അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം?" ലൂക്കോസ് 10 : 25

ക്രിസ്തുവിന്റെ അടുക്കൽ ഒരു ന്യായശാസ്ത്രി വന്ന് ചോദിക്കുകയാണ്. നിത്യജീവനെക്കുറിച്ച് ക്രിസ്തുവിനോട് ചോദിക്കുന്നവർ ബൈബിളിൽ രണ്ടു വ്യക്തികളേയുള്ളൂ. ഒന്ന്, ഈ ന്യായശാസ്ത്രി; മറ്റേയാൾ മത്തായി പത്തൊൻപതാം അദ്ധ്യായത്തിലും മർക്കോസ് പത്താം അദ്ധ്യായത്തിലും ലൂക്കോസ് പതിനെട്ടാം അദ്ധ്യായത്തിലും കാണുന്ന പ്രമാണിയായ മനുഷ്യനാണ്. ഈ പ്രമാണി മാത്രമേ സത്യാന്വേഷകനായുള്ളൂ. ന്യായശാസ്ത്രി നിത്യജീവനെക്കുറിച്ച് ചോദിക്കുന്നത് യേശുവിനെ പരീക്ഷിച്ച് ചോദിച്ചതാണ്. ലൂക്കോസ് 10 : 25

ആ ന്യായശാസ്ത്രിയോട് സംസാരിക്കുമ്പോഴാണ് കർത്താവ്

നല്ല ശമര്യാക്കാരന്റെ ഉപമ പറയുന്നത്.

> "ഒരു മനുഷ്യൻ യെരൂശലേമിൽനിന്ന് യെരീഹോവിലേക്ക് പോകുമ്പോൾ കള്ളൻമാരുടെ കയ്യിൽ അകപ്പെട്ടു; അവർ അവനെ വസ്ത്രം അഴിച്ചു മുറിവേല്പിച്ചു. അർദ്ധപ്രാണനായി വിട്ടേച്ചുപോയി. ആ വഴിയായി യദൃച്ഛയാ ഒരു പുരോഹിതൻ വന്നു അവനെ കണ്ടിട്ട് മാറി കടന്നുപോയി. അങ്ങനെ തന്നേ ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ കണ്ടിട്ട് മാറി കടന്നുപോയി. ഒരു ശമര്യക്കാരനോ വഴിപോകയിൽ അവന്റെ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞു. അരികെചെന്ന് എണ്ണയും വീഞ്ഞും പകർന്നു അവന്റെ മറിവുകളെ കെട്ടി അവനെ തന്റെ വാഹനത്തിൽ കയറ്റി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷ ചെയ്തു. പിറ്റെന്നാൾ അവൻ പുറപ്പെടുമ്പോൾ രണ്ടു വെള്ളിക്കാശു എടുത്തു വഴിയമ്പക്കാരന്നു കൊടുത്തു: ഇവനെ രക്ഷ ചെയ്യേണം; അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം എന്ന് അവനോടു പറഞ്ഞു."
>
> ലൂക്കോസ് 10 : 30 – 35

യെരുശലേമിൽനിന്ന് യെറീഹോവിലേക്കുള്ള റോഡ് അപകടപൂർണ്ണമാണ്. സമുദ്രനിരപ്പിൽനിന്ന് 2300 അടി ഉയരമുണ്ട് യെരുശലേമിന്. യറീഹോവിന് സമുദ്രനിരപ്പിൽനിന്ന് മുന്നൂറു അടി താഴ്ചയുണ്ട്. ചാവുകടലിനരികത്താണ് യറീഹോ. വളരെ ഇടുങ്ങിയതാണ് യരുശലേം-യറീഹോ റോഡ്. കൊടും വളവുകളുമുണ്ട്. കള്ളൻമാർക്ക് പതിയിരുന്ന് യാത്രക്കാരെ അക്രമിക്കാൻ നല്ല സൗകര്യമുള്ളതാണ് ഈ റോഡ്.

അഞ്ചാം നൂറ്റാണ്ടിൽ ജറോം പറയുന്നത് അന്നും ഈ റോഡ് 'രക്തരൂഷിത പാത'യാണെന്നാണ്. (Red, bloody way). 1930ൽ എച്ച്.വി. മോർട്ടൺ പറഞ്ഞിട്ടുണ്ട്, ഈ റോഡിൽകൂടെ പോകാനുദ്ദേശിക്കുന്നു എങ്കിൽ ഇരുളുന്നതിനുമുമ്പെ പോകണമെന്നും അല്ലെങ്കിൽ കൊള്ളക്കാർ കാർ തടയുകയും കവർച്ച ചെയ്യുകയും ചെയ്ത് പോലീസ് വരുന്നതിനുമുമ്പ് കുന്നുകളിലേക്ക് ഒളിച്ചുമാറുകയും ചെയ്യും എന്നും മുന്നറിയിപ്പുകൾ കിട്ടിയിട്ടുണ്ട് എന്ന്.

യേശുക്രിസ്തുവിന്റെ നാളുകളിലും കള്ളൻമാരുടെയും കൊള്ളക്കാരുടെയും സ്വൈരവിഹാരരംഗമായിരുന്നു ആ റോഡ്.

ഈ ഉപമയിലെ യാത്രക്കാരൻ ബുദ്ധമോശമാണ് കാണിച്ചത്. വിഡ്ഢിത്തമായപ്പോയി ഏകനായി ആ വഴിയേ പോയത്. കള്ളൻമാർ അവനെ ആക്രമിച്ച്, വസ്ത്രം അഴിച്ച്, മുറിവേല്പിച്ച്, അർദ്ധപ്രാണനായി വിട്ടേച്ചുപോയി.

ഇത് മനുഷ്യജാതിയുടെ ചിത്രമാണ്. പൈശാചികൻ കെണി ഒരുക്കിയിരിക്കുന്ന പാപത്തിന്റെ വഴിയിലൂടെ പോകുന്ന മനുഷ്യൻ. സാത്താന്റെയും അവന്റെ ദുരാത്മാവക്കളുടെയും ഊരാക്കുരുക്കിൽ കുടുങ്ങിപ്പോയ മനുഷ്യൻ. പാപത്തിനിടം കൊടുത്തുതുമൂലം സാത്താന്റെ ബന്ധനത്തിലമർന്നുപോയ മനുഷ്യൻ.

സാത്താൻ ചെയ്യുന്ന ഏറ്റവും ഭീകരകൃത്യം നീതിയിൻ വസ്ത്രം ഉരിഞ്ഞുകളയുന്നതാണ്. ഏദൻതോട്ടത്തിൽ ആദിമമനുഷ്യൻ പാപം ചെയ്തപ്പോൾ അവനിൽനിന്ന് ദൈവതേജസ്സിൻരെ വസ്ത്രം ഉരിഞ്ഞുപോയി. അപ്പോഴാണ് അവന് നഗ്നനെന്ന ബോധം ഉണ്ടായതും വൃക്ഷങ്ങളുടെ മറവിൽ ഒളിച്ചതും.

പാപംമൂലം സാത്താൻ മനുഷ്യനിൽ കർത്തൃത്വം നടത്തുകയും മനുഷ്യൻ ലജ്ജിതനായി, നിന്ദിതനായി, അപമാനിതനായി

നില്ക്കുകയും ചെയ്യുന്നു.

കള്ളൻമാർ അവനെ വസ്ത്രം അഴിച്ചുകളയുക മാത്രമല്ല, മുറിവേല്പിക്കുകയും ചെയ്തു. മറിവേറ്റുകിടക്കുന്ന ആ യാത്രക്കാരനെപ്പോലെ പാപംമൂലം മുറിവേറ്റുപിടയുന്ന മനുഷ്യാത്മാവിന്റെ പരമദയനീയമായ ചിത്രം.

യെശയ്യാപ്രവാചകൻ ഒന്നാം അദ്ധ്യായം രണ്ടാം വാക്യം മുതൽ പറയുന്നു:

> "ആകാശമേ, കേൾക്ക; ഭൂമിയേ ചെവി തരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽതൊട്ടിയെയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ പാപമുള്ള ജാതി; അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു. ഇനി നിങ്ങളെ അടിച്ചിട്ടു എന്തു? നിങ്ങൾ അധികം അധികം പിൻമാറുകേയുള്ളു; തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല, മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളു. അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല."

യിരമ്യാവ് പറയുന്നു:

"എന്റെ ജനത്തിൻപുത്രിയുടെ മുറിവുനിമിത്തം ഞാനും മുറിപ്പെട്ടു ദുഃഖിച്ചുനടക്കുന്നു. സ്തംഭനം എന്നെ പിടിച്ചിരിക്കുന്നു." യിരമ്യാവ് 8 : 21

കള്ളൻമാർ അവനെ അർദ്ധപ്രാണനായി വിട്ടേച്ചുപോയി. മരിക്കാറായി ചോരയിൽ കിടന്ന് പിടയുകയാണ്. ഇപ്പോൾ ഒന്ന് ഉച്ചത്തിൽ വിളിക്കാൻപോലും കഴിവില്ല. ഒരു ഞരക്കം മാത്രം. ഒരു ശ്വാസം മാത്രം. എത്ര ശോചനീയമായ അവസ്ഥ.

അപ്പോൾ ആ വഴിയിൽക്കൂടി ഒരു പുരോഹിതൻ കടന്നുപോയി. പുരോഹിതനറിയാം, ശവത്തെത്തോട്ടാലശുദ്ധനാകുമെന്ന്. ലേവ്യപുസ്തകം 21:1; 11. അങ്ങനെ അശുദ്ധി സംഭവിച്ചാൽ പുരോഹിത ശുശ്രൂഷ ചെയ്യാൻ സാധിക്കാതെപോകും. അതുകൊണ്ട് പുരോഹിതൻ ആ മറിവേറ്റ മനുഷ്യനെ കണ്ടിട്ട് അടുത്തുചെല്ലാതെ, മാറി കടന്നുപോയി.

പിന്നീട് ഒരു ലേവ്യൻ ആ വഴിയിൽക്കൂടി പോയപ്പോൾ അവനെ കണ്ടു. ലേവ്യൻ ചിന്തിച്ചു. ഈ കിടക്കുന്ന ആൾ വാസ്തവമായി മുറിവേറ്റ ആളായിരിക്കുമോ? കൊള്ളക്കാർ ഒരാളെ അപ്രകാരം കിടത്തിയിട്ട് യാത്രക്കാരാരെങ്കിലും അടുത്തുവന്ന് സഹായിക്കുമ്പോൾ ചാടിവീണ് യാത്രക്കാരെ കൊള്ളയടിക്കാനുള്ള തന്ത്രമാണോ ഇത്. ഏതായാലും ഈ മനുഷ്യന്റെ അടുത്തേക്ക് പോകണ്ട; എനിക്ക് ഒരനർത്ഥം വരുത്തുന്നതെന്തിന് എന്ന് ചിന്തിച്ച് ലേവ്യനും മാറി കടന്നുപോയി.

യെഹസ്കേൽ 16ൽ കാണുന്ന ശിശുവിന്റെ ദയനീയാവസ്ഥ തന്നെയാണ് ഇവിടെ കാണുന്നത്. ആർക്കും കനിവ് തോന്നിയില്ല. മനുഷ്യൻ സാത്താന്റെ കൈകളിൽ കിടന്ന് പിടയുന്നതു കണ്ടിട്ട് ആർക്കും അവനോട് മനസ്സലിവ് തോന്നിയില്ല. പൗരോഹിത്യത്തിനും ന്യായപ്രമാണത്തിനും അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല.

> "ജനിച്ച നാളിൽ നിന്റെ പൊക്കിൾ മുറിച്ചില്ല, നിന്നെ വെള്ളത്തിൽ കുളിപ്പിച്ചു വെടിപ്പാക്കിയില്ല, ഉപ്പു തേച്ചില്ല, തുണി ചുറ്റിയതുമില്ല. നിന്നോടു മനസ്സലിവു തോന്നീട്ടു ഇവയിൽ ഒന്നെങ്കിലും നിനക്കു ചെയ്തു തരുവാൻ ഒരു കണ്ണിന്നും നിന്നോടു കനിവുണ്ടായില്ല."
> യെഹസ്കേൽ 16 : 4 – 5

അപ്പോഴിതാ, ഒരു ശമര്യാക്കാരൻ വരുന്നു. അവൻ വഴിപോകയിൽ അവന്റെ അരികത്തുകൂടെ കടന്നുപോകുകയായിരുന്നു. ചോരയിൽ കിടന്നു അർദ്ധപ്രാണനായി ഞരങ്ങുന്ന ആ സാധു മനുഷ്യനോ കണ്ടപ്പോൾ ശമര്യാക്കാരന്റെ മനസ്സലിഞ്ഞു. അദ്ദേഹം പാവപ്പെട്ടവന്റെ അരികത്തിരുന്നു. തന്റെ വസ്ത്രം കീറിയെടുത്ത് അവന്റെ മുറിവുകളെ കെട്ടി. തന്റെ തുരുത്തിയിൽനിന്ന് വീഞ്ഞെടുത്ത് അവന്റെ വായിലൊഴിച്ചുകൊടുത്തു.

വീഞ്ഞ് അകത്തു ചെന്നതോടെ അവന്റെ കണ്ണു തുറന്നു. ബോധം തെളിഞ്ഞു. അദ്ദേഹത്തിന്റെ പാത്രത്തിൽനിന്ന് എണ്ണയെടുത്തു മുറിവുകളിൽ പുരട്ടി. എന്തൊരാശ്വാസം! നന്ദിനിറഞ്ഞ കണ്ണുകളോടെ ആ സാധു മനുഷ്യൻ ശമര്യാക്കാരനെ നോക്കി.

അവനെ താങ്ങിയെടുത്തു തന്റെ വാഹനമൃഗത്തിൻമേൽ കയറ്റി തന്റെ മാറോട് ചേർത്തണച്ചിരുത്തി. അടുത്ത വഴിയമ്പലത്തിലെത്തിച്ചു. അന്നൊരു ദിവസം അവനെ ശുശ്രൂഷിച്ചുകൊണ്ട് ആ വഴിയമ്പലത്തിൽ പാർത്തു. പിറ്റെന്നാൾ അദ്ദേഹം വഴിയമ്പലക്കാരന് രണ്ടു വെള്ളിക്കാശ് കൊടുത്തിട്ടു പറഞ്ഞു:

"ഇവനെ രക്ഷ ചെയ്യേണം, അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം."

യേശു ചെയ്തിതാണ്. നാം പൈശാചികന്റെ ആക്രമണമേറ്റ്, മുറിവേറ്റ്, അർദ്ധപ്രാണരായി കിടന്നപ്പോൾ കർത്താവായ യേശു

നമ്മുടെ അരികത്തേക്ക് വന്നു. അവന് നമ്മോടു ആർദ്രത തോന്നി. അവൻ തന്റെ ദേഹമെന്ന തിരശ്ശീല ചിന്തി നമ്മുടെ നഗ്നത മറച്ചു. നമ്മുടെ മുറിവുകളെ കെട്ടി.

നമ്മുടെ നഗ്നത മറയ്ക്കാൻ അവൻ നഗ്നനായി. നട്ടുച്ചവെയിലത്ത് കുരിശിൽ കിടന്നു പിടഞ്ഞു. നമ്മുടെ മുറിവുകളെ കെട്ടുവാൻ അവൻ പഞ്ചമുറിവുകളേറ്റ് കുരിശിൽ യാതനയേറ്റു. അവന്റെ തിരുരക്തമാകുന്ന വീഞ്ഞ് നമ്മുടെ വായിൽ അവൻ പകർന്നുതന്ന് നമ്മെ ജീവിപ്പിച്ചു. പരിശുദ്ധാത്മാവാകുന്ന എണ്ണ

നമ്മുടെമേൽ പുരട്ടി നമ്മെ ആശ്വസിപ്പിച്ചു.

സ്നേഹിതാ, നീ പിശാചിന്റെ കൈകളിൽ പിടഞ്ഞുകൊണ്ടിരിക്കുകയാണ് എന്ന് നിനക്കറിയാമോ? നിന്റെ കോപം, വാശി, ദുശ്ശാഠ്യം, പിണക്കം, വൈരാഗ്യം, അശുദ്ധി, മദ്യപാനം, വെറിക്കൂത്ത്, അഹങ്കാരം, സ്വാർത്ഥത, വ്യഭിചാരം, ദുശ്ശീലങ്ങൾ, ദുഷ്ടത, വക്രത, പരദൂഷണം മുതലായ പാപങ്ങളിൽ നിന്നെ കുരുക്കി നിന്നെ ബന്ധിച്ച് നിന്നെ അർദ്ധപ്രാണനാക്കി, നിന്നെ മുടിച്ചുകൊണ്ടിരിക്കുകയാണ് എന്ന് നീ അറിയുന്നുണ്ടോ?

എങ്കിൽ ഇതാ, യേശു, ഈ നല്ല ശമരിയാക്കാരൻ, നിന്റെ അരികത്തു വന്നു നില്ക്കുന്നുണ്ട്. അവൻ നിന്നെ സൗജന്യമായി സഹായിക്കാൻ വന്നിരിക്കുകയാണ്. അവന്റെ തിരുരക്തം നിനക്കു തരും. ചാവാറായ നിന്റെ ശേഷിപ്പുകളെ യേശു ശക്തീകരിക്കും. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിന്റെമേൽ പകരും. യേശു നിന്നെ മാറോടണച്ച് തന്റെ വാഹനമൃഗത്തിൽ കയറ്റും. യേശു നിന്നെ വഴിയമ്പലത്തിലെത്തിക്കും.

വഴിയമ്പലം മുറിവേറ്റവന് ശുശ്രൂഷ നൽകുന്ന സ്തയകൂട്ടായ്മയാണ്. കൂട്ടായ്മയുടെ പിൻബലമില്ലാതെ ആത്മീയ ജീവിതം നയിക്കാൻ വളരെ പ്രയാസമാണ്.

വഴിയമ്പലക്കാരന്റെ കൈയിൽ നല്ല ശമരിയാക്കാരൻ രണ്ടു വെള്ളിക്കാശു എടുത്തുകൊടുത്തു. രണ്ടു വെള്ളിക്കാശു ഒരാൾക്ക് രണ്ടുമാസം ഒരു വഴിയമ്പലത്തിൽ താമസിക്കുവാൻ മതിയായ തുകയാണ്. രണ്ടു ദിവസത്തെ കൂലിയാണ് രണ്ടു വെള്ളിക്കാശ്.

പരിശുദ്ധാത്മാവ് നൽകുന്ന സ്നേഹവും വിശുദ്ധിയുമാണ് ഈ വെള്ളിക്കാശ് രണ്ടും. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണം മൂലം ഒരു വിശ്വാസി അനുഭവമാക്കുന്ന രണ്ടു മഹത്തായ അനുഭവങ്ങളാണ് സ്നേഹവും വിശുദ്ധിയും.

ഏതൊരു കൂട്ടായ്മയിലും സ്നേഹവും വിശുദ്ധുയും നിറഞ്ഞുനില്ക്കേണ്ടതത്രേ. എങ്കിൽ മാത്രമേ പരുക്കേറ്റ്, ശത്രുവിന്റെ ആക്രമണത്തിൽ തകർന്നു വരുന്നവർക്ക് ശുശ്രൂഷയും സഹായവും നൽകാൻ സാധിക്കുകയുള്ളൂ.

എന്റെ ഈ വാക്കുകളെ കേൾക്കുന്ന ആരെങ്കിലും ഏതെങ്കിലും സഭയോ കൂട്ടായ്മയോ നടത്തുന്നവരുണ്ടോ?

ഏതെങ്കിലും ആചാരങ്ങളോ ചടങ്ങുകളോ സമ്പ്രദായങ്ങളോ പരിശീലിപ്പിച്ച് ആത്മാക്കളെ രക്ഷിപ്പാൻ സാദ്ധ്യമല്ല. വേദശാസ്ത്രത്തിലെ ഉന്നത തത്ത്വങ്ങൾ അഭ്യസിച്ചതുകൊണ്ടോ അഭ്യസിപ്പിച്ചതുകൊണ്ടോ ആത്മാക്കളെ രക്ഷയിലേക്ക് നടത്താൻ സാധിക്കുകയില്ല.

ദൈവസ്നേഹവും ക്രിസ്തുവിന്റെ വിശുദ്ധിയും ആത്മാക്കൾക്ക് നൽകി അവരെ നിത്യജീവന്റെ തീരത്തെത്തിക്കാൻ സാധിക്കുകയുള്ളൂ. വിശ്വസ്തതയുള്ള വഴിയമ്പലക്കാരനായിരിക്കാൻ ശ്രദ്ധിക്കുക.

ഇവിടെ നാലുപേരെ നാം കാണുന്നു.

[redacted]



ഒന്ന് : കള്ളനും കവർച്ചക്കാരനും. അവൻെറ ആദർശം. "നിന്റേതെല്ലാം എന്റേത്; എന്റേത് നിനക്കില്ല" എന്നാണ്.

രണ്ടാമത് : പുരോഹിതനും ലേവ്യനും. "നിന്റേത് എനിക്കു വേണ്ടി; എന്റേതു നിനക്കുമില്ല."

മൂന്നാമത് : നല്ല ശമര്യാക്കാരൻ. "നിന്റേത് ഒന്നും എനിക്കു വേണ്ട; എന്റേതെല്ലാം നിന്റേത്."

നാലാമത് : "വഴിയമ്പലക്കാരൻ. നിന്റേത് എനിക്കു തന്നാൽ എന്റേത് നിനക്കു തരാം."

സ്നേഹിതരേ, കർത്താവായ യേശു തനിക്കുള്ളതെല്ലാം നമുക്കുവേണ്ടി തന്നു. സ്വർഗ്ഗീയ മഹിമാസനങ്ങൾ വെടിഞ്ഞു. മനുഷ്യസാദൃശ്യം എടുത്തു. വേഷത്തിൽ മനുഷ്യനായി, ക്രൂശിലെ മരണത്തോളം എല്ലാം ത്യജിച്ചു.

ഒടുവിൽ ഇതാ പറയുന്നു: "അധികം വല്ലതും ചെലവിട്ടാൽ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം."

> "യേശു മടങ്ങിവരും. അന്ന് കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയിലും ഉണ്ട്."
>
> യെശയ്യാ 62 : 11

> "ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്." വെളി. 22 : 12

യേശു വരാറായി. നീ ആത്മാക്കളെ രക്ഷിക്കാൻവേണ്ടി എന്തെല്ലാം ചെലവഴിച്ചിട്ടുണ്ട്. ദൈവവേലയ്ക്കുവേണ്ടി എന്ന് ത്യാഗം സഹിച്ചിട്ടുണ്ട്? എല്ലാറ്റിന്നും പ്രതിഫലം ലഭിക്കും.

[redacted]

മകനേ, പ്രിയ മകളേ, യേശുവിനെ എതിരേൽപ്പാൻ നീ ഒരുങ്ങിയോ? നീ നിന്നെത്തന്നെ വിശുദ്ധീകരിച്ചോ? ദൈവവേലയിൽ നീ വിശ്വസ്തതയോടെ അദ്ധ്വാനിച്ചുവോ?

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പത്ത്

ഞാൻ അനർത്ഥങ്ങൾ അവരുടെമേൽ കുന്നിക്കും; എന്റെ അസ്ത്രങ്ങൾ അവരുടെ നേരെ ചെലവിടും. ആവർത്തനം 32:23.

അപ്പോസ്തലനായ പൗലോസ് തന്റെ ജീവിതപ്രമാണം പറഞ്ഞു :

"ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും."

ശാന്തിയും സമാധാനവും ഇഹത്തിലും പരത്തിലും പ്രാപിക്കുന്ന സൗഭാക്യത്തിലേക്ക് അനേകായിരങ്ങളെ ആനയിക്കാൻ അപ്പോസ്തലനു സാധിച്ച് ഈ ജീവിതാദർശം മുറുടെ പിടിച്ചതുകൊണ്ടാണ്.

ഈ മഹത്തായ ചിന്താഗതിയിലേക്ക് വരാതിരിപ്പാൻ പൈശാചികൻ അനേകരെ വഴിതെറ്റിക്കും. പാപത്തിന്റെയും ശാപത്തിന്റെയും ഊരാക്കുരുക്കിൽ സാത്താൻ അവരെ ബന്ധിച്ചിടും. പിശാചിനിടം കൊടുത്തു പാപത്തിനടിമപ്പെട്ട് ജീവിക്കുന്നവരുടെമേൽ ദൈവത്തിന്റെ ക്രോധം അനിവാര്യമായും ജ്വലിക്കും.

51

ഭയാനകമായ ന്യായവിധിയുടെ ഘോരമായ അനുഭവം അവർക്ക് അഭിമുഖികരിക്കേണ്ടിവരും.

അവരെക്കുറിച്ച് നിത്യനായ ദൈവം അരുളിച്ചെയ്യുന്നത്:

“ഞാൻ അനർത്ഥങ്ങൾ അവരുടെമേൽ കുന്നിക്കും. എന്റെ അസ്ത്രങ്ങൾ അവരുടെ നേരെ ചെലവിടും.”

“I will reap calamities upon them; and s[end my arrows against them.”

ഈ അരുളപ്പാടിനുമുമ്പ് ദൈവം തൻരെ ജനത്തെ ശാസിക്കുന്നുണ്ട്.

> “അവർ അവനോട് വഷളത്വം കാണിച്ചുച അവർ അവന്റെ മക്കളല്ല, സ്വയകളങ്കമത്രേച വക്രതയും കോട്ടവുമുള്ള തലമുറ. ഭോഷത്വവും അജ്ഞാനവുമുള്ള ജനമേ, ഇങ്ങനെടോ നിങ്ങൾ യഹോവക്കു പകരം കൊടുക്കുന്നത്? തന്നെ ഉണ്ടാക്കിയ ദൈവത്തെ അവൻ ത്യജിച്ചു. തന്റെ രക്ഷയുടെ പാറയെ നിരസിച്ചു. അവൻ അന്യദൈവങ്ങളാൽ അവനെ ക്രുദ്ധിപ്പിച്ചു, മ്ലേച്ഛതകളാൽ അവനെ കോപിപ്പിച്ചു. അവൻ ദുർഭൂതങ്ങൾക്ക്, ദൈവമല്ലാത്തവെക്കു തങ്ങൾ അറിയാത്ത ദേവന്മാർക്ക് ബലികഴിച്ചു. അവരുടെ പിതാക്കന്മാർ അവയെ ഭജിച്ചിട്ടില്ല. അവ നൂതനമായി ഉത്ഭവിച്ച നവീനമൂർത്തികൾ അത്രേ. നിന്നെ ജനിപ്പിച്ച പാറയെ നീ വിസ്മരിച്ചു നിന്നെ ഉല്പാദിപ്പിച്ച ദൈവത്തെ മറന്നുകളഞ്ഞു. യഹോവ കണ്ട് അവരെ തള്ളിക്കളഞ്ഞു. തന്റെ പുത്രീപുത്രന്മാരോടുള്ള നിരസത്താൽ തന്നേ. അവൻ അരുളിച്ചെയ്തത്: ഞാൻ എന്റെ മുഖം അവർക്ക്

മറെക്കും; അവരുടെ അന്തം എന്തു എന്ന് ഞാൻ നോക്കും. അവർ വക്രതയുള്ള തലമുറ, നേരില്ലാത്ത മക്കൾ. ദൈവമല്ലാത്തതിനെക്കൊണ്ട് എനിക്ക് എരിവു വരുത്തി, മിത്ഥ്യാമൂർത്തികളാൽ എന്നെ മുഷിപ്പിച്ചു.... എന്റെ കോപത്താൽ തീ ജ്വലിച്ചു പാതാളത്തിൻരെ ആഴത്തോളം കത്തും; ഭൂമിയെയും അതിന്റെ അനുഭവത്തെയും ദഹിപ്പിച്ചു, പർവ്വതങ്ങളുടെ അടിസ്ഥാനങ്ങളെ കരിച്ചുകളയും."

ആവ. 32 : 5 – 22

വീണ്ടും കർത്താവ് അരുളിച്ചെയ്യുന്നു:

"അവർ വിശപ്പുകൊണ്ട് ക്ഷയിക്കും; ഉഷ്ണരോഗത്തിന്നും വിഷവ്യാധിക്കും ഇരയാകും. മൃഗങ്ങളുടെ പല്ലും പന്നഗങ്ങളുടെ വിഷവും ഞാൻ അവരുടെ ഇടയിൽ അയയ്ക്കും.... അവർ ആലോചനയില്ലാത്ത ജാതി; അവർക്കു വിവേകബുദ്ധിയില്ല... ഇത് എന്റെ അടുക്കൽ സംഗ്രഹിച്ചും എൻ ഭണ്ഡാരത്തിൽ മുദ്രയിട്ടും ഇരിക്കുന്നില്ലയോ? ...യഹോവ തന്റെ ജനത്തെ ന്യായം വിധിക്കും. ...എന്റെ മിന്നലാം വാൾ ഞാൻ മൂർച്ചയാക്കി എൻ കൈ ന്യായവിധി തുടങ്ങുമ്പോൾ ഞാൻ ശത്രുക്കളിൽ പ്രതികാരം നടത്തും. എന്നെ ദ്വേഷിക്കുന്നവർക്കു പകരം വീട്ടും."

ആവ. 32 : 24 – 42

ഈ ഭൂമിയിലെ ആയുഷ്ക്കാലത്തിൽവെച്ച് നിത്യജീവനുവേണ്ടി ചെലവഴിക്കുകയും ദൈവനാമ മഹത്ത്വത്തിനുവേണ്ടി വേർതിരിക്കുകയും ചെയ്യാത്ത മനുഷ്യൻ നിത്യന്യായവിധിക്ക് വിധേയനാകും. ഇവിടെവെച്ച് ദൈവത്തോട് നിരപ്പ് പ്രാപിക്കാൻ കർത്താവ് നമുക്കുവേണ്ടി എല്ലാം നിർവ്വഹിച്ചിട്ടുണ്ട്. മനുഷ്യനെ

ദൈവത്തോട് നിരപ്പിക്കാൻ ദേവത്തിന്റെ ഏകജാതനായ തിരുക്കുമാരൻ ക്രൂശിൽ മരിച്ചു.

ഒരു കൈ നിത്യനായ ദൈവത്തിങ്കലേക്കും മറ്റേ കൈ പാപ്യായ മനുഷ്യനിലേക്കും നീട്ടിക്കൊണ്ട് ക്രിസ്തു ക്രൂശിൽ കിടന്ന് നമ്മുടെ പാപങ്ങളുടെ ശിക്ഷ വഹിച്ചു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏക മദ്ധ്യസ്ഥനായി ക്രിസ്തു പാപിക്കുവേണ്ടി ഇടനിലനിന്നു.

ഈ മഹാഭാഗ്യം അനുഭവിക്കുന്ന മനുഷ്യൻ മേലിൽ പാപം ചെയ്യുകയില്ല. നീതികെട്ടവനായ എന്നെ നിതിമാനാക്കുവാൻ നീതിമാനായവൻ നീതികെട്ടവനായ എന്റെ അനീതിയെല്ലാം ഏറ്റെടുത്ത് നീതികെട്ടവനെപ്പോലെ ക്രൂശിൽ മരിച്ചു. ഇക്കാര്യം വിശ്വസിക്കുന്ന യാതൊരാളും ആ ക്രൂശിലെ സ്നേഹത്തെ കണ്ടിട്ട് പിന്നെയും പാപത്തിലേക്ക് പോവുകയില്ല.

ഈ കൃപയുടെ പെട്ടകം തുറന്നുവെച്ചിട്ട് അകത്തുകടക്കാൻ മനസ്സില്ലാതെ നിന്നാൽ അനുഭവിക്കുന്നത് ഘോരപ്രളയത്തിന്റെ ഭീകരമായ ശിക്ഷാവിധിയായിരിക്കും.

അതത്രേ നിത്യനായ ദൈവം കല്പിക്കുന്നത്:

"ഞാൻ അനർത്ഥങ്ങൾ അവരുടെമേൽ കുന്നിക്കും. എന്റെ അസ്ത്രങ്ങൾ അവരുടെ നേരെ ചെലവിടും."

അനേക നാളുകൾ മരണശേഷം ഒരു നിത്യതയുണ്ടെന്നോ ഒരു ന്യായവിധിയുണ്ടെന്നോ സ്വർഗ്ഗമുണ്ടെന്നോ നരകമുണ്ടെന്നോ ഒന്നും ചിന്തിക്കാതെ കഴിഞ്ഞയാളാണ് കോലഞ്ചേരിയിൽ ഹാർഡ് വെയർ ബിസിനസ്സ് നടത്തുന്ന ബിജി. ഈ യൗവ്വനക്കാരന്റെ ജീവിതത്തിൽ നിത്യതയുടെയും ന്യായവിധിയുടെയും മറ്റും ഒരു കാഴ്ചപ്പാട് കിട്ടിയതെങ്ങനെയെന്ന് നമുക്ക് ചോദിച്ചറിയാം:

ബിജിയുടെ ജീവിതത്തിലെ ആരംഭകാലങ്ങളെക്കുറിച്ച് ഒന്നു വിവരിക്കാമോ?

ഞാൻ കടമറ്റംപള്ളി ഇടവകാംഗമാണ്. യാക്കോബായ സഭയിലെ വളരെ സമുദായസ്പിരിറ്റുള്ള ഒരു കുടുംബമാണ് എന്റേത്.

എന്റെ വന്ദ്യപിതാന് നല്ല മതഭക്തിയുള്ള ആളാണ്. രണ്ടുനേരവും നമസ്ക്കാരം, നോമ്പ്, പള്ളിയാരാധന, സണ്ടെസ്കൂൾ എന്നിവയിലെല്ലാം അപ്പൻ എന്നെ ഉത്സാഹിപ്പിച്ചിരുന്നു. പള്ളിയോടും ബഹുമാന്യരായ വൈദികരോടും നല്ല അടുത്ത ബന്ധമാണ് എനിക്കുണ്ടായിരുന്നത്.

പക്ഷേ പള്ളിയിലും സണ്ടെസ്കൂളിലും ആത്മീയ പ്രവർത്തനരംഗങ്ങളൊന്നലുംതന്നെ ഒരു ദൈവഭയമോ, തെറ്റു കൂടാതെ ജീവിക്കണമെന്ന നിർബ്ബന്ധമോ, സ്വർഗ്ഗമുണ്ട്, നരകമുണ്ട് എന്ന ബോദ്ധ്യമോ ഞാൻ കണ്ടിരുന്നില്ല. തൻമൂലം പല ചീത്ത കൂട്ടുകെട്ടുകളിൽ മുഴുകുവാൻ തുടങ്ങി. മദ്യപാനം, പുകവലി, സിനിമ, ചീട്ടുകളി എന്നിങ്ങനെ വളരെ വൃത്തികെട്ട ഒരു ജീവിത്തിലേക്ക് ഞാൻ വഴുതിപ്പോയി.

മ്ലേച്ഛമായ പടങ്ങൾ കണ്ടു രസിച്ചും കൂട്ടുകാർ കൂടി അസഭ്യസംഭാഷണങ്ങളിൽ രസിച്ചും ലജ്ജാകരമായ ഒരു ജീവിതം ഞാൻ നയിച്ചു. ഒരു ലാക്കും ലക്ഷ്യവുമില്ലാത്ത ജീവിതം മൂലം എന്റെ പഠിത്തവും ഉഴപ്പിക്കളഞ്ഞു. കോളേജിൽ കുറെക്കാലം പഠിച്ചതല്ലാതെ എന്റെ സഹോദരിമാരേപ്പോലെ നല്ല നിലവാരത്തിൽ പഠിച്ച് ഉയരാൻ എനിക്ക് കഴിയാതെ പോയി.

പ്രത്യേക കാരണം പറയാനറിഞ്ഞുകൂടാ, എന്റെ ഹൃദയം തീരെ അസ്വസ്ഥമായി. ഒരു സമാധാനവുമില്ലാത്ത അവസ്ഥ. ഏതോ ഒരു ശൂന്യസ്ഥിതി. ഭയങ്കരമായ കോപവും വാശിയും എന്നെ

വിട്ടുപിരിയാതായി. മാതാപിതാക്കളോട് ഞാൻ ഭയങ്കരമായി കോപിക്കുമായിരുന്നു. എന്റെ ജീവിതം നശിക്കുകയാണെന്ന് ഞാനറിഞ്ഞില്ല.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്.?

എന്റെ ഒരു സ്നേഹിതന്റെ നിർബ്ബന്ധപ്രകാരം ഞാനൊരു വചനശുശ്രൂഷയിൽ സംബന്ധിച്ചു. അവിടെവെച്ച് ഞാൻ ആദ്യമായി കേട്ടു, ഒരു നിത്യതയുണ്ടെന്ന്; സ്വർഗ്ഗവും നരകവുമുണ്ടെന്ന്. പാപിയെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ടെന്ന് ഞാൻ ആദ്യമായി കേട്ടു. എന്റെ പോക്ക് നിത്യനരകത്തിലേക്കാണെന്ന് ഞാനന്ന് മനസ്സിലാക്കി. അവിടെവെച്ച് ഞാനെന്റെ ജീവിതം കർത്താവിനായി സമർപ്പിച്ചു. അതോടുകൂടെ എന്റെ പ്രകടമായ പാപങ്ങളോട് യാത്ര പറയുവനാൻ ദൈവം കൃപ തന്നു.

അതിനുശേഷമുള്ള അനുഭവമെന്തായിരുന്നു?

ഞാൻ പിന്നീട് സാറിന്റെ വീട്ടിൽവെച്ച് നടക്കുന്ന പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങി. അവിടെവെച്ച് അനേകംപേർ ജീവിതാനുഭവങ്ങൾ സാക്ഷിക്കുന്നതും പ്രസംഗിക്കുന്നതും ഞാൻ കേട്ടു. ആദ്യമൊന്നും എനിക്കു മനസ്സിലായില്ല. മനുഷ്യന്റെ പുറമേയുള്ള പാപങ്ങൾ മാറിയാൽ മാത്രം പോരാ, ഹൃദയപാപങ്ങളും സ്വഭാവവും മാറണമെന്നു കേട്ടത് എനിക്കൊരു പുതുമയായി. ഇത് എന്റെ ജീവിതത്തിൽ അസാദ്ധ്യമെന്നുതന്നെ ഞാൻ കരുതി.

പിന്നെ ഈ വിശുദ്ധജീവിതം സാദ്ധ്യമാണെന്ന് എങ്ങനെ മനസ്സിലായി?

ഞാൻ മടുത്തുപോകാതെ വചനം കേൾക്കാൻ വന്നുകൊണ്ടിരുന്നു. ഓരോ യോഗവും കഴിയുമ്പോൾ എന്റെ വിശ്വാസവും

പ്രത്യാശയും വർദ്ധിച്ചുവന്നു. അപ്പോഴാണെനിക്കു മനസ്സിലായത് എനിക്ക് അസാദ്ധ്യമായത് സാധിപ്പിച്ചു തരാൻ പരിശുദ്ധാത്മാവ് ഈ കൂട്ടായ്മയിൽ ഇറങ്ങിനിന്ന് പ്രവർത്തിക്കുന്നുണ്ടെന്ന്.

അശുദ്ധിയും അഴുക്കും ചിന്തിച്ച് രസിച്ചിരുന്ന എന്റെ ഹൃദയത്തെ ദൈവം നിയന്ത്രിക്കാൻ തുടങ്ങി. അഴുക്കായ സ്വപ്നങ്ങൾപോലും മാറിപ്പോയി. എന്റെ നോട്ടത്തെ നിയന്ത്രിക്കാൻ കർത്താവ് കൃപ തന്നു. പൊട്ടിത്തെറിച്ച് കോപിക്കുന്ന എന്റെ ഉഗ്രസ്വഭാവം കർത്താവ് മാറ്റിത്തന്നു. വർണ്ണിക്കാനാവാത്ത സമാധാനം എന്റെ ഉള്ളത്തെ നിറച്ചു. എന്റെ ഹൃദയത്തിന്റെ ശൂന്യതയിൽ ക്രിസ്തു വന്നു നിറഞ്ഞു. എന്റെ പഴയ കൂട്ടുകെട്ടുകൾ മാറി. വർഷങ്ങളായി എന്റെ വീട്ടിലുണ്ടായിരുന്ന കടമറ്റംസേവ കർത്താവ് മാറ്റി. അതുമൂലം എന്റെ കുടുംബത്തിൽ വന്ന ശാപങ്ങളും കർത്താവ് മാറ്റി.

ഇപ്പോഴത്തെ അനുഭവമെന്താണ്?

ഇന്ന് ക്രിസ്തുവും കർത്താവിന്റെ മക്കളും ദൈവത്തിന്റെ വചനവും ഈ അനുഗൃഹീതമായ കൂട്ടായ്മയും എന്റെ പ്രമോദവും അഭിമാനവുമാണ്. ഞങ്ങൾ കുടുംബമായി ഈ കൂട്ടായ്മയോടു ചേർന്നുനില്ക്കുന്നു. കുടുംബത്തിൽ വലിയ സമാധാനവും സ്വസ്ഥതയും ഞങ്ങൾ അനുഭവിക്കുന്നു. വിശുദ്ധജീവിതം എന്തു ഭാഗ്യമാണെന്ന് ഇന്ന് ഞങ്ങൾ അറിയുന്നു.

എന്റെ പാപങ്ങളും ശാപങ്ങളും തൻരെ തിരുരക്തത്താൽ കഴുകി മായിച്ചുതന്ന കരുണയുള്ള കർത്താവിന്റെ ഒരു വിശുദ്ധ സാക്ഷിയായി അന്ത്യത്തോളം നിൽക്കണമെന്ന ഏകലക്ഷ്യത്തോടെ കർത്താവിന്റെ വേല ചെയ്ത് ശാന്തതയുള്ള ഒരു കുടുംബജീവിതം ഇന്ന് അനുഭവിക്കുന്നു.

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, ദൈവിക ന്യായവിധി

യിൽനിന്ന് ഒഴിവാകാൻ അതിവേഗം ദൈവവുമായി നിരന്നു കൊൾവിൻ. ദൈവത്തിന്റെ ക്രോധം നിന്റെമേൽ ചെലവഴിക്കുന്നതിനുമുമ്പ് ദൈവസന്നിധിയിൽ നിന്റെ പാപത്തെ ഓർത്ത് അനുതപിക്കുവിൻ. ദൈവതിരുമുമ്പാകെ കുറ്റമറ്റ ഒരു ജീവിതം നയിക്കുവാൻ തീരുമാനിക്കുമെങ്കിൽ അപ്പോസ്തലനായ പൗലോസിനോട് ചേന്നുനിന്നു പറയാം:

"ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആര്? സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവൻ തന്നേ; അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?"

> "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലൊ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."
>
> റോമർ 8 : 31 – 39

[redacted]



സ്നേഹിതരേ, ന്യായവിധി ഒഴിവാകുമ്പോഴുള്ള ദൈവസ്നേഹത്തിന്റെ പ്രവാഹമത്രേ ഈ വാക്കുകൾ. ദൈവക്രോധം നിന്റെ മേൽ ചെലവഴിക്കപ്പെടാതിരിപ്പാൻ തക്കവണ്ണം പാപങ്ങൾ അനുതാപത്തോടെ ഏറ്റുപറഞ്ഞുപേക്ഷിച്ച് പുതിയ ജീവിതം നയിക്കാൻ തുടങ്ങുമ്പോൾ ലഭിക്കുന്ന ദൈവസ്നേഹപ്രവാഹമത്രേ ഈ വാക്കുകൾ.

പ്രിയ സഹോദരാ, മാന്ട സഹോദരീ, ഈ മഹാഭാഗ്യത്തിന് നിനക്ക് കൊതിയുണ്ടോ? എങ്കിൽ ഇപ്പോൾത്തന്നെ നിന്റെ അരികത്തുനില്ക്കുന്ന ക്രിസ്തുവിനോടു നീ പറയൂ:

നാഥാ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

[redacted]

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 7.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ<br>ശനി | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

# CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

[redacted]

| | | |
|---|---|---|
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയക്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്. സി. എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ. എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ. എം. സി. എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● 6.30 PM – 8.30 PM | വൈ. എം. സി. എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | 6.00 PM – 8.0 PM | വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ. പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ. വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |